കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

WWW.ksad.kerala.gov.in

# കാസറഗോഡ് നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കാസർഗോഡ് നഗരസഭ ഓഡിറ്റ് കാര്യാലയം

e-mail : mlksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെഎസ്എ/കെഎസ്എം.2- 159/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യലയം,
കാസർഗോഡ് നഗരസഭ.
ഫോൺ : 04994-231260

ഇ-മെയിൽ:mlksd.ksad@kerala.gov.in

തീയതി : 31.01.2017

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

നഗരസഭ ഓഡിറ്റ് , കാസർഗോഡ്.

ചെയർപേഴ്സൺ (സെക്രട്ടറി മുഖാന്തിരം),

കാസർഗോഡ് നഗരസഭ.

സർ,

വിഷയം : കാസർഗോഡ് നഗരസഭ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

..................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള നഗരപാലിക നിയമം 295(4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസർഗോഡ് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം രേഖാമൂലം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14(3), 15) ഓഡിറ്റ് റിപ്പോർട്ട് വാർഡ് സഭയിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെട്ട പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 223, 1997 ലെ കേരള മുനിസിപ്പാലിറ്റി - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും -ചട്ടം 15(1), (2) എന്നിവ കൂടി കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ്

1 . സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2 . ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3 . ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4 . റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

5 . കാര്യാലയ പകർപ്പ്

നം. കെഎസ്എ/കെഎസ്എം.2- 159/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കാസർഗോഡ് നഗരസഭ

ഫോൺ : 04994-231260

ഇ-മെയിൽ: mlksd.ksad@kerala.gov.in

തീയതി:31.01.2017

## കാസർഗോഡ് ജില്ലയിലെ കാസർഗോഡ് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള നഗരപാലിക നിയമം - വകുപ്പ് 295(4) 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കാസർഗോഡ് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വരവ് -ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, KLGSDP ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് , കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

കാസർഗോഡ് നഗരസഭയുടെ 01.04.2015. മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതാതു സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 53 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടികൾ കൂടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട പരാമർശങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ വിവിധ കാരണങ്ങളാൽ 88,770/- രൂപ വരവിനത്തിൽ നഷ്ടമുണ്ടായതും, 13,70,493/-രൂപ ചെലവിനത്തിൽ അംഗീകരിക്കാത്തതും/നഷ്ടമുണ്ടായതും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 67,17,370/- രൂപ വിവിധ കാരണങ്ങളാൽ തടസത്തിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാകാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. പി.മോഹനൻ, ഡെപ്യൂട്ടി ഡയറക്ടർ,

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20.08.2016 മുതൽ 28.01.2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| 1. ശ്രീ.ആർ.ചക്രേശ്വര | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) | 20.08.2016മുതൽ 15.10.16 വരെ |

| | | |
|---|---|---|
| 2. ശ്രീമതി.ആശ.എം.വി | ഓഡിറ്റ് ഓഫീസർ | 10.11.2016 മുതൽ 28.01.2017 വരെ |
| 3. ശ്രീ.ഗോപാലകൃഷ്ണ നായിക്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 20.08.2016മുതൽ 28.12.2016 വരെ |
| 4. ശ്രീ.എം.ബാബു. | സീനിയർ ഗ്രേഡ് ഓഡിറ്റർ | 20.08.2016മുതൽ 28.12.2016 വരെ |
| 5. ശ്രീ.ജനാർദ്ദനൻ.സി | ഓഡിറ്റർ | 20.08.2016മുതൽ 28.12.2016 വരെ |

(ബി) നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. ടി.ഇ.അബ്ദുള്ള | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.ബീഫാത്തിമ ഇബ്രാഹിം | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.പി.വിനയൻ | 01.04.2015 മുതൽ 31.03.2016 വരെ |

സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർ

| ക്രമ നമ്പർ | പേര് | സ്റ്റാന്റിങ്ങ് കമ്മിറ്റി | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി.താഹിറ സത്താർ | ധനകാര്യം | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ.എൽ.എ.മഹമൂദ് | | 12.11.2015 മുതൽ 3.03.2016 വരെ |
| 2 | ശ്രീ.അബ്ബാസ് ബീഗം | വികസനകാര്യം | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.ഫർസാന ഷിയാബുദ്ദീൻ | | 12.11.2015 മുതൽ 31.03.2016 വരെ |
| 3 | ശ്രീമതി.ആയിഷത്ത് റുമൈസ റഫീഖ് | ക്ഷേമകാര്യം | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ.വിശ്വനാഥൻ.കെ | | 12.11.2015 മുതൽ 31.03.2016 വരെ |
| 4 | ശ്രീ.അബ്ദുൾ റഹ്മാൻ കുഞ്ഞ് | ആരോഗ്യകാര്യം | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.ശ്രീലത.എം | | 12.11.2015 മുതൽ 31.03.2016 വരെ |
| 5 | ശ്രീമതി.സൈബുന്നീസ ഹനീഫ് | മരാമത്ത് | 01.04.2015 മുതൽ |

| | | | |
|---|---|---|---|
| | | | 31.10.2015 വരെ |
| | കുമാരി.നൈമുന്നിസ.എം | | 12.11.2015 മുതൽ 31.03.2016 വരെ |
| 6 | ശ്രീ.ജി.നാരായണൻ | വിദ്യാഭ്യാസം, കല, കായികം | (01.04.2015 മുതൽ 31.10.2015 വരെ) |
| | ശ്രീമതി.മിസിരിയ ഹമീദ് | | 12.11.2015 മുതൽ 31.03.2016 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥൻമാർ

| ക്രമ നമ്പർ | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | മുനിസിപ്പൽ സെക്രട്ടറി | കെ.പി.വിനയൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | കെ.എം.ബാലകൃഷ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 3 | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | കെ.വി.ലീല | 01.04.15 മുതൽ 31.03.16 വരെ |
| 4 | ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.എസ്.വിജയ | 01.04.15 മുതൽ 31.03.16 വരെ |
| 5 | ഹോമിയോ മെഡിക്കൽ ഓഫീസർ | ഡോ.പ്രശാന്ത് | 01.04.15 മുതൽ 31.03.16 വരെ |
| 6 | പട്ടികജാതി വികസന ഓഫീസർ | ബഷീർ.പി.വി | 01.04.15 മുതൽ 31.03.16 വരെ |
| 7 | ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.എസ്. കാസർഗോഡ് | അനിതാഭായ് | 01.04.15 മുതൽ 31.03.16 വരെ |
| 8 | സി.ഡി.എസ്. മെമ്പർ സെക്രട്ടറി, | കെ.പി.രാജഗോപാലൻ | 01.04.15 മുതൽ 31.03.16 വരെ |
| 9 | ഹെൽത്ത് സൂപ്പർവൈസർ | സി.കെ.ബുധരാജ് | 01.04.15 മുതൽ 31.03.16 വരെ |
| 10 | ഫിഷറീസ് ഇൻസ്പെക്ടർ | രാജൻ | 01.04.15 മുതൽ 31.03.16 വരെ |
| 11 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗിരിജ.കെ.വി. | 01.04.15 മുതൽ 31.03.16 വരെ |
| 12 | വെറ്ററിനറി സർജൻ | ഡോ.വസന്തനായ്ക്ക് | 01.04.15 മുതൽ 31.03.16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലുഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | പൊതു അവലോകനം | 1-12 |
| | ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല – മുനിസിപ്പാലിറ്റിക്ക് ലക്ഷങ്ങളുടെ നഷ്ടം | 2-1 |
| 14 | വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 2-2 |
| 15 | കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണം കണക്കാക്കാതെ മുറികളുടെ തറവിസ്തീർണം കണക്കാക്കി വസ്തു നികുതി ചുമത്തിയത് -അപാകതകൾ | 2-3 |
| 16 | കെട്ടിട നിർമാണം - നിലവിലുള്ള കെട്ടിടത്തിന് കൂട്ടിച്ചേർക്കലും വസ്തു നികുതി കണക്കാക്കലും - പഴയ കെട്ടിടത്തിന്റെ വസ്തു നികുതി പരിഷ്കരിച്ചിട്ടില്ല. | 2-4 |
| 17 | വസ്തു നികുതി കണക്കാക്കിയതിൽ കുറവ് - നഗരസഭയ്ക്ക് വൻ വരുമാന നഷ്ടം | 2-5 |
| 18 | ബിൽഡിംഗ് പെർമിറ്റ് യഥാസമയം പുതുക്കുന്നില്ല -പൂർത്തീകരണ വിവരം ലഭ്യമാക്കുന്നില്ല – വസ്തുനികുതി ഇനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം | 2-6 |
| 19 | വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല – 390/- രൂപ നഷ്ടം | 2-7 |
| 20 | നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-8 |
| 21 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കിയില്ല | 2-9 |
| 22 | തൊഴിൽ നികുതി – റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നില്ല | 2-10 |

| | | |
|---|---|---|
| 23 | നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-11 |
| 24 | പഴയ ബസ് സ്റ്റാന്റിലെ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വർഷങ്ങളായി ഒഴിച്ചിട്ടിരിക്കുന്നു – നഗരസഭയ്ക്ക് വരുമാന നഷ്ടം | 2-12 |
| 25 | പുതുതായി പണിത മത്സ്യമാർക്കറ്റ് ലേലം - ലേല ഉടമ്പടിയിൽ വൈദ്യുതി ചാർജ് ഒടുക്ക് വിഷയം ഉൾപ്പെടുത്തിയിട്ടില്ല -അധിക ചെലവ് | 2-13 |
| 26 | ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ | 2-14 |
| 27 | പ്യൂർ വാട്ടർ കുടിവെള്ള വിതരണ പദ്ധതി -നഗരസഭയ്ക്ക് ലഭിക്കേണ്ട തുക പൂർണമായും ഈടാക്കിയിട്ടില്ല | 2-15 |
| 28 | വ്യവസായ എസ്റ്റേറ്റിൽ സ്ഥലം ലീസിന് നൽകിയത് - അഞ്ച് സെന്റിനു പകരം അര ഏക്കർ ഉപയോഗിച്ചു – നഗരസഭ നടപടി സ്വീകരിക്കുന്നില്ല | 2-16 |
| | ഭാഗം 3<br>ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 29 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നഗരസഭയിൽ സുതാര്യമല്ല | 3-1 |
| 30 | നഗരസഭയിൽ വാർഡ് സഭ യോഗം കൃത്യമായി ചേരുന്നില്ല | 3-2 |
| 31 | വനിതകൾക്ക് വീട് പുനരുദ്ധാരണ ധനസഹായം -സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച രേഖകളില്ലാതെ പണം നൽകിയത് - അംഗീകരിക്കുന്നില്ല | 3-3 |
| 32 | ഭവന നിർമാണം - നിർമാണ ഘട്ടം പൂർത്തിയാക്കാത്ത ഗുണഭോക്താവിന് അടുത്ത ഗഡുക്കൾ നൽകിയത് - അംഗീകരിക്കുന്നില്ല :- | 3-4 |
| 33 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-5 |
| 34 | ആശ്രയ ഭവന പദ്ധതി - പാതി വഴിയിൽ - ലക്ഷങ്ങൾ ചെലവഴിച്ചത് പാഴാകുന്നു. | 3-6 |
| 35 | ഭവന നിർമാണ ആനുകൂല്യം - ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ചെലവഴിക്കാതെ ഡി.ഡി.യാക്കി കൈവശം സൂക്ഷിക്കുന്നു | 3-7 |
| 36 | ജനസേവന കേന്ദ്രത്തിന് യു.പി.എസ് സംവിധാനം സ്ഥാപിക്കുന്നതിനായി വാങ്ങിയ ബാറ്ററികളിൽ ഒരെണ്ണം കാണാനില്ല | 3-8 |
| 37 | ചെയ്യാത്ത പ്രവൃത്തിക്ക് പണം നൽകിയത് - അംഗീകരിക്കുന്നില്ല | 3-9 |
| 38 | അഡ്വാൻസ് തുകകൾ ക്രമപ്പെടുത്തിയിട്ടില്ല -സർക്കാർ ഉത്തരവ് ലംഘനം - മുൻകൂർ തുക പലിശ സഹിതം ഈടാക്കേണ്ടതാണ് | 3-10 |
| 39 | റോഡ് പ്രവൃത്തികൾക്ക് ടാർ നൽകിയത് - ടാറിന്റെ അധികവില ട്രഷറിയിൽ നിന്ന് പിൻവലിച്ച് മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയതിൽ കുറവ് - നഷ്ടം -32,898/- രൂപ | 3-11 |

| | | |
|---|---|---|
| 40 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് - ഭീമമായ ചെലവ് -കത്താത്ത വിളക്കുകൾക്കും ചാർജ് ഒടുക്കുന്നു- ചെലവു ചുരുക്കാൻ നടപടി സ്വീകരിച്ചു കാണുന്നില്ല | 3-12 |
| 41 | കുടിവെള്ള പദ്ധതികളുടെ (ജനറൽ) വൈദ്യുതി ചാർജ് നഗരസഭ ഒടുക്കുന്നത് - ലക്ഷങ്ങളുടെ നഷ്ടം | 3-13 |
| 42 | വർഷങ്ങൾക്ക് മുൻപ് പൊളിച്ചു മാറ്റിയ ബയോഗ്യാസ് പ്ലാന്റിന്റെ വൈദ്യുതി കരം ഒടുക്കുന്നത് - അംഗീകരിക്കുന്നില്ല. | 3-14 |
| 43 | പാലികാ ഗൃഹം -ജീവനക്കാരുടെ ഹോസ്റ്റൽ - വൈദ്യുതി ചാർജ് ഈടാക്കുന്നില്ല | 3-15 |
| 44 | ടച്ച് സ്ക്രീൻ & ഡിസ്പ്ലേ ബോർഡ് വാങ്ങിയത് - ഉപയോഗശൂന്യമായി സ്റ്റോർ റൂമിൽ കിടക്കുന്നു | 3-16 |
| 45 | നിശ്ചിത തീയതിയ്ക്കകം കരാർ വെയ്ക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല | 3-17 |
| 46 | നഗരസഭയുടെ മിനറൽ വാട്ടർ സപ്ലൈ പദ്ധതി - കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ/സാമ്പത്തിക മിച്ചം ലഭിച്ചതായി കാണുന്നില്ല. | 3-18 |
| 47 | വാർഡ് സഭ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങിയത് - വാർഡ് സഭ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യാതെ ഗോഡൗണിൽ പൊടിപിടിച്ചു കിടക്കുന്നു | 3-19 |
| 48 | പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും വിരമിച്ച ജീവനക്കാരനെ വർഷങ്ങളോളം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത് - സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം. | 3-20 |
| 49 | പ്രധാനമന്ത്രി ആവാസ് യോജന ഭവന പദ്ധതി ആരംഭിച്ചിട്ടില്ല | 3-21 |
| 50 | പുതിയ ബസ് സ്റ്റാന്റിൽ സ്ഥാപിച്ച ഇ ടോയ് ലറ്റ് സംവിധാനം - പരാജയം | 3-22 |
| 51 | മെറ്റൽ പ്രൈമർ ഉപയോഗിക്കുന്നില്ല – ഷീറ്റ് റൂഫിംഗ് – തുരുമ്പെടുത്ത് നശിക്കുന്നു. | 3-23 |
| 52 | വസ്തു നികുതി കമ്പ്യൂട്ടർവൽകരണം പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-24 |
| 53 | ഭവന നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല | 3-25 |
| 54 | ഓടകൾ വൃത്തിയാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-26 |
| 55 | വാട്ടർ ചാർജ് - പൊതു വാട്ടർ ടാപ്പുകൾ സംയുക്ത പരിശോധന നടത്തുന്നില്ല | 3-27 |
| 56 | ഇന്റർലോക്കിംഗ് ടൈൽ വിരിക്കൽ - കൂടിയ നിരക്കിൽ നിരീക്ഷണ ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കി | 3-28 |
| 57 | ഐ.എച്ച്.എസ്.ഡി.പി - ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല | 3-29 |
| 58 | ഖരമാലിന്യ സംസ്കരണ പദ്ധതി - നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. | 3-30 |

| | | |
|---|---|---|
| 59 | റോഡ് പ്രവൃത്തികൾക്ക് എം.ആർ.പി.എൽ- നിന്ന് ബിറ്റുമിൻ വാങ്ങിയത് - ബാക്കി തുക തിരികെ ലഭ്യമായിട്ടില്ല | 3-31 |
| 60 | വാണിജ്യകെട്ടിടങ്ങൾ പാർക്കിംഗിനായി നിയമാനുസൃതം മാറ്റിവച്ച സ്ഥലം - പാർക്കിംഗിന് പകരം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു - നഗരസഭ നടപടി സ്വീകരിക്കുന്നില്ല | 3-32 |
| 61 | ടാറിന്റെ അധിക വില – മെയിന്റനൻസ് ഫണ്ട് (റോഡ്) വിഹിതത്തിൽ നിന്നും പിൻവലിച്ച തുക – സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. | 3-33 |
| | ഭാഗം 4<br>ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 62 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം | 4-1 |
| 63 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 64 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 65 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 66 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 67 | ഓഡിറ്റ് റിക്കവറി | 4-6 |
| 68 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 69 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 70 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 71 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 72 | കെട്ടിട നിർമാണ പെർമിറ്റ് പുതുക്കാത്ത/പൂർത്തീകരണ വിവരം നഗരസഭയെ അറിയിക്കാത്ത കെട്ടിട ഉടമകളുടെ വിവരം | അനുബന്ധം 2 |
| 73 | ഇന്റർലോക്കിംഗ് ടൈൽ വിവരിക്കൽ-കൂടിയ നിരക്കിൽ നിരീക്ഷണ ഡാറ്റ തയ്യാറാക്കി നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം | അനുബന്ധം 3 |
| 74 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |
| 75 | റസീറ്റ്സ് & പേയ്മെന്റ്സ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 5 |
| 76 | ബാലൻസ് ഷീറ്റ് | അനുബന്ധം 6 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015ലെ ഭരണസമിതി തീരുമാനം നമ്പർ 01പ്രകാരം അംഗീകരിക്കുകയുണ്ടായി ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9,64,50,991 |
| വരവ് | 28,03,60,800 |
| ആകെ | 37,68,11,791 |
| ചെലവ് | 31,78,24,168 |
| നീക്കിയിരിപ്പ് | 5,89,87,623 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.06.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 30.11.2016 | നം.കെ.എസ്.എ-കെ.എസ്.എം2/159/2016 തീയതി: 31.01.2017 ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ ഓഡിറ്റ് റിപ്പോർട്ടന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

2015-16 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ വിവരിച്ച അപാകതകൾ കാണുകയുണ്ടായി.

1. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

2. 01.04.2013 മുതൽ നിലവിൽ വന്ന വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. പഴയ നിരക്കിലുള്ള നികുതിയാണ് നിലവിൽ ഈടാക്കി വരുന്നത്. ആതിനാൽ വസ്തു നികുതി അക്രൂവൽ (പ്രതീക്ഷിത വരവ്) ഇനത്തിൽ 2015-16 ൽ കാണിച്ച വരവു തുകയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

3. പെൻഷൻ ആനുകൂല്യം ബാധ്യതയായി കാണിച്ച തുക വളരെ കുറവ് : നഗരസഭയിൽ നിന്ന് 31.03.2016, 31.01.2016 എന്നീ തീയതികളിൽ രണ്ട് ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചു. എന്നാൽ ഇവർക്ക്

നൽകാനുള്ള പെൻഷൻ ആനുകൂല്യങ്ങളുടെ ബാധ്യതയായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന തുക 2,40,854/- രൂപ മാത്രമാണ്.

4. ക്ഷേമപെൻഷനുകളുടെ വരവു ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടില്ല.

5. നഗരസഭ വക ആസ്തി വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ അപൂർണമാണ്. അതിനാൽ മുഴുവൻ ആസ്തിയും അക്കൗണ്ടിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 10,27,27,117.04 |

| | |
|---|---|
| വരവ് | 17,37,98,586.00 |
| ആകെ | 27,65,25,703.04 |
| ചെലവ് | 21,49,74,644.00 |
| നീക്കിയിരിപ്പ് | 6,15,51,059.04 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | | ആകെ | ചെലവ് | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | | ട്രാൻസ്ഫർ ക്രഡിറ്റ് തുക | തൻവർഷം ലഭിച്ച തുക | | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് തുക | |
| വികസനഫണ്ട് പൊതുവിഭാഗം | 1,34,41,712 | 3,59,98,962 | 22,91,206 | 5,17,31,880 | 4,02,53,095 | -- | 1,14,78,785 |
| വികസനഫണ്ട് എസ്.സി.പി. | 21,54,573 | -- | 34,19,248 | 55,73,821 | 34,19,248 | 21,54,573 | --- |
| സംരക്ഷണഗ്രാന്റ് റോഡ് | 98,51,537 | --- | 1,93,22,412 | 2,91,73,949 | 2,91,73,949 | -- | -- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 42,45,871 | -- | 88,62,555 | 1,31,08,426 | 1,31,08,426 | -- | -- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,98,49,004 | -- | 3,09,52,672 | 5,08,01,676 | 2,43,59,048 | 2,64,42,628 | -- |
| പെർഫോമൻസ് ഗ്രാന്റ് | 74,01,761 | -- | 32,28,904 | 1,06,30,665 | 32,28,904 | 74,01,761 | -- |
| ബി ഫണ്ട് | -- | | 1,80,225 | 1,80,225 | 1,80,225 | -- | -- |
| ആകെ | 5,69,44,458 | 3,59,98,962 | 6,82,57,222 | 16,12,00,642 | 11,37,22,895 | 3,59,98,962 | 1,14,78,785 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 16,18,48,709 | 218 | 11,70,16,401 | 50 | 16 | 77% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 9 | 30,01,928 | 7 | 25,59,069 | 85% |
| 2 | മുനിസിപ്പൽ എൻജിനിയർ. | 219 | 12,12,10,832 | 188 | 8,26,82,440 | 68% |
| 3 | സി.ഡി.എസ് മെമ്പർ സെക്രട്ടറി | 11 | 1,56,54,357 | 5 | 1,41,17,988 | 90% |
| 4 | ഫിഷറീസ് ഇൻസ്പെക്ടർ | 2 | 4,00,000 | 2 | 4,00,000 | 100% |
| 5 | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 7 | 16,33,600 | 7 | 10,77,019 | 65.9% |
| 6 | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 1 | 2,00,000 | 1 | 2,00,000 | 100% |
| 7 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 10,07,800 | 1 | 10,07,800 | 100% |
| 8 | സീനിയർ വെറ്റനറി സർജ്ജൻ | 5 | 22,10,500 | 3 | 8,29,000 | 37.5% |
| 9 | എസ്.സി. ഓഫീസർ | 6 | 21,70,000 | 5 | 18,10,000 | 83% |
| 10 | ഹെൽത്ത് സൂപ്പർവൈസർ | 8 | 22,02,392 | 5 | 16,54,978 | 75% |
| 11 | പ്രധാനാധ്യാപകൻ. | 8 | 43,75,000 | 6 | 40,38,231 | 92% |
| 12 | ഐ.സി.ഡി.സ് സൂപ്പർവൈസർ | 7 | 77,82,300 | 7 | 66,39,876 | 85% |
| | ആകെ | 284 | 16,18,48,709 | 237 | 11,70,16,401 | 72% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 37.74 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3,47,85,135 | 3,66,38,572 | (+) 18,53,437 |
| നികുതിയേതര വരവുകൾ | 2,10,91,165 | 2,27,80,607 | (+)16,89,442 |
| ആകെ | 5,58,76,300 | 5,94,19,179 | (+) 5,42,879 |

<u>തനത് വരുമാനം ഇനം തിരിച്ചുള്ള കണക്ക്</u>

| ഇനം | | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|
| നികുതി വരവുകൾ | വസ്തുനികുതി | 2,07,66,264 | 2,23,43,822 | (+)15,77,558 | (+)8% |
| | തൊഴിൽ നികുതി | 1,21,15,005 | 1,18,87,045 | (-)2,27,960 | (-)2% |
| | പ്രദർശന നികുതി | 31,394 | 2,886 | (-)28,508 | (-)90% |
| | വിനോദ നികുതി | 8,65,713 | 14,47,735 | (+)5,82,022 | (+)67% |
| ആകെ നികുതി വരവുകൾ | | 3,37,78,376 | 3,56,81,488 | (+)19,03,112 | (+)6% |
| നികുതിയേതര വരുവുകൾ | ഡി &ഒ ലൈസൻസ് ഫീ | 15,21,696 | 16,02,595 | (+)80,899 | (+)5% |
| | കെട്ടിടങ്ങളിൽ നിന്നും മറ്റുമുള്ള വാടക | 1,40,16,223 | 1,49,07,507 | (+)8,91,284 | (+)6% |
| | രജിസ്ട്രേഷൻ ഫീസ് | 70,900 | 31,125 | (-)39,775 | (-)56% |
| | ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ | 7,45,520 | 12,25,306 | (+)4,79,786 | (+)64% |
| | മെഷീൻ ഇൻസ്റ്റലേഷൻ ആന്റ് | 850 | 940 | (+)90 | (+)11% |

| | | | | | |
|---|---|---|---|---|---|
| | റണ്ണിംഗ് ഫീ | | | | |
| | സർട്ടിഫിക്കറ്റ് ഫീ (ജനനം, മരണം, വിവാഹം) | 1,20,449 | 1,05,141 | (-)15,308 | (-)13% |
| | പെനാൽട്ടീസ് ആന്റ് ഫൈൻസ് | 13,55,272 | 9,05,043 | (-)4,50,229 | (-)33% |
| | അതർ ഫീസ് ആന്റ് ചാർജ്ജസ് | 21,19,901 | 30,38,241 | (+)9,18,340 | (+)43% |
| | ലേലം | 16,28,061 | 21,81,893 | (+)5,53,832 | (+)34% |
| | സെയിൽസ് ഓഫ് ടെണ്ടർ ഫോം | 21,35,899 | 13,20,457 | (-)8,15,442 | (-)38% |
| ആകെ നികുതിയേതര വരവുകൾ | | 2,37,14,771 | 2,53,18,248 | (+)16,03,477 | (+)7% |
| ആകെ തനതുവരുമാനം | | 5,74,93,147 | 6,09,99,736 | (+)35,06,589 | (+)6% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,63,440 | 252 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 8,30,000 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.01.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,30,451/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭ കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

മാന്വൽ ഓഫ് ഓഫീസ് പ്രൊസീജർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർ നടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ എം.ഒ.പി. ഖണ്ഡിക 154 (2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ രജിസ്റ്റർ സൂക്ഷിച്ചു വരുന്നില്ല.

നഗരസഭയുടെ വിവിധ വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ കൂടുതൽ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്. തൊഴിൽ നികുതി കണക്കാക്കുന്നതിലും, വസ്തുനികുതി ചുമത്തുന്നതിലും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ കൂടുതൽ സൂക്ഷ്മതയോടെ പ്രവർത്തിക്കേണ്ടതാണ്.

നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നടത്തിപ്പ്, രേഖകളുടെ സൂക്ഷിപ്പ്, രജിസ്റ്ററുകൾ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. പദ്ധതി നിർവ്വഹണം ഫലപ്രദമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിന് ജീവനക്കാരുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പറും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.07.2014 മുതൽ 04.07.2014 വരെ | 2012-13, 2013-14 | എഫ്.4735/14 തീയ്യതി 24.02.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.09.2010 മുതൽ 30.09.2010 വരെ | 2009-10 | LBA(HQ)VI/8A 1647/17 Dated 29.10.2010 |

## 1-12 പൊതു അവലോകനം

നഗരസഭയുടെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകളിൽ പല അപാകതകളും കാണുകയുണ്ടായി . നഗരസഭയുടെ തനത് വരുമാനം പരിതാപകരമാണ്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മുനിസിപ്പൽ നിയമ പ്രകാരം നിർവ്വഹിക്കേണ്ട ചുമതലകൾ, ബാധ്യതകൾ തുടങ്ങിയവയ്ക്ക് പണം തികയാതെ നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സർക്കാർ ധനസഹായം ഉപയോഗിച്ചാണ് നിലവിൽ ജീവനക്കാർക്ക് ശമ്പളം നൽകി വരുന്നത്. ശമ്പള, പെൻഷൻ പരിഷ്കരണത്തോടെ ഈയിനത്തിലുള്ള ബാധ്യത വളരെ വർദ്ധിച്ചിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് വിരമിച്ച ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങളും കുടിശ്ശികയായി നിൽക്കുന്നു. 2016 ഏപ്രിൽ മാസം മുതലുള്ള 25 ലക്ഷത്തോളം രൂപ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കാൻ ബാക്കി നിൽക്കുന്നു. കൂടാതെ തനത് ഫണ്ട് വകയിരുത്തി നടപ്പാക്കിയ പല പദ്ധതികളുടെയും തുക, ഏകദേശം 50 ലക്ഷത്തോളം രൂപ, കരാറുകാർക്ക് നൽകാൻ ബാക്കി നിൽക്കുന്നു. തനത് ഫണ്ട് വകയിരുത്തി 2012-13 ൽ നടത്തിയ പ്രവൃത്തികളുടെ ബിൽ തുക 2015-16 ലാണ് നൽകിയിട്ടുള്ളത്. തനത് ഫണ്ടിന്റെ അഭാവത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ നഗരസഭ പ്രയാസപ്പെടുന്നു.

നഗരസഭ പ്രദേശത്തെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്, വെള്ളക്കരം എന്നീ ഇനങ്ങളിലെ ചെലവിന് മാത്രം നഗരസഭയ്ക്ക് പ്രതിമാസം 15 ലക്ഷത്തോളം രൂപ കണ്ടെത്തേണ്ടതുണ്ട്. ശമ്പളം, പെൻഷൻ ചെലവുകൾക്കായി വേറെ 45 ലക്ഷത്തോളം രൂപ ഓരോ മാസവും ആവശ്യമുണ്ട്. മറ്റ് അനിവാര്യ ചെലവുകൾക്ക് 10 ലക്ഷം രൂപയും ആവശ്യമുണ്ട്. എന്നാൽ പ്രതിമാസം ലഭിക്കുന്ന തനതു വരുമാനം ഏകദേശം 40 ലക്ഷം രൂപ മാത്രമാണ്. ഇതിൽ നിന്നു തന്നെ നഗരസഭയുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി ഊഹിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കാതെയും അനാവശ്യചെലവ് ഒഴിവാക്കാതെയും നഗരസഭയുടെ മുൻപോട്ടുള്ള പ്രയാണം ദുഷ്കരമായിരിക്കും.

തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള വഴികളൊന്നും നഗരസഭ സ്വീകരിച്ചു കാണുന്നില്ല. നഗരസഭയുടെ പ്രധാന

നികുതി സ്രോതസ്സ് വസ്തു നികുതിയാണ്. വസ്തു നികുതി സർക്കാർ 01.04.2013 മുതൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വർദ്ധിപ്പിച്ച നിരക്കിലുള്ള വസ്തു നികുതി ഈടാക്കി തുടങ്ങി. എന്നാൽ കാസറഗോഡ് നഗരസഭയ്ക്ക് വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഡാറ്റാ എൻട്രി പ്രവൃത്തി പോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ വസ്തു നികുതി പരിഷ്കരിച്ചതിന് ശേഷവും നഗരസഭയുടെ വസ്തു നികുതി വരവ് വർദ്ധിച്ചതായി കാണുന്നില്ല. 2012-13 മുതലുള്ള വസ്തു നികുതി വരവ് ചുവടെ കൊടുക്കുന്നു.

| വർഷം | വസ്തു നികുതി വരവ് |
|---|---|
| 2012-13 | ₹1,82,79,796 |
| 2013-14 | ₹1,82,09,801 |
| 2014-15 | ₹2,07,66,264 |
| 2015-16 | ₹2,23,43,822 |

വസ്തു നികുതിക്ക് പുറമെ നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സ് തൊഴിൽ നികുതിയും കെട്ടിടങ്ങളുടെ വാടകയിനത്തിൽ നിന്നുള്ള വരവുമാണ്. ഈ മൂന്ന് ഇനങ്ങളിലായി നഗരസഭയ്ക്ക് 2015-16 ൽ ലഭിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വസ്തു നികുതി | 2,23,43,822 |
| തൊഴിൽ നികുതി | 1,18,87,045 |
| വാടക | 1,49,07,507 |
| ആകെ | 4,91,38,374 |

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിലെ വരവ് വർദ്ധിപ്പിക്കാതെ നഗരസഭയ്ക്ക് മുൻപോട്ട് പോകാനാകില്ല. എത്രയും പെട്ടെന്ന് വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കേണ്ടതാണ്. നഗരസഭയിലെ കെട്ടിട നിർമാണ രജിസ്റ്റർ പരിശോധിച്ചതിൽ നിർമാണ ലൈസൻസ് എടുക്കുന്ന പലരും കെട്ടിട നിർമാണ പ്രവൃത്തി പൂർത്തീകരിച്ച് നഗരസഭയിൽ നിന്ന് പുതിയ കെട്ടിട നമ്പർ കൈപ്പറ്റുന്നില്ല എന്ന് കാണുകയുണ്ടായി. ഇതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട പെർമിറ്റ് ഫീ പുതുക്കൽ ചാർജും പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതിയും നഷ്ടപ്പെടുകയാണ്. വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-6 ൽ കൊടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ പരിശോധന നടത്തി നികുതി ചോർച്ച തടയേണ്ടതാണ്.

കൂടാതെ നഗരസഭ പ്രദേശത്തെ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നു നിയമാനുസൃതം ഈടാക്കേണ്ട വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി കണക്കാക്കിയതിലും ഈടാക്കിയതിലും പല അപാകതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദ വിവരം ഭാഗം 2 ൽ കൊടുത്തിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വസ്തു നികുതി പിരിവ് ഊർജിതമാക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

നഗരസഭാ പ്രദേശത്തെ ആശുപത്രികളിലെ പല ഡോക്ടർമാരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച കൃത്യമായ കണക്ക് നഗരസഭയുടെ പക്കലില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി

ഈടാക്കേണ്ടതാണ്.

തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഭീമമായ തുകയാണ് ഓരോ മാസവും തെരുവ് വിളക്ക് ചാർജ് ഇനത്തിൽ നൽകി വരുന്നത്. അനാവശ്യ വിളക്കുകൾ ഒഴിവാക്കിയും മീറ്റർ ഘടിപ്പിച്ചും ഈ ഇനത്തിലെ പാഴ് ചെലവ് കുറക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറി ഈ ഇനത്തിലെ ഭീമമായ വൈദ്യുതി ചെലവും ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കേണ്ട മറ്റ് പല അനാവശ്യ ചെലവുകളെയും സംബന്ധിച്ച വിവരം ഈ റിപ്പോർട്ടിലെ ഭാഗം 3 ൽ കൊടുത്തിട്ടുണ്ട്.

അനാവശ്യ ചെലവുകൾ ഒഴിവാക്കുകയും, തനത് വരുമാനം വർദ്ധപ്പിക്കുന്നതിനൊപ്പം തന്നെ നഗരസഭ നടപ്പാക്കിയ പദ്ധതികൾ അർഹരായവർക്ക് ഉപകാരപ്രദമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. മുൻ കാലങ്ങളിൽ നടപ്പാക്കിയ പല പദ്ധതികളും ലക്ഷ്യം കാണാതെ പാതിവഴിയിലാണ്. ആശ്രയ പദ്ധതി പ്രകാരം തുടങ്ങിയ ഭവന നിർമാണം വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതുപോലെ തന്നെയാണ് എസ്.സി/എസ്.ടി വിഭാഗങ്ങൾക്കായി പണിത ഫ്ലാറ്റ് സമുച്ചയത്തിന്റെ സ്ഥിതിയും. ലക്ഷങ്ങൾ ചെലവഴിച്ച് പണിത ഫ്ലാറ്റുകൾ അനാഥമായി കിടക്കുകയാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഫ്ലാറ്റുകൾ കൈമാറുവാൻ നാളിതുവരെ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ചെന്നിക്കരയിലെ ആധുനിക ശ്മശാനത്തിന്റെ പ്രവൃത്തിയും നഗരസഭയ്ക്ക് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ശുചിത്വപൂർണമായ ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും മത്സ്യ വിൽപന ഇപ്പോഴും റോഡരികിലാണ്. ശുചിത്വ മത്സ്യമാർക്കറ്റ് എന്ന ലക്ഷ്യം ഇനിയും സാക്ഷാത്കരിക്കാൻ സാധിച്ചിട്ടില്ല. ഖരമാലിന്യ സംസ്കരണത്തിനായി മധൂർ പഞ്ചായത്തിൽ 5 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും നടപ്പാക്കാൻ സാധിച്ചിട്ടില്ല. പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് സ്ഥാപിച്ച ഷീ ടോയ് ലെറ്റ് സ്ഥാപിച്ചതു മുതൽ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല. മേൽ വിവരിച്ച പല കാര്യങ്ങളും മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും നഗരസഭ സർക്കാർ ഉത്തരവ് പാലിച്ചു കാണുന്നില്ല. വാർഡ് സഭ മിനുട്സ് ആവശ്യപ്പെട്ടതിൽ കേവലം എട്ട് വാർഡ് സഭകളുടെ മിനുട്സ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഇതിൽ തന്നെ 15-16 വർഷം ഒന്ന് വീതം വാർഡ് സഭയുടെ മിനുറ്റ്സ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. നിയമാനുസൃതം ചേരേണ്ട നാല് വാർഡ് സഭ എവിടെയും ചേർന്നതായി കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42, സർക്കാർ സർക്കുലർ നം.22675/എൽ.3/99 തസ്വഭവ തീയതി : 03.08.2014 പ്രകാരം ഒരു വാർഡ് കൗൺസിലർ താൻ കൺവീനറായിരിക്കുന്ന വാർഡ് സഭയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ച് കൂട്ടുന്നതിൽ തുടർച്ചയായി രണ്ട് വീഴ്ച വരുത്തിയാൽ കൗൺസിലർ സ്ഥാനത്ത് തുടരാൻ അയോഗ്യനായി തീരുന്നതാണ് എന്ന കാര്യം ഇവിടെ ഓർമപ്പെടുത്തുന്നു. ഇതിൽ നിന്നും വാർഡ് സഭയിലൂടെയല്ല വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന് കാണാം. വ്യക്തിഗത ഗുണഭോക്താക്കളുടെ വാർഡ് തല മുൻഗണനാ പട്ടിക, മാനദണ്ഡങ്ങൾ, ലഭിച്ച മാർക്ക്, നഗരസഭ തല മുൻഗണന പട്ടിക, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അംഗീകാരം, മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരം തുടങ്ങിയവ ഒന്നും തന്നെ വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ പാലിക്കപ്പെട്ടതായി കാണുന്നില്ല. അതിനാൽ നഗരസഭയുടെ വിവിധ ആനുകൂല്യങ്ങൾ അർഹരായവർക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

ശുചീകരണ തൊഴിലാളികളെ മറ്റ് ജോലികളിൽ നിയമിക്കുന്നത് :

നഗരസഭയിലെ രണ്ട് ശുചീകരണ തൊഴിലാളികളെ പഴയ ബസ് സ്റ്റാന്റിലുള്ള കംഫർട്ട് സ്റ്റേഷനിൽ ടിക്കറ്റ് നൽകുന്നതിനായി നിയോഗിച്ചു കാണുന്നു. രാവിലെ 7 മണി മുതൽ 12 മണി വരെയും ഉച്ചയ്ക്ക് 12 മുതൽ വൈകുന്നേരം 7 മണിവരെയുമാണ് ഇവരുടെ ജോലി സമയം. ഇവർ പിരിക്കുന്ന തുക തൊട്ടടുത്ത ദിവസം തന്നെ നഗരസഭയിൽ ഒടുക്കുന്നുണ്ട്. കംഫർട്ട് സ്റ്റേഷനിലെ പിരിവ് രജിസ്റ്റർ പരിശോധിച്ചതിൽ രണ്ട് ജീവനക്കാരും ചേർന്ന് ദിവസേന ശരാശരി 300/- രൂപ നഗരസഭയിൽ ഒടുക്കുന്നുണ്ട്.

നിലവിൽ ശ്രീ.ശേഖരൻ.ബി, കെ.ഗംഗാധരൻ എന്നിവരാണ് കംഫർട്ട് സ്റ്റേഷനിൽ ജോലി ചെയ്യുന്നത്. ഇവരുടെ ശരാശരി മാസ ശമ്പളം യഥാക്രമം 28,204/- രൂപയും 33,909/- രൂപയുമാണ്. നഗരസഭ മേൽ

ജീവനക്കാർക്ക് ശുചീകരണ പ്രവൃത്തി നടത്തുന്നതിനാണ് ശമ്പളം നൽകി വരുന്നത് . മാലിന്യപ്രശ്നം ഗുരുതരമായ ഇക്കാലത്ത് നഗരസഭ മാലിന്യം നീക്കം ചെയ്യുന്നതിനായി നിയോഗിച്ച ജീവനക്കാരെ പ്രസ്തുത പ്രവൃത്തിയിൽ നിന്ന് മാറ്റി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധമില്ലാത്ത കംഫർട്ട് സ്റ്റേഷൻ ടിക്കറ്റ് നൽകൽ പ്രവൃത്തിക്ക് നിയോഗിച്ചത് ശരിയായ നടപടിയല്ല.

പ്രതിമാസം പരമാവധി 9,000/- രൂപ വരവ് ലഭിക്കുന്ന ഈ പ്രവൃത്തിക്ക് ശരാശരി 62,000/- രൂപ ശമ്പളം ചെലവുള്ള ജീവനക്കാരെ നിയോഗിച്ചതിന് ന്യായീകരണം കാണുന്നില്ല. കൂടാതെ അവധി ദിവസങ്ങളിലും വൈകുന്നേരം 7 മണിക്ക് ശേഷവും കംഫർട്ട് സ്റ്റേഷൻ അടച്ചിടേണ്ടിവരുന്നു.

നഗരസഭയിലെ മുഴുവൻ ശുചീകരണ തൊഴിലാളികളെയും ശുചീകരണ മാലിന്യനിർമാർജ്ജന പ്രവൃത്തികൾക്ക് തന്നെ നിയോഗിക്കേണ്ടതാണ്. പഴയ ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് ലേലം ചെയ്ത് നൽകാവുന്നതാണ്. കംഫർട്ട് സ്റ്റേഷന്റെ അറ്റകുറ്റപ്പണി നടത്തി ആയത് ലേലം ചെയ്ത് നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

കംഫർട്ട് സ്റ്റേഷൻ പരിപാലനം കൂടാതെ ശുചീകരണ തൊഴിലാളികളെ ശുചീകരണം/മാലിന്യം നീക്കൽ പ്രവൃത്തിയുമായി ബന്ധമില്ലാത്ത മറ്റ് ജോലികളിൽ നിയോഗിക്കുന്നതായി കാണുന്നു. രണ്ട് വീതം തൊഴിലാളികളെ ജനന-മരണ രജിസ്ട്രേഷൻ അപേക്ഷ തരം തിരിക്കൽ പ്രവൃത്തിക്കും, ഒരാളെ വാച്ച്മാൻ ഡ്യൂട്ടിക്കും നിയോഗിച്ചു കാണുന്നു. മാലിന്യ പ്രശ്നം അതിരൂക്ഷമായ നഗരസഭയിൽ നിലവിലുള്ള ശുചീകരണ തൊഴിലാളികളെ ശുചീകരണ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി മറ്റ് ജോലികളിൽ നിയോഗിക്കുന്നത് ശുചീകരണം/ മാലിന്യം നീക്കൽ പ്രവൃത്തിയെ സാരമായി ബാധിക്കുന്നതാണ്. മുഴുവൻ ശുചീകരണ തൊഴിലാളികളും നഗരസഭയുടെ ശുചീകരണ പ്രവൃത്തി ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

<u>പദ്ധതി ആസൂത്രണത്തിലെ പോരായ്മ :</u>

മുനിസിപ്പൽ ഓഫീസ് ഡൈനിംഗ് ഹാൾ നിർമാണം എന്ന പ്രൊജക്ടിനായി 2015-16 ൽ 2,08,121/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽക്കൂര ചോർന്നൊലിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത ഡൈനിംഗ് ഹാളിന്റെ ചോർച്ച പരിഹരിക്കാതെ നിർമാണ പ്രവനത്തനങ്ങൾ നടത്തിയതുമൂലം, മുനിസിപ്പൽ ഓഫീസ് സെക്ഷന്റെ ഡൈനിംഗ് ഹാളിലേക്ക് തുറക്കുന്ന ജനലുകൾ അടച്ചുവയ്ക്കാൻ ഉപയോഗിച്ച പ്ലൈവുഡ് വെള്ളം വീണ് നനഞ്ഞ് പൂപ്പൽ പിടിച്ച് പൊടിഞ്ഞു പോകുന്ന അവസ്ഥയിലാണ്. നിലവിൽ ടി ഡൈനിംഗ് ഹാൾ ഉപയോഗശൂന്യമായി നിലകൊള്ളുന്നു. ഇപ്രകാരം വ്യക്തമായ ആസൂത്രണമില്ലാതെയും ദീർഘവീക്ഷണമില്ലാതെയും പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

<u>പദ്ധതി നടത്തിപ്പ്– മോണിറ്ററിംഗ് നടത്തുന്നില്ല :</u>

സബ്സിഡി മാർഗദിർദ്ദേശത്തിൽ (ജി.ഒ.(എം.എസ്) 362/13 തസ്വഭവ തീയതി : 16.11.2013) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ പ്രൊജക്ടുകളുടെ നടത്തിപ്പ് ഇപ്രകാരം മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. ഓരോ മേഖല/വിഭാഗത്തിലുള്ള പ്രൊജക്ടുകളും അവയുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ നടത്തേണ്ടതും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഓരോ പ്രൊജക്ടിനൊപ്പവും ഉൾപ്പെടുത്തേണ്ടതുമാണ്. ലക്ഷങ്ങൾ മുടക്കി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാത്തതിന്റെ ഫലമായി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നുണ്ടോ എന്ന വിവരം നഗരസഭയ്ക്കുതന്നെ അറിയാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഭൂരിഭാഗം പ്രൊജക്ടുകളും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നവയും ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാവാത്ത അവസ്ഥയിലുമാണ് നിർവ്വഹിക്കപ്പെടുന്നത്. പട്ടികജാതി വിഭാഗങ്ങൾക്കായി നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയം, ആശ്രയ ഭവന പദ്ധതികൾ, ആശ്രയ ഗുണഭോക്താക്കൾക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങിയത്, ഇ-ടോയ് ലെറ്റ് തുടങ്ങിയവ പാതിവഴിയിൽ ഉപേക്ഷിക്കാനുണ്ടായ കാരണം മോണിറ്ററിംഗിന്റെ അഭാവമാണ്.

ഈ സ്ഥിതി മാറുന്നതിന്, മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പദ്ധതി പ്രവർത്തനം, പുരോഗതി, ഫലപ്രാപ്തി എന്നിവ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ചുമതല അതാത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും അതാത് മേഖലയുടെ/വിഭാഗത്തിന്റെ പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തണം. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ടി മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനത്തിനാവശ്യമായ ചെലവുകൾക്കായി പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പേരിൽ തന്നെ പ്രൊജക്ട് തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>എസ്.ജെ.എസ്.ആർ.വൈ പദ്ധതി - ഇടപാട് നടത്താത്ത അക്കൗണ്ടിലെ നീക്കിയിരിപ്പ് - തിരിച്ചടക്കേണ്ടതാണ്.</u>

സി.ഡി.എസ്. മെമ്പർ സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് പരിശോധിച്ചതിൽ വർഷങ്ങളായി ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണാൻ കഴിഞ്ഞു. കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയുടെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യയിലെ SB A/c No.2855 ൽ 36,531/- രൂപ നീക്കിയിരിപ്പ് കാണുന്നു. ബാങ്ക് പാസ് ബുക്ക് പ്രകാരം 2001 ലാണ് ഈ അക്കൗണ്ടിൽ നിന്നും അവസാനമായി ഇടപാടു നടത്തിയിട്ടുള്ളത്. പാസ് ബുക്കിൽ "SJSRY NSDP" പദ്ധതിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വർഷങ്ങളായി ഇടപാട് നടത്താത്ത ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക സ്രോതസ് പരിശോധിച്ച് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 <u>അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല – മുനിസിപ്പാലിറ്റിക്ക് ലക്ഷങ്ങളുടെ നഷ്ടം</u>

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള വസ്തു നികുതി ചുമത്താത്തതിനാൽ മുനിസിപ്പാലിറ്റിക്ക് ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 235 പ്രകാരം സർക്കാർ വകയോ, എയ്ഡഡോ, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ അംഗീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (ഹയർ സെക്കന്ററി തലം വരെ) കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 2011 ലെ മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന 14.01.2011 മുതൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തു നികുതി ചുമത്തണമെന്ന് 49590/RC2/2011/LSGD തീയതി :12.04.2012 നമ്പർ സർക്കാർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

ഇതിനുള്ള കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4 തീയതി:03.09.2016) ഈ കെട്ടിടങ്ങൾക്ക് നഗരസഭ മുൻകാല പ്രാബല്യത്തോടെ വസ്തു നികുതി ചുമത്തുന്നതാണെന്ന മറുപടിയാണ് ലഭിച്ചത് . ഇതിൽ നിന്നുതന്നെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച പ്രകാരം വസ്തു നികുതി ചുമത്തിയിട്ടില്ല എന്ന്

വ്യക്തമാണ്.

കാസർഗോഡ് നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് നിലവിൽ നഗരസഭ ഈടാക്കുന്ന വസ്തു നികുതി, തറ വിസ്തീർണം തുടങ്ങിയവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.1 തീയതി.20.08.2016 പ്രകാരം ആരാഞ്ഞതിൽ ലഭിച്ച വിവരം ചുവടെ കൊടുക്കുന്നു.

| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണം | നിലവിൽ ഈടാക്കുന്ന നികുതി |
|---|---|---|---|
| ബാലഭവൻ, കാസറഗോഡ് | III/67 | 150ച.മീ. | 494 |
| | III/68 | 284.29ച.മീ. | 3377 |
| ജെയ് മാതാ സ്കൂൾ | IV/288 | 36ച.മീ. | 726 |
| | IV/288A | 476ച.മീ. | 740 |
| ചിൻമയ വിദ്യാലയ | XII/40 | 44.4ച.മീ. | 41 |
| | XII/41 | 1248ച.മീ. | 168 |
| ദക്കീറത്ത് സ്കൂൾ | 390/A3 | 64ച.മീ. | 64 |
| | 390/A4 | 64ച.മീ. | 64 |
| | 390/A5 | 68ച.മീ. | 64 |

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കെട്ടിടങ്ങളുടെ തറ വിസ്തീർണം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും നികുതി പുനർ നിർണയിക്കുന്നതിന്റെ ഭാഗമായി ലഭിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 14.01.2011 ന് ശേഷം ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിട നിർമാണ പ്രവൃത്തിക്ക് അനുമതി തേടിയിട്ടില്ലാത്ത സാഹചര്യത്തിലും, റഗുലറൈസേഷന് അപേക്ഷ ലഭിച്ചിട്ടില്ലാത്തതിനാലും മറുപടിയിൽ കാണിച്ച തറ വിസ്തീർണം 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന 14.01.2011 ന് മുൻപ് തന്നെ നിലവിലുള്ളതാണെന്നും കണക്കാക്കാവുന്നതാണ് .

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 4(4) പ്രകാരം അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ച് 09.01.2012 ന് നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 01.04.2011 മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 14/- രൂപയാണ് .

സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്താത്തതിനാൽ മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം താഴെ വിവരിച്ച പ്രകാരം കണക്കാക്കുന്നു.

| വിദ്യാഭ്യാസ | കെട്ടിട | തറ | ഈടാക്കിയ | ഈടാക്കേണ്ട | കുറവ് | 01.04.11 |
|---|---|---|---|---|---|---|

| സ്ഥാപനത്തിന്റെ പേര് | നമ്പർ | വിസ്തീർണം | വസ്തു നികുതി | നികുതി | | മുതൽ 31.03.16 വരെ ആകെ നഷ്ടം |
|---|---|---|---|---|---|---|
| ബാലഭവൻ, കാസറഗോഡ് | III/67 | 150ച.മീ. | 494 | 2,100 | 1,606 | 8,030 |
| | III/67A | 284.29ച.മീ. | 3,377 | 3,980 | 603 | 3,015 |
| ജെയ് മാതാ സ്കൂൾ | IV/288A | 476ച.മീ. | 740 | 6,664 | 5,924 | 29,620 |
| ചിൻമയ വിദ്യാലയ | XII/40 | 44.4ച.മീ. | 41 | 622 | 581 | 2,905 |
| | XII/41 | 1248ച.മീ. | 168 | 17,472 | 17,304 | 86,520 |
| ദക്കീറത്ത് സ്കൂൾ | 22/390/A3 | 64ച.മീ. | 64 | 896 | 832 | 4,160 |
| | 22/390/A4 | 64ച.മീ. | 64 | 896 | 832 | 4,160 |
| | 22/390/A5 | 68ച.മീ. | 64 | 952 | 888 | 4,440 |
| ആകെ | | | | | 28,570 | ₹1,42,850 |

കേരള മുനിസിപ്പാലിറ്റി ആക്ട് 509 (2) പ്രകാരം വസ്തു നികുതി ചുമത്തേണ്ട അധികാരി മുനിസിപ്പൽ സെക്രട്ടറി ആണ്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തണമെന്ന സർക്കുലർ നിലവിൽ വന്ന 12.04.2012 മുതൽ കാസറഗോഡ് നഗരസഭ സെക്രട്ടറിയായി പ്രവർത്തിച്ചവരുടെ പേരുവിവരം ചുവടെ കൊടുക്കുന്നു.

| പേര് | കാലയളവ് |
|---|---|
| ജി.പത്മകുമാർ | 12.04.2012 മുതൽ 16.09.2012 വരെ |
| കെ.പി.വിനയൻ | 17.09.2012 മുതൽ 22.06.2016 വരെ |
| വി.ജെ.കുര്യൻ | 01.072016 മുതൽ 23.07.2016 വരെ |
| ശിവകല ദേവി (ആർ.ഒ.) (ഇൻചാർജ്) | 26.07.2016 മുതൽ ഇപ്പോഴും തുടരുന്നു |

14.01.2011 മുതൽ 31.03.2016 വരെയുള്ള വസ്തു നികുതി കുടിശ്ശിക, വസ്തു നികുതിയിന്മേൽ ഈടാക്കേണ്ട

ലൈബ്രറി സെസ് , സേവന സർചാർജ് എന്നിവയും കണക്കാക്കി ഈടാക്കേണ്ടതാണ്. കൂടാതെ മേഖല അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ്, മറ്റ് നിയമാനുസൃത ഇളവും വർദ്ധനവും നികുതി നിശ്ചയിക്കുന്നതിൽ പരിഗണിക്കേണ്ടതാണ്.

വസ്തു നികുതി ചുമത്താത്തതിനാൽ മുനിസിപ്പാലിറ്റിക്ക് 2015-16 വർഷമുണ്ടായ നഷ്ടം 28,570/- രൂപയും അനുബന്ധ സെസ്സുകളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. മുൻവർഷങ്ങളിലെ നഷ്ടം തുകയും തിട്ടപ്പെടുത്തി ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.1 തീയതി :20.08.16)

## 2-2 വസ്തു നികുതി പരിഷ്കരണം - പൂർത്തീകരിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (അ) നം.18/2011 തസ്വഭവ തീയതി : 14.01.2011 പ്രകാരം നഗരസഭകളിലെ വസ്തു നികുതി പരിഷ്കരിച്ചുകൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (അ) നം.100/2011 തസ്വഭവ തീയതി : 15.03.2013 പ്രകാരം 2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ വസ്തു നികുതി പരിഷ്കരണം മുനിസിപ്പാലിറ്റിയിൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. വസ്തു നികുതി പരിഷ്കരണത്തിന്റെ പുരോഗതി ആരാഞ്ഞതിൽ (ഓഡിറ്റ് അന്വേഷണം നം.10 തീയതി : 05.10.16) നികുതി നിശ്ചയിക്കുന്നതിന്റെ മുന്നോടിയായി നടത്തേണ്ട വിവര ശേഖരണം, ഡാറ്റാ എൻട്രി എന്നീ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും അവയുടെ സൂക്ഷ്മ പരിശോധന, സാക്ഷ്യപ്പെടുത്തൽ എന്നീ പ്രവൃത്തികൾ ബാക്കി നിൽക്കുന്നു എന്ന മറുപടിയാണ് ലഭിച്ചത്.

വസ്തു നികുതി പരിഷ്കരണ നടപടികൾ ഊർജിതപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 2-3 കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണം കണക്കാക്കാതെ മുറികളുടെ തറവിസ്തീർണം കണക്കാക്കി വസ്തു നികുതി ചുമത്തിയത് -അപാകതകൾ

നഗരസഭയുടെ 09.01.2012 ലെ ആർ.1 10844/2011 നമ്പർ വസ്തു നികുതി പരിഷ്കരണ വിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 65/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിലുമാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത് . തറവിസ്തീർണം എന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ വിസ്തീർണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ ആകെ വിസ്തീർണം എന്നും അർത്ഥമാകുന്നു. (2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 എഫ്) ഒരു കെട്ടിടത്തിന്റെ തറവിസ്തീർണത്തെ പ്രസ്തുത കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ സംഖ്യയിലേക്ക് ക്രമീകരിച്ച പ്രകാരം ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയായിരിക്കുന്നതാണ് (കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233(6)). എന്നാലിതിനു വിരുദ്ധമായി ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഏകനില/ ബഹുനില കെട്ടിടങ്ങൾക്ക് അവയുടെ ആകെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണം പ്രത്യേകം കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ മുറികൾക്കും പ്രത്യേകം പ്രത്യേകം നികുതി കണക്കാക്കിയതായാണ് ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളുടെ പരിശോധനയിൽ വ്യക്തമായത്. ഇപ്രകാരം വസ്തുനികുതി കണക്കാക്കുമ്പോൾ അടിസ്ഥാന വസ്തു നികുതി നിരക്കിൽ കാര്യമായ വ്യത്യാസം വരികയും കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തു നികുതിയിൽ വൻ കുറവ് വരികയും ചെയ്യുന്നു. ഇത്തരത്തിൽ നികുതി നിശ്ചയിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ആകെ വിസ്തീർണം (ച.മീ.) |
|---|---|---|---|
| 1 | III/308 (7) | പി.എ.സുബൈർ | 455.40 ച.മീ. |
| 2 | IV/392 B | പ്രസിഡണ്ട് നള്ളിപ്പാടി മുഹിയുദ്ദീൻ ജുമാ മസ്ജിദ് | 117.30 ച.മീ. |
| 3 | VII/323 E to J | ഉമാവതി | 195.84 ച.മീ. |
| 4 | XXVII/115 E to J | ജാനകി എന്ന സുകന്യ | 546.60 ച.മീ. |
| 5 | V/485 F | കെ.കെ.പുരുഷോത്തമൻ | 173.86 ച.മീ. |
| 6 | XXVI/254 A5 | കെ.ടി.ഉപേന്ദ്ര | 207.27 ച.മീ. |
| 7 | I/230 A | നരേന്ദ്രനാഥ ഷേണായി | 203.52 ച.മീ. |
| 8 | XXVII/34 A | മുഹമ്മദ് സബീർ. എൻ.എച്ച് | 128.38 ച.മീ. |
| 9 | II/164 | ടി.അബ്ദുൾ ഖാദർ | 970.60 ച.മീ. |
| 10 | XII/225 C35 | ബീവി ബൽക്കീസ് | 2290.45 ച.മീ. |
| 11 | IX/238 B | ഒ.എ.ഹസ്സയിനാർ | 128.76 ച.മീ. |

കെട്ടിടത്തിന്റെ മൊത്തം തറ വിസ്തീർണം കണക്കാക്കാതെ പ്രത്യേകം പ്രത്യേകം മുറികളുടെ തറ വിസ്തീർണം കണക്കാക്കി നികുതി ചുമത്തിയതിനുള്ള കാരണം വിശദീകരിക്കാൻ ഓഡിറ്റ് അന്വേഷണം നം.42 തീയതി 24.12.16 മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിനുള്ള മറുപടിയിൽ പ്ലിൻത് ഏരിയ എന്നത് ഒരു നമ്പർ നൽകിയ കെട്ടിടത്തിന്റെയാണോ, അതോ കെട്ടിട സമുച്ചയത്തിന്റെ മൊത്തം ആണോ എന്നതിൽ വ്യക്തത വരുത്തേണ്ടതിനാൽ സ്പഷ്ടീകരണം ലഭിക്കുന്നതിനായി നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിവരിച്ച അപാകങ്ങൾ പരിശോധിച്ച് ഇത് സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി വസ്തു നികുതി കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമാണം - നിലവിലുള്ള കെട്ടിടത്തിന് കൂട്ടിച്ചേർക്കലും വസ്തു നികുതി കണക്കാക്കലും - പഴയ കെട്ടിടത്തിന്റെ വസ്തു നികുതി പരിഷ്കരിച്ചിട്ടില്ല.

നഗരസഭയിലെ നിലവിലുള്ള കെട്ടിടത്തിന് കൂട്ടിച്ചേർക്കൽ നടത്തിയതിന്റെ ഭാഗമായി വസ്തു നികുതി കണക്കാക്കിയപ്പോൾ നിലവിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങളിൽ (ജി.ഒ.(പി).100/2013 തസ്വഭവ തീയതി :15.03.2013) നിർദ്ദേശിച്ച പ്രകാരം പുതുക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി. പകരം കൂട്ടിച്ചേർത്ത ഭാഗത്തിന് മാത്രം കെട്ടിട നികുതി കണക്കാക്കി നമ്പർ അനുവദിക്കുകയാണ് ചെയ്തത്. എന്നാൽ ചില കെട്ടിടങ്ങളുടെ കൂട്ടിച്ചേർത്ത ഭാഗത്തെ നികുതി കണക്കാക്കിയതിന്റെ കൂടെ പഴയ ഭാഗത്തെ നികുതി കൂടി പരിഷ്കരിച്ച് ഈടാക്കിയിട്ടുണ്ട് (ഉദാ: കെട്ടിടട നം.111/423 A) . കൂട്ടിച്ചേർത്ത കെട്ടിട ഭാഗത്തിന് നമ്പർ ലഭിക്കുന്നതിനായി അപേക്ഷകനിൽ നിന്നും കെട്ടിടം സംബന്ധിച്ച് കെട്ടിട ഉടമ സമർപ്പിക്കേണ്ട വസ്തു നികുതി നിർണയ റിട്ടേൺ, കെട്ടിടത്തിന്റെ മുഴുവൻ പ്ലാനും മറ്റ് അനുബന്ധരേഖകളും ലഭിച്ചിട്ടും പഴയ കെട്ടിട ഭാഗത്തിന്റെ വസ്തു നികുതി മേൽ ഉത്തരവ് പ്രകാരം പരിഷ്കരിക്കാതെ പുതിയ കെട്ടിട ഭാഗത്തിന്റെ മാത്രം നികുതി കണക്കാക്കി ഈടാക്കിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11തീയതി -27.10.16) വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. 01.04.2013 മുതൽ പ്രാബല്യത്തിൽ വന്ന വസ്തു നികുതി പരിഷ്കരണം അനന്തമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ മുഴുവൻ രേഖകളും ലഭിച്ച താഴെ വിവരിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം ഒഴിവാക്കിയത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കാണുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | നിലവിലുണ്ടായിരുന്ന തറവിസ്തീർണം | കൂട്ടിച്ചേർത്ത തറവിസ്തീർണം | ആകെ |
|---|---|---|---|---|
| III/308(7) | പി.എ.സുബൈർ | 271.60 ച.മീ. | 183.80 ച.മീ. | 455.40 ച.മീ. |
| XXVII/115 (BA No.140/08-09) | ജാനകി എന്ന സുകന്യ | 273.30 ച.മീ. | 273.3 ച.മീ. | 546.60 ച.മീ. |
| V/485 F | കെ.കെ.പുരുഷോത്തമൻ | 98.82 ച.മീ. | 75.04 ച.മീ. | 173.86 ച.മീ. |
| XXVI/254 A5 | കെ.ടി.ഉപേന്ദ്ര | 108.08 ച.മീ. | 99.19 ച.മീ. | 207.27 ച.മീ. |
| XI/201B | എ.അബ്ദുൾഖാദർ | 354.90 ച.മീ. | 757.50 ച.മീ. | 1112.40 ച.മീ. |

## 2-5 വസ്തു നികുതി കണക്കാക്കിയതിൽ കുറവ് - നഗരസഭയ്ക്ക് വൻ വരുമാന നഷ്ടം

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011 ലെ കേരള സർക്കാർ വിജ്ഞാപനം നം.20/2011 പ്രകാരം നിലവിൽ വന്ന 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ അനുസരിച്ച് കാസറഗോഡ് നഗരസഭയിൽ വിവിധ തരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണയിച്ച് നം.ആർ.1-10844/2011 തീയതി :09.01.2012 പ്രകാരം നഗരസഭ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 80/-

രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി ഒരു ച.മീറ്ററിന് 65/- രൂപയാണ്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ചതുരശ്ര മീറ്ററിന് എട്ട് രൂപയാണ്. എന്നാൽ താഴെ വിവരിച്ച കെട്ടിടങ്ങൾക്ക് അവയുടെ തറവിസ്തീർണത്തിനനുസരിച്ച് നികുതി കണക്കാക്കാതെയും അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട വർദ്ധനവുകൾ വരുത്താതെയും കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു കാണുന്നു. ഇതു മൂലം നഗരസഭയ്ക്ക് വൻ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

(1) അസസ് മെന്റ് നം.8548 (കെട്ടിട നമ്പർ XI/201C(XVIII/790B) എ.അബ്ദുൾ ഖാദർ പുലിക്കുന്ന് BA No.190-13-14)

മേൽ കെട്ടിടത്തിന്റെ നിലവിലുണ്ടായിരുന്ന തറ വിസ്തീർണം 354.90 ചതുരശ്ര മീറ്ററാണ് (Ground floor). പുതുതായി താഴെ വിവരിച്ച പ്രകാരം 757.50 ചതുരശ്ര മീറ്റർ കൂട്ടിച്ചേർത്തിട്ടുണ്ട്.

ഫസ്റ്റ് ഫ്ലോർ : 370.70 ച.മീ.

സെക്കന്റ് ഫ്ലോർ : 370.70 ച.മീ.

ടെറസ് ഫ്ലോർ : 16.10 ച.മീ.

ഫസ്റ്റ് ഫ്ലോറിന് ചതുരശ്ര മീറ്ററിന് 80/- രൂപ പ്രകാരം 28,173/- രൂപയും (29656-1483 ഒന്നാം നില 5% കുറവ്) സെക്കന്റ് ഫ്ലോറിന് 80/-രൂപ നിരക്കിൽ 26,690/-രൂപയും (29656-2966 രണ്ടാം നില 10% കുറവ്) 01.04.2015മുതൽ വസ്തു നിക്തി ചുമത്തിയിട്ടുണ്ട്. വസ്തു നികുതി ചുമത്തിയതിൽ താഴെ വിവരിച്ച അപാകങ്ങൾ കാണുകയുണ്ടായി.

എ) ടെറസ് ഫ്ലോറിന് (16.10 ചതുരശ്ര മീറ്റർ) വസ്തു നികുതി ചുമത്തി കാണുന്നില്ല. (2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 3) പ്രകാരം ടെറസ് ഫ്ലോറിനെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

ബി) കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നിവയുടെ വസ്തു നികുതി കണക്കാക്കുമ്പോൾ 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. (കെട്ടിടം നേരിട്ട് പരിശോധിച്ചതിൽ തറ വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ചതാണെന്ന് കാണുകയുണ്ടായി)

വസ്തു നികുതി കണക്കാക്കിയതിലെ അപാകം കാരണം മുനിസിപ്പാലിറ്റിക്ക് 2015-16 ൽ 9489/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ടെറസ് ഫ്ലോറിന്റെ വസ്തു നികുതി കണക്കാക്കാത്തതിനാൽ നഷ്ടം

16.10 ച.മീ. @80 : 1288

(-) മേഖല പ്രഥമം : ഇല്ല

(+) വഴി സൗകര്യം : ഇല്ല

(+) തറ നിർമിതി 15% : 193

-----------------

ആകെ : 1481

(-) മൂന്നാം നില 15% : 222

വസ്തു നികുതിയിനത്തിലെ
നഷ്ടം : 1259/-

==========

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നഷ്ടം

| വിശദ വിവരം | ഫസ്റ്റ് ഫ്ലോർ | സെക്കന്റ് ഫ്ലോർ |
|---|---|---|
| വിസ്തീർണം | 370.70 ച.മീ. | 370.70 ച.മീ. |
| അടിസ്ഥാന വസ്തു നികുതി @80/ച.മീ. | ₹29656 | ₹29656 |
| (-) മേഖല പ്രഥമം | ഇല്ല | ഇല്ല |
| (+) വഴി സൗകര്യം | ഇല്ല | ഇല്ല |
| (+) തറനിർമിതി 15% | 4448 | 4448 |
| ആകെ | 34104 | 34104 |
| (-) ഒന്നാം നില (5%),<br>രണ്ടാം നില (10%) | 1705 | 3410 |
| ചുമത്തേണ്ടിയിരുന്ന വസ്തു നികുതി | ₹32,399 | ₹30,694 |
| 01.04.15 മുതൽ ചുമത്തിയ വസ്തു നികുതി | ₹28173 | ₹26690 |
| കുറവ് | ₹4226 | ₹4004 |

ആകെ കുറവ് : ₹8230

ആകെ മൊത്തം : ₹9489

പ്രാബല്യ തീയതി : 01.04.2015 മുതൽ

(2) അസസ് മെന്റ് നം.4625 (കെട്ടിട നം.V/421 C- സമീറ ഇബ്രാഹിം ഖലീൽ, തളങ്കര BA No.115/1516)

മേൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 492.05 ചതുരശ്ര മീറ്ററാണ്. ഇതിൽ 35.76 ച.മീറ്റർ ഓഫീസ് മുറിയും 456.29 ച.മീറ്റർ "sheet roofed shed"എന്നും കാണിച്ചിട്ടുണ്ട്. വസ്തു നികുതി കണക്കാക്കിയ ഫയൽ പരിശോധിച്ചതിൽ ഓഫീസ് മുറിക്ക് (കെട്ടിട നം.V/421b)ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ 2361/- രൂപയും "Sheet roofed shed" എന്ന് കാണിച്ച കെട്ടിടത്തിന് (no.V/421C) ചതുരശ്ര മീറ്റർ 25/- രൂപ നിരക്കിൽ 14,259/- രൂപയും താഴെ വിവരിച്ച പ്രകാരം വസ്തു നികുതി കണക്കാക്കിയിട്ടുണ്ട്.

| വിശദ വിവരം | ഓഫീസ് മുറി | ഷീറ്റ് റൂഫ്ഡ് ഷെഡ് |
|---|---|---|
| വിസ്തീർണം | 35.76ച.മീ. | 456.29 ച.മീ. |
| നിരക്ക് | 60/ച.മീ. | 25/ച.മീ. |
| അടിസ്ഥാന വസ്തു നികുതി | 2145.60 | 11407.25 |
| (-) മേഖല പ്രഥമം | ഇല്ല | ഇല്ല |
| (+) വഴി സൗകര്യം 20% | 429.12 | 2281.45 |
| (+) തറനിർമിതി 15% | --- | 1711.09 |
| (-) കുറഞ്ഞതരം മേൽക്കൂര 10% | 214.56 | 1140.72 |
| 01.04.15 മുതൽ ചുമത്തിയ നികുതി | ₹2361 | ₹14259 |

കെട്ടിട ഉടമ സമർപ്പിച്ച വസ്തു നികുതി നിർണയ റിട്ടേൺ (ഫോറം 2) ഖണ്ഡിക 15 പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം '' വാണിജ്യാവശ്യം' എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 456.29 ചതുരശ്ര മീറ്റർ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത് വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ ചതുരശ്ര മീറ്ററിന് 25/- രൂപ എന്ന നിരക്കിലാണ്. നിലവിൽ ഈ കെട്ടിടത്തിൽ "Glass, Glass Hardwares" കച്ചവടത്തിനായി നഗരസഭയിൽ നിന്ന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. കാസറഗോഡ് നഗരസഭയുടെ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം ആർ1-10844/2011 തീയതി : 09.01.2012 പ്രകാരം $100m^2$ ന് മുകളിലുള്ള, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗോഡൗൺ ഉൾപ്പെടെ ഈടാക്കേണ്ട വസ്തു നികുതി ചതുരശ്ര മീറ്ററിന് 80/- രൂപയാണ്. ഇതിന് പകരം 25/- രൂപ നിരക്കിൽ ഈടാക്കിയത് ക്രമവിരുദ്ധമാണ് . വസ്തു നികുതി തെറ്റായി കണക്കാക്കിയതു വഴി മുനിസിപ്പാലിറ്റിക്ക് 27,110/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വിശദ വിവരം | ഓഫീസ് മുറി | ഷീറ്റ് റൂഫ്ഡ് ഷെഡ് |
|---|---|---|
| വിസ്തീർണം | 35.76ച.മീ. | 456.29 ച.മീ. |
| അടിസ്ഥാന വസ്തു നികുതി @80/ | 2860.80 | 36503.20 |
| (-) മേഖല കിഴിവ് | ഇല്ല | ഇല്ല |
| (+) വഴി സൗകര്യം 20% | 572.16 | 7300.64 |

| | | |
|---|---|---|
| (+) തറനിർമിതി 15% | 429.12 | ----- |
| (-) കുറഞ്ഞതരം മേൽക്കൂര 10% | 286.08 | 3650.32 |
| 01.04.15 മുതൽ ചുമത്തേണ്ട നികുതി | 3576 | 40154 |
| ചുമത്തിയ നികുതി | ₹2361 | ₹14259 |
| കുറവ് | ₹1,215 | ₹25,895 |

ആകെ കുറവ് : 27,110

======

(3) അസസ് മെന്റ് നം.4616 ( മുഹമ്മദ് കുഞ്ഞി, S/o.ഹസ്സൻകുഞ്ഞി ഹാജി, ചിത്താരി

കെട്ടിട നം. V/376 B (2) )

ആകെ 264.72 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള V/376 B(2) എന്ന കെട്ടിടത്തെ രണ്ട് ഭാഗമായി കണക്കാക്കി വെവ്വേറെ കെട്ടിട നമ്പർ നൽകുന്നതിനായി ലഭിച്ച അപേക്ഷയിൻമേൽ താഴെ വിവരിച്ച പ്രകാരം വസ്തു നികുതി ചുമത്തി വെവ്വേറെ കെട്ടിട നമ്പർ നൽകിയിട്ടുണ്ട്.

| കെട്ടിട നം. V/376 B (3) | : വിസ്തീർണം -132.36$m^2$ |
|---|---|
| വസ്തു നികുതി @80/ച.മീ. | 10589 |
| (-) പ്രഥമം | ----- |
| (+) വഴി സൗകര്യം 20% | ₹2118 |
| (+) തറ നിർമ്മിതി | –- |
| 01.10.15 മുതൽ ചുമത്തിയ വസ്തു നികുതി | ₹12,707 |

| കെട്ടിട നം. V/376 B (2) | വിസ്തീർണം -132.36$m^2$ |
|---|---|
| വസ്തു നികുതി @80/ച.മീ. | ₹10589 |
| (-) പ്രഥമം | ------ |
| (+) വഴി സൗകര്യം 20% | 2118 |
| (+) തറ നിർമ്മിതി | - –- |
| 01.10.15 മുതൽ ചുമത്തിയ വസ്തു നികുതി | 12,707 |

മേൽ വിവരിച്ച കെട്ടിടം V/376 B (2) എന്ന കെട്ടിടത്തിന് 01.04.2015 മുതൽ വസ്തു നികുതി ചുമത്തിയിട്ടുണ്ട്. കെട്ടിടം രണ്ടായി ഭാഗിക്കുന്നതിന് മുൻപ് ചുമത്തിയ വസ്തു നികുതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 264.72 ച.മീ. @80/- | 21,777.60 |
| (-) പ്രഥമ മേഖല | ----- |
| (+) വഴി സൗകര്യം 20% - | 4235.52 |
| 01.04.2015 മുതൽ ചുമത്തിയ നികുതി | 25414<br>===== |

കെട്ടിടം രണ്ടായി ഭാഗിച്ച് വെവ്വേറെ കെട്ടിട നമ്പർ അനുവദിക്കുന്നതിന് മുൻപും, ശേഷവും വസ്തു നികുതി കണക്കാക്കിയതിൽ താഴെ വിവരിച്ച അപാകതകൾ കാണുന്നു.

കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണം 264.72 ചതുരശ്ര മീറ്ററാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ചുമത്തേണ്ട വില കൂടിയ തറ നിർമ്മിതിക്കുള്ള നികുതി വർദ്ധനവ് കെട്ടിടം ഭാഗിക്കുന്നതിന് മുൻപോ ശേഷമോ ചുമത്തി കാണുന്നില്ല (കെട്ടിടത്തിന് വില കൂടിയ തറ നിർമ്മിതി നടത്തിയിട്ടുണ്ട്). ഇതു മൂലം മുനിസിപ്പാലിറ്റിക്ക് താഴെ വിവരിച്ച പ്രകാരം 3176/- രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്.

| വിശദ വിവരം | ഭാഗിക്കുന്നതിന് മുമ്പുള്ള നികുതി നഷ്ടം | ഭാഗിച്ചതിനു ശേഷമുള്ള നികുതി നഷ്ടം | |
|---|---|---|---|
| വിസ്തീർണം 264.72ച.മീ | ---- | 132.36 | 132.36 |
| അടിസ്ഥാന വസ്തു നികുതി @80/ | 21,177.60 | 10589 | 10589 |
| (-) പ്രഥമ മേഖല | ഇല്ല | | |
| (+) വഴി സൗകര്യം 20% | 4235.52 | 2118 | 2118 |
| മുന്തിയ തറനിർമിതി 15% | 3176.64 | 1588.35 | 1588.35 |
| ആകെ | 28589.76 | 14,295.35 | 14,295.35 |
| ചുമത്തിയ വസ്തുനികുതി | ₹25414 | 12707 | 12707 |
| കുറവ് | 3176 | ₹1588 | ₹1588 |

ആകെ കുറവ് -3,176/-

(4) അസസ് മെന്റ് നം.11752 (പി.എ.നൗഷാദ് അബ്ദുൾ റഹിമാൻ XX/9-B (BA No.58/12-13)

ആകെ 340.70 ച.മീ. തറവിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 01.04.2015 മുതൽ ചുമത്തിയ വസ്തു നികുതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 340.70 ച.മീ. @₹8/- | 2274.16 |
| (-) 10% ദ്വിതീയം | 227.41 |
| (+) തറ നിർമ്മിതി 15% | 341.12 |

| | |
|---|---|
| ആകെ | 2388/-<br>===== |

വസ്തു നികുതി ഡിമാൻറ് രജിസ്റ്റർ പ്രകാരം ചുമത്തിയ വസ്തു നികുതിയും സർചാർജ് ഒഴികെ 2,388/- രൂപ മാത്രമാണെന്ന് കാണുകയുണ്ടായി.

മേൽ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയതിൽ അപാകം കാണുന്നു. (Arithmatical error) ചുമത്തേണ്ടിയിരുന്ന വസ്തു നികുതി താഴെ വിവരിച്ച പ്രകാരം 2862/- രൂപയാണ്.

| | |
|---|---|
| 340.70 ച.മീ. @₹8/- | 2725.60 |
| (-) 10% ദ്വിതീയം | 272.86 |
| (+) തറ നിർമ്മിതി 15% | 408.84 |
| വസ്തു നികുതി | 2,862/- |

വസ്തു നികുതി 2,862/- ന് പകരം 2,388/- ചുമത്തിയതു വഴി മുനിസിപ്പാലിറ്റിക്ക് പ്രതിവർഷം 464/- രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്.

(5) അസസ് മെന്റ് നം.755 (നരേന്ദ്രനാഥ് ഷേണായ് , കേളുഗ്ഡ്ഢെ കെട്ടിട നമ്പർ - 1/230 A BA No.LF 40498)

ആകെ 203.52 തറവിസ്തീർണമുള്ള ഈ വാണിജ്യ കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് 1/230 A എന്ന നമ്പറും (101.76 ച.മീ.) മുകളിലത്തെ നിലയ്ക്ക് 1/230B (101.76 ച.മീ.) എന്ന നമ്പറും നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | I/230 A 101.76 m2 (GF) | I/230 B 101.76 m2 (FF) |
|---|---|---|
| വിസ്തീർണം | 101.76 ച.മീറ്റർ (GF) | 101.76 ച.മീറ്റർ (FF) |
| വസ്തു നികുതി @65/ | 6614.40 | 6614.40 |
| (-) പ്രഥമം | ----- | ---- |
| വഴി സൗകര്യം 20% | 1322.88 | 1322.88 |

| | | |
|---|---|---|
| 01.04.15 മുതൽ ചുമത്തിയ വസ്തു നികുതി | 7938/- | 7938/- |

വസ്തു നികുതി കണക്കാക്കിയതിൽ താഴെ വിവരിച്ച അപാകങ്ങൾ കാണുന്നു.

നഗരസഭ പുറപ്പെടുവിച്ച വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ചുമത്തേണ്ട വസ്തു നികുതി ചതുരശ്ര മീറ്ററിന് 80/- രൂപയാണ്. എന്നാൽ ഇവിടെ 65/- രൂപ നിരക്കിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ നഗരസഭയ്ക്ക് 3,174/- രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | I/230 A | I/230 B |
|---|---|---|
| വിസ്തീർണം | 101.76 ച.മീറ്റർ (GF) | 101.76 ച.മീറ്റർ (FF) |
| വസ്തു നികുതി @80/ | 8140.80 | 8140.80 |
| (-) പ്രഥമം | ----- | ---- |
| വഴി സൗകര്യം 20% | 1628.16 | 1628.16 |
| ആകെ | 9769 | 9769 |
| (-)ഒന്നാം നില 5%, | ---- | 488 |
| 01.04.15 മുതൽ ചുമത്തേണ്ടി യിരുന്ന വസ്തു നികുതി | 9769 | 9281 |
| 01.04.15 മുതൽ ചുമത്തിയ വസ്തു നികുതി | 7938 | 7938 |
| കുറവ് | 1,831 | 1,343 |

ആകെ നികുതി നഷ്ടം - ₹3,174/-

(6) അസസ് മെന്റ് നം.4608(മനീഷ് അണങ്കൂർ കെട്ടിട നമ്പർ - V/211A BA No.1/14-15)

പാർപ്പിടാവശ്യത്തിനായി പണികഴിപ്പിച്ച 228.54 ചതുരശ്ര മീറ്റർ തറവിസ്തീർണമുള്ള മേൽ കെട്ടിടത്തിന് 01.04.2015 മുതൽ താഴെ വിവരിച്ച പ്രകാരം1,645/- രൂപ വസ്തു നികുതി ചുമത്തിയിട്ടുണ്ട്.

| | |
|---|---|
| വസ്തു നികുതി @ 8/ | 1828.32 |
| (-) 10% ദ്വിതീയം | 182.83 |
| 01.04.2015 മുതൽ ചുമത്തിയ വസ്തു നികുതി | 1645.00 |

എന്നാൽ കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിലേക്ക് 7.5 മീറ്റർ വീതിയിൽ വഴി സൗകര്യമുള്ളതായി കാണാൻ കഴിഞ്ഞു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് പ്രവേശനമാർഗമുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയുടെ 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നു. വഴി സൗകര്യം കണക്കിലെടുക്കാതെ നികുതി ചുമത്തിയതിനാൽ നികുതിയിനത്തിൽ ഒരു വർഷം 366/- രൂപയുടെ (1,828/- രൂപയുടെ 20%)കുറവ് സംഭവിച്ചിട്ടുണ്ട്.

(7)അസസ് മെന്റ് നം.7135 ( ടി.കെ.ആമു, അണങ്കൂർ, കെട്ടിട നം.9/120 E )

ആകെ 148.99 ച.മീ. തറവിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള ഈ കെട്ടിടത്തിന് താഴെ വിവരിച്ച പ്രകാരം 1073/- രൂപ വസ്തു നികുതി ചുമത്തിയിട്ടുണ്ട്.

| | |
|---|---|
| വസ്തു നികുതി @ 8/ | 1191.92 |
| (-) 10% ദ്വിതീയം - | 119.19 |
| 01.04.2015 മുതൽ ചുമത്തിയ വസ്തു നികുതി | 1073/- |

മേൽ കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിലേക്ക് 5 ച.മീറ്റർ വീതിയിൽ വഴി സൗകര്യമുള്ളതായി കാണാൻ കഴിഞ്ഞു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് പ്രവേശനമാർഗമുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയുടെ 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നു. വഴി സൗകര്യം കണക്കിലെടുക്കാതെ നികുതി ചുമത്തിയതിനാൽ നികുതിയിനത്തിൽ ഒരു വർഷം 238/- (1,192രൂപയുടെ 20%) രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

2015-16 ൽ വസ്തു നികുതിയിനത്തിലുണ്ടായ ആകെ നഷ്ടം ചുവടെ കൊടുക്കുന്നു

| ക്രമ നം. | തുക |
|---|---|
| 1 | ₹9,489 |
| 2 | ₹27,110 |
| 3 | ₹3,176 |
| 4 | ₹464 |
| 5 | ₹3,174 |
| 6 | ₹366 |
| 7 | ₹238 |
| ആകെ | ₹44,017 |

വസ്തു നികുതി കണക്കാക്കിയ ഉദ്യോഗസ്ഥൻ : ശ്രീമതി.അമിത.ബി, റവന്യൂ ഇൻസ്പെക്ടർ

വസ്തു നികുതി അംഗീകരിച്ച ഉദ്യോഗസ്ഥൻ : ദിനേശൻ.കെ.പി, റവന്യൂ ഓഫീസർ

നികുതി നിർണയത്തിലെ അപാകം ഓഡിറ്റ് അന്വേഷണം നം.12 തീയതി -31.10.16 മുഖേന അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വസ്തു നികുതി ചുമത്തിയതിൽ അപാകം ചൂണ്ടിക്കാട്ടിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നും ആയതു പ്രകാരം കെട്ടിട ഉടമയിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണയത്തിലെ അപാകം കാരണമുണ്ടായ നികുതി നഷ്ടം വർഷാവർഷം ആവർത്തിക്കുമെന്നതിനാൽ അപാകം പരിഹരിച്ച് വസ്തു നികുതി പുതുക്കി ഈടാക്കാൻ അടിയന്തിര നടപടികൾ ഉണ്ടാവണമെന്ന് നിർദ്ദേശിക്കുന്നു. വസ്തു നികുതിയിനത്തിൽ 2015-16 ൽ നഗരസഭയ്ക്കുണ്ടായ നഷ്ടം 44,017/- രൂപയും അനുബന്ധ സെസുകളും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് യഥാസമയം പുതുക്കുന്നില്ല -പൂർത്തീകരണ വിവരം ലഭ്യമാക്കുന്നില്ല – വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം

2009-10, 10-11, 11-12 എന്നീ വർഷങ്ങളിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില വ്യക്തികൾക്ക് നൽകിയ കെട്ടിട നിർമാണ പെർമിറ്റിന്റെ കാലാവധി വർഷങ്ങൾക്ക് മുൻപേ കഴിഞ്ഞെങ്കിലും നാളിതുവരെ പുതുക്കിയിട്ടില്ല എന്ന് കണ്ടു. കേരള മുനിസിപ്പാലിറ്റി കെട്ടിട ലൈസൻസ് ചട്ടങ്ങൾ 1999, ചട്ടം 15(1) പ്രകാരം കെട്ടിട നിർമാണ പെർമിറ്റിന്റെ കാലാവധി അത് നൽകിയ തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. എന്നാൽ മൂന്ന് വർഷ കാലാവധി കഴിഞ്ഞ പെർമിറ്റുകൾ യഥാസമയം പുതുക്കുകയോ, കെട്ടിടത്തിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തു കാണുന്നില്ല. കെട്ടിടങ്ങളുടെ നിർമാണ പെർമിറ്റ് പുതുക്കാത്തതിനാലും പൂർത്തീകരണ വിവരം നഗരസഭയെ അറിയിക്കാത്തതിനാലും പെർമിറ്റ് ഫീ ഇനത്തിലും വസ്തു നികുതി ഇനത്തിലും വൻ തുക നഗരസഭയ്ക്ക് വർഷാവർഷം നഷ്ടപ്പെടുകയാണ്. ഇത്തരം നികുതി ചോർച്ചകൾ തടയുന്നതിനായി കാലഹരണപ്പെട്ട ബിൽഡിംഗ് പെർമിറ്റ് ഉടമകൾക്കെതിരെ ഒരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. കെട്ടിട നിർമാണ പെർമിറ്റ് പുതുക്കാത്ത/പൂർത്തീകരണ വിവരം നഗരസഭയെ അറിയിക്കാത്ത കെട്ടിട ഉടമകളുടെ വിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധം 2 ൽ കൊടുത്തിട്ടുണ്ട്. കാലഹരണപ്പെട്ട ബിൽഡിംഗ് പെർമിറ്റുകൾ യഥാസമയം പുതുക്കുന്നതിനും പൂർത്തീകരിച്ച മുഴുവൻ നിർമാണ പ്രവൃത്തികൾക്കും നിയമാനുസൃത നികുതി ചുമത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ഓഡിറ്റ് നിർദേശിക്കുന്നു.

## 2-7 വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല – 390/- രൂപ നഷ്ടം

താഴെ പറയുന്ന വ്യക്തികളിൽ നിന്നും 2015-16 വർഷത്തെ 1-ാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നം. | പേരും വിലാസവും | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | സുമേഷ് കുമാർ, ഓഫീസ് അറ്റൻഡൻറ്, കേരള വാട്ടർ അതോറിറ്റി, വിദ്യാനഗർ | 74064 | 450 | 600 | 150 |
| 2 | അബ്ദുൾ റുബിയ, ഓഫീസർ, പോപ്പുലർ വെഹിക്കിൾ സർവ്വീസ് ലിമിറ്റഡ്, കാസറഗോഡ് | 43034 | 180 | 300 | 120 |
| 3 | ഇൻഷാദ് ടി.എം, അക്കൗണ്ടന്റ്, പോപ്പുലർ വെഹിക്കിൾ സർവ്വീസ് ലിമിറ്റഡ്, കാസറഗോഡ് | 33607 | 180 | 300 | 120 |
| ആകെ | | | | | 390 |

തൊഴിൽ നികുതിയിനത്തിൽ നഷ്ടമായ 390/- രൂപ നികുതി കണക്കാക്കി ഈടാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും (ശ്രീമതി.സുജാത, സെക്ഷൻ ക്ലർക്ക്) ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-8 നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെ കൊടുത്തിരിക്കുന്ന ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (2) മുതൽ (11) വരെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് താഴെ കാണിച്ച സ്ഥാപനങ്ങളിലെ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം | ആശുപത്രിയുടെ പേര് |
|---|---|
| 1 | കൃഷ്ണാ ഹോസ്പിറ്റൽ, വിദ്യാനഗർ |
| 2 | ചൈത്ര മെഡിക്കൽ സെന്റർ, വിദ്യാനഗർ |
| 3 | കെയർവെൽ നഴ്സിംഗ് ഹോം, നുള്ളിപ്പാടി |
| 4 | യുണൈറ്റഡ് നഴ്സിംഗ് ഹോം, ന്യൂ ബസ് സ്റ്റാന്റ്, കാസറഗോഡ് |
| 5 | കാസറഗോഡ് നഴ്സിംഗ് ഹോം |
| 6 | അരമന നഴ്സിംഗ് ഹോം, കാസറഗോഡ് |
| 7 | മല്യ സിറ്റി ഹോസ്പിറ്റൽ, കാസറഗോഡ് |
| 8 | ജനാർദ്ദനാ മെറ്റേർണിറ്റി നഴ്സിംഗ് ഹോം, കാസറഗോഡ് |

| | |
|---|---|
| 9 | മാലിക്ദീനാർ നഴ്സിംഗ് ഹോം, തളങ്കര |
| 10 | ധന്വന്തരി ആയുർവേദ ഹോസ്പിറ്റൽ, ന്യൂ ബസ് സ്റ്റാന്റ് |

## 2-9 മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കിയില്ല

നഗരസഭയുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികൾ 2015-16 വർഷത്തെ വാടക പൂർണമായി ഒടുക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | കെട്ടിടത്തിന്റെ പേര് | റൂം നം. | മാസ വാടക | സേവന നികുതി | കാലയളവ് | ഒടുക്കാനുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | | | | | വാടക | സേവന നികുതി |
| 1 | എ.എം.ഖാലിദ് ആനേബാഗിലു | പുതിയ ബസ് സ്റ്റാൻഡ്, 2-ാം നില | 11എ | 10,952 | 1,533 | 3/16 | 10,952 | 1,533 |
| 2 | എ.എം.ഖാലിദ് ആനേബാഗിലു | പുതിയ ബസ് സ്റ്റാൻഡ്, 2-ാം നില | 11ബി | 4,480 | 627 | 3/16 | 4,480 | 627 |
| 3 | കെ.എ.ഷാഫി | ഫിഷ് മാർക്കറ്റ് പഴയ ബ്ലോക്ക് ഒന്നാം നില | 10 | 1,344 | 188 | 2/16, 3/16 | 2,688 | 376 |
| 4 | സറീന.സി.കെ | പഴയ ബസ് സ്റ്റാൻഡ് (ബങ്ക്) | 1 | 3,361 | 471 | 3/16 | 3,361 | 471 |
| 5 | രവിചന്ദ്രൻ | പുതിയ ബസ് സ്റ്റാൻഡ് (പുതിയ ബങ്ക്) | 14 | 4,500 | 630 | 3/16 | 4,500 | 630 |
| 6 | ഷക്കീല മജീദ്, പ്രസിഡണ്ട്, പ്യൂവർ വാട്ടർ പ്രൊജക്ട് | വ്യവസായ കേന്ദ്രം | 8 | 5,000 | 700 | 12/15 മുതൽ 3/16 വരെ | 20,000 | 2,800 |
| | ആകെ | | | | | | 45,981 | 6,437 |

വാടക പൂർണമായി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 6 തീയതി: 20.09.16) മറുപടിയായി വാടകക്കാരിൽ നിന്നും വാടക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള 45,981/- രൂപയും 6,437/- രൂപ സേവന നികുതിയും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 538 (2) പ്രകാരമുള്ള പലിശയുമടക്കം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 തൊഴിൽ നികുതി -റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തുന്നില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 254 (2) പ്രകാരം ഓരോ സാമ്പത്തിക വർഷവും സെപ്റ്റംബർ മാസത്തിന്റെയും മാർച്ച് മാസത്തിന്റെയും അവസാനത്തിനു മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി ഒടുക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതും , ആ തുക, നികുതി തിട്ടപ്പെടുത്തുന്നതിന് എല്ലാ ജീവനക്കാരുടെയും വിശദാംശങ്ങൾ, പേര്, ഉദ്യോഗപ്പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി തുക എന്നിവയും ഒരു ലിസ്റ്റ് സഹിതം മുനിസിപ്പാലിറ്റിക്ക് നൽകേണ്ടതും സമർപ്പിച്ചിട്ടുള്ള പ്രസ്താവനയിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ശമ്പളം, ഡി.എ, ശമ്പള/ ഡി.എ കുടിശ്ശിക, ലീവ് സറണ്ടർ, ബോണസ്, ഉത്സവ ബത്ത എന്നിവ ഉൾപ്പെടുത്തി വേണം ഓരോ ജീവനക്കാരന്റെയും അർദ്ധവാർഷിക വരുമാനം കണക്കാക്കേണ്ടത്. എന്നാൽ ഇങ്ങനെ ലഭിക്കുന്ന റിട്ടേണുകൾ കൃത്യമായി സൂക്ഷ്മപരിശോധന നടത്തുന്നില്ല എന്ന് കണ്ടു. പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) <u>തൊഴിലുടമ സമർപ്പിക്കുന്ന റിട്ടേണുകൾ ക്രമനമ്പറിട്ട് സൂക്ഷിക്കുന്നില്ല.</u>

തൊഴിലുടമ സമർപ്പിക്കുന്ന റിട്ടേണുകൾ ക്രമനമ്പറിട്ട് സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ ഇൻഡക്സ്/ക്രമനമ്പർ രേഖപ്പെടുത്താത്തതിനാൽ സൂക്ഷ്മ പരിശോധന നടത്തുക പ്രയാസകരമായിരുന്നു. റിട്ടേണുകളുടെ ഫയലിങ്ങ്, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്.

2) <u>കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത റിട്ടേണുകൾ സ്വീകരിക്കുന്നത്</u>

കൃത്യമായ ശമ്പള വിവരങ്ങൾ രേഖപ്പെടുത്താത്തതോ, ആകെ അർദ്ധവാർഷിക ശമ്പളം മാത്രം രേഖപ്പെടുത്തിയതോ, ശമ്പളവിവരം ഒന്നും രേഖപ്പെടുത്താതെ നികുതി തുക മാത്രം രേഖപ്പെടുത്തി സമർപ്പിക്കുന്നതോ ആയ റിട്ടേണുകൾ യാതൊരു സൂക്ഷ്മപരിശോധനയും കൂടാതെ സ്വീകരിക്കുന്നു. റിട്ടേണുകളിലോ രജിസ്റ്ററുകളിലോ ബന്ധപ്പെട്ട സെക്ഷനോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനോ പരിശോധിച്ചതായി യാതൊരു രേഖപ്പെടുത്തലും കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | രാജു.കെ.വി.<br>എസ്.ഡബ്ല്യു.ഒ,<br>എസ്.ബി.ടി, കാസറഗോഡ് | ശമ്പള, ഡി.എ വിവരം നൽകിയിട്ടില്ല<br>ഈടാക്കിയ നികുതി - 1,000/- രൂപ |
| 2 | അശ്വിൻ കുമാർ.കെ,<br>ജെ.ടി.ഒ,<br>ബി.എസ്.എൻ.എൽ,<br>കാസറഗോഡ് | ശമ്പള, ഡി.എ വിവരം നൽകിയിട്ടില്ല<br>ഈടാക്കിയ നികുതി 450/- രൂപ |

## **2-11** <u>നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u> **– 10,000/-** <u>രൂപ നഷ്ടം</u>

2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കണ്ടില്ല. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (2) മുതൽ (11) വരെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കാണിച്ച സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഏത് അർദ്ധവർഷം | ഈടാക്കേണ്ട തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സെക്രട്ടറി, കാസറഗോഡ് താലൂക്ക് അഗ്രികൾച്ചർ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II | 2500 |
| 2 | പ്രിൻസിപ്പൽ, ദക്കീറത്ത് വിമൻസ് കോളേജ്, മാലിക് ദീനാർ നഗർ, തളങ്കര | I & II | 2500 |
| 3 | യുക്കോ ബാങ്ക്, നുള്ളിപ്പാടി, കാസറഗോഡ് | I & II | 2500 |
| 4 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്, സായാഹ്ന ശാഖ, കാസറഗോഡ് | I & II | 2500 |
| ആകെ | | | 10,000 |

സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നഷ്ടം വന്ന 10,000/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-12 പഴയ ബസ് സ്റ്റാന്റിലെ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വർഷങ്ങളായി ഒഴിച്ചിട്ടിരിക്കുന്നു - നഗരസഭയ്ക്ക് വരുമാന നഷ്ടം

2000-2001 വർഷത്തിൽ കാസറഗോഡ് പഴയ ബസ് സ്റ്റാന്റിനു സമീപം ഉദ്ദേശം 1.2 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിൽ 17, 20, 21, 30, 34എ, 34 ബി എന്നീ മുറികളും രണ്ടാംനിലയിലെ 2 ഹാളുകളും മൂന്നാം നിലയിലെ ഒരു വലിയ ഹാളും ഒഴിഞ്ഞു കിടക്കുകയാണ്. കാസറഗോഡ് നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നത് ശരിയല്ല. മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം തുടങ്ങിയതു മുതൽ മുറികളും, ഹാളുകളും ഒഴിഞ്ഞുകിടക്കുന്നു. ഇതിൽ നിന്നും നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടം വളരെ വലുതാണെന്ന് കണക്കാക്കാവുന്നതാണ്. ആയതിനാൽ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞു കിടക്കുന്ന മുറികളും ഹാളുകളും വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-13 പുതുതായി പണിത മത്സ്യമാർക്കറ്റ് ലേലം - ലേല ഉടമ്പടിയിൽ വൈദ്യുതി ചാർജ് ഒടുക്ക് വിഷയം ഉൾപ്പെടുത്തിയിട്ടില്ല –അധിക ചെലവ്

പുതുതായി പണികഴിപ്പിച്ച നഗരസഭ മത്സ്യ മാർക്കറ്റിലെ ഫീസ് പിരിച്ചെടുക്കുന്നതിനുള്ള കുത്തകാവകാശം 2016-17 വർഷത്തേക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ഏറ്റവും കൂടിയ തുകയായ 1,91,000/- രൂപയ്ക്ക് ശ്രീ.മുഹമ്മദ് ഷാഫി, റഹ്മാനിയ മൻസിൽ, നായന്മാർമൂല എന്നയാളാണ് ലേലം കൊണ്ട് ഏറ്റെടുത്തിട്ടുള്ളത്.

ലേലം സംബന്ധിച്ച കരാർ ഉടമ്പടി പരിശോധിച്ചതിൽ മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് ഒടുക്കൽ സംബന്ധിച്ച വിവരം കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. കെട്ടിടം ലേലം ചെയ്ത് നൽകിയാൽ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയ ചെലവുകൾ ലേലം കൊണ്ടയാൾ വഹിക്കേണ്ടതാണ്. എന്നാൽ ലേലം ചെയ്ത് നൽകിയ മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ വൈദ്യുതി ബിൽ (കൺസ്യൂമർ നം.25259)നഗരസഭയാണ് ഒടുക്കി വരുന്നത്. പ്രസ്തുത തുക ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. 2016-17 വർഷത്തെ ആദ്യ 6 മാസ കാലയളവിൽ വൈദ്യുതി ചാർജ് ഇനത്തിൽ നഗരസഭ ₹56,502 ഒടുക്കിയിട്ടുണ്ട്. (22,272+16,266+17964) ഈ വൈദ്യുതി ചെലവ് പരിശോധിച്ചാൽ ഒരു വർഷത്തേക്ക് നഗരസഭ മത്സ്യമാർക്കറ്റിന്റെ വൈദ്യുതി ചാർജിനത്തിൽ ഏകദേശം ₹1,13,004/- രൂപ ഒടുക്കേണ്ടിവരും.

വൈദ്യുതി ചാർജ് ഒടുക്കൽ സംബന്ധിച്ച് കരാർ ഉടമ്പടിയിൽ വ്യക്തതയില്ലാത്തതിനാൽ നഗരസഭയ്ക്ക് വൈദ്യുതി ബിൽ ഇനത്തിൽ ₹1,13,004/- യുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് നഗരസഭയുടെ ഭാഗത്ത്

നിന്നുള്ള വീഴ്ചയായി കാണുന്നു. വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ ഉടമ്പടിയിലെ പോരായ്മകൾ പരിഹരിച്ച് നഗരസഭ ഒടുക്കിയ വൈദ്യുതി ചാർജ് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1. ലൈസൻസിനുള്ള മിക്ക അപേക്ഷകളിലും ഹെൽത്ത് വിഭാഗം മേധാവിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നില്ല.
2. ഡിമാൻറ് രജിസ്റ്ററിൽ പിരിവ് വിവരം പൂർണമായി ചേർക്കാത്തതിനാൽ ടി ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച യഥാർത്ഥ പിരിവ് വിവരം ലഭിക്കാതെ പോകുന്നു.
3. ഡി & ഒ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല
4. അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥർ അഭിപ്രായ കുറിപ്പുകൾ രേഖപ്പെടുത്തി കാണുന്നില്ല. ആയതിനാൽ ലൈസൻസ് അനുവദിക്കുന്നതിനു മുമ്പായി ആവശ്യമായ പരിശോധനകൾ നടത്തിയത് സംബന്ധിച്ച് വ്യക്തതയില്ല. അപേക്ഷകളിൽ സെക്രട്ടറിയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഒപ്പ് വെയ്ക്കുന്നില്ല. ലൈസൻസ് അപേക്ഷകളിൽ സ്വീകരിച്ച നടപടികളും രേഖപ്പെടുത്തുന്നില്ല.
5. ലൈസൻസ് അപേക്ഷാ രജിസ്റ്റർ, ഇഷ്യൂ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ആകെ ലഭിച്ച അപേക്ഷകൾ, അനുവദിച്ച ലൈസൻസുകൾ, നിരാകരിച്ച അപേക്ഷകൾ എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

മേൽ വിവരിച്ച അപാകങ്ങൾ മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും പരിഹരിച്ചു കാണുന്നില്ല .

## 2-15 പ്യൂർ വാട്ടർ കുടിവെള്ള വിതരണ പദ്ധതി -നഗരസഭയ്ക്ക് ലഭിക്കേണ്ട തുക പൂർണമായും ഈടാക്കിയിട്ടില്ല

നഗരസഭയിൽ ചെലവു കുറഞ്ഞ രീതിയിൽ ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉൽപാദനവും വിതരണവും നടത്തുന്നതിനായി പ്രൊജക്ട് നം.135 പ്രകാരം "പ്യൂർ മിനറൽ വാട്ടർ സപ്ലൈ സ്കീം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാനഗർ നഗരസഭ വ്യവസായ പാർക്കിൽ സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും 21,00,000/- രൂപ ചെലവഴിച്ചിട്ടാണ് പദ്ധതി ആരംഭിച്ചത്. "ധരണ ഇൻഫ്രാ സ്ട്രക്ച്ചർ പ്രൊജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന കമ്പനിയാണ് 10 വർഷ കാലാവധി എന്ന എഗ്രിമെന്റിൽ പ്ലാൻറ് സ്ഥാപിച്ചിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരം മേൽ കമ്പനി 20 ലിറ്റർ കുടിവെള്ളം അടങ്ങുന്ന ഒരു ബോട്ടിലിന് ഒരു രൂപ എന്ന നിരക്കിൽ നഗരസഭയിൽ ഒടുക്കേണ്ടതാണ്. 11.01.2016 മുതലാണ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചത്. 11.01.2016 മുതൽ 31.10.2016 വരെ 57796 ബോട്ടിൽ കുടിവെള്ളം ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ കമ്പനി താഴെ വിവരിച്ച പ്രകാരം ആകെ 46,239/- രൂപ മാത്രമേ നഗരസഭയിൽ ഒടുക്കിയിട്ടുള്ളൂ. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മാസം | ബോട്ടിലുകളുടെ എണ്ണം | നഗരസഭയിൽ ഒടുക്കിയ തുക (അക്കൗണ്ട് നം.67162802543- എസ്.ബി.ടി) | |
|---|---|---|---|
| | | തീയതി | തുക (₹) |
| 2015-16 | | | |

| | | | |
|---|---|---|---|
| 01/16 | 674 | -- | -- |
| 02/16 | 2164 | 16.02.16 | 674 |
| 03/16 | 5702 | 02.0316 | 2,163 |
| ആകെ | 8540 | ---- | 2,837 |
| ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | | | 5,703 |
| 2016-17 | | | |
| 04/16 | 9585 | 04.04.16 | 5735 |
| 05/16 | 11668 | 03.05.16 | 9585 |
| 06/16 | 6057 | 22.06.16 | 11668 |
| 07/16 | 4695 | 01.08.16 | 10720 |
| 08/16 | 5694 | 06.09.16 | 5694 |
| 09/16 | 5316 | ---- | ---- |
| 10/16 | 6241 | ---- | ---- |
| ആകെ | 49256 | ---- | ₹43402 |
| ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | | | 5,854 |

2015-16 ൽ ഒടുക്കാൻ ബാക്കി നിൽക്കുന്ന 5,703/- രൂപയും 2016-17 ലെ 5,854/- രൂപയും എത്രയും പെട്ടെന്ന് ധരണ ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## **2-16** വ്യവസായ എസ്റ്റേറ്റിൽ സ്ഥലം ലീസിന് നൽകിയത് - അഞ്ച് സെന്റിനു പകരം അര ഏക്കർ ഉപയോഗിച്ചു - നഗരസഭ നടപടി സ്വീകരിക്കുന്നില്ല

ഫയൽ നം.R4-34086/15

കാസറഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിദ്യാനഗർ വ്യവസായ കേന്ദ്രത്തിൽ മദീന സോമിൽസ് എന്ന സ്ഥാപനത്തിന് മരം ഇറക്കി വയ്ക്കുന്നതിന് അഞ്ച് സെന്റ് സ്ഥലം 2009 ൽ ലീസിന് അനുവദിക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷം 15,770/- രൂപയും 2015-16 ൽ 19,949/- രൂപയും 2016-17 ൽ 21,944/- രൂപയും ലീസിനത്തിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ 2014-15 ൽ അഞ്ച് സെന്റിനു പകരം അര ഏക്കറോളം സ്ഥലം മിൽ ഉടമ ഉപയോഗിക്കുന്നതായി ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നഗരസഭ നടത്തിയ പരിശോധനയിൽ സ്ഥലം ലീസിനെടുത്ത മില്ലുടമ 44 സെന്റ് സ്ഥലം ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അനുവദിച്ചതിലും കൂടുതൽ സ്ഥലം ഉപയോഗിക്കുന്നതായി 2014-15 ൽ തന്നെ കണ്ടെത്തിയെങ്കിലും ആനുപാതിക, അധിക ഫീസ് ഈടാക്കാൻ നഗരസഭയ്ക്ക് നാളിതുവരെ സാധിച്ചിട്ടില്ല. കൂടാതെ ലീസ് റദ്ദ് ചെയ്യുകയും ഉണ്ടായില്ല. പകരം വർഷാവർഷം ലീസ് പുതുക്കി നൽകുകയാണ് ചെയ്തത്.

നിലവിൽ മില്ലുടമ മരം ഇറക്കി വയ്ക്കുന്നതിന് എത്ര സ്ഥലം ഉപയോഗിക്കുന്നുണ്ട് എന്ന് ഓഡിറ്റ് അന്വേഷണം

നം.51 തീയതി :16.01.17 മുഖേന മുനിസിപ്പൽ എഞ്ചിനീയറോട് ആരാഞ്ഞതിൽ നിലവിലും 44സെന്റ് സ്ഥലം ഉപയോഗിക്കുന്നുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. ഇതിൽ നിന്നു തന്നെ 2014-15 ൽ കണ്ടെത്തിയ കരാർ ലംഘനം ഇപ്പോഴും തുടരുന്നു എന്ന് കാണാവുന്നതാണ്.

ലീസിന് നൽകിയ അഞ്ച് സെന്റിനു പകരം 44 സെന്റ് സ്ഥലം ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമായ സാഹചര്യത്തിൽ 2014-15 മുതൽ ഫീസിനത്തിൽ ലഭിക്കേണ്ട ആനുപാതിക വർദ്ധനവ് കണക്കാക്കി ഈടാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ല :

നഗരസഭയിൽ വിവിധ പദ്ധതികൾക്കുവേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി സുതാര്യമല്ല. അധികാരങ്ങളും ചുമതലകളും വികേന്ദ്രീകരിച്ചതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ബഹു. കേരള ഹൈക്കോടതി, 1997 ഏപ്രിൽ മാസം നാലാം തീയതി ഒ.പി.നം.18175/1996 എൽ എന്ന കേസിലെ വിധിയിൽ വ്യക്തമാക്കിയത് പോലെ സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് നിയമപരമായ ഒരു ആവശ്യം കൂടിയാണ്. വാർഡ് സഭയ്ക്കാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം. ഏതൊരു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കലും സുതാര്യമായ ഒരു നടപടിക്രമം അനുസരിച്ചായിരിക്കണമെന്നും ഏതൊരു വിവേചനവും സ്വേച്ഛാധിപത്യവും മുനിസിപ്പൽ ആക്ടിന്റെ മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന്റെയും ലംഘനം ആയിരിക്കുമെന്നും ആ വിധി വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം.220/97 തസ്വഭവ തീയതി : 02.10.97 പ്രകാരം കേന്ദ്രവും സംസ്ഥാനവും സ്പോൺസർ ചെയ്യുന്ന പദ്ധതിയുടെ കാര്യത്തിൽ, ആ പദ്ധതികളുടെ മാർഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന അർഹതാ മാനദണ്ഡം പാലിക്കേണ്ടതാണ്. അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്കായി വ്യാപകമായ പ്രചാരണം കൊടുക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, ആസൂത്രണ പ്രസ്ഥാനത്തിലെ റിസോഴ്സ് പേഴ്സൺസ്, രാഷ്ട്രീയ പാർട്ടികളും സംയോജിത സംഘടനകളും, സന്നദ്ധ സംഘടനകൾ, ഫീൽഡ് ഉദ്യോഗസ്ഥർ മുതലായവരിൽ കൂടി പ്രചാരണം കൊടുക്കണം.

എല്ലാ പദ്ധതികൾക്കും അപേക്ഷാ ഫോറങ്ങൾ മലയാളത്തിലോ പ്രാദേശിക ഭാഷയിലോ തയ്യാറാക്കണം. അപേക്ഷാ ഫോറങ്ങൾ ലളിതമായിരിക്കണം. എന്നാൽ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ചേർത്തു തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിക്കുന്നതിനുവേണ്ട സൗകര്യമുണ്ടായിരിക്കുകയും വേണം. വാർഡ് സഭയ്ക്ക് മുമ്പ് ഒരു നിശ്ചിത കാലയളവിലും വാർഡ് സഭ സമ്മേളിക്കുമ്പോഴും അപേക്ഷ വിതരണം ചെയ്യേണ്ടതാണ്.

അപേക്ഷാ ഫോറത്തിൽ പരിശോധനയ്ക്കുള്ള ഒരു പ്രൊഫോർമ ഫോറം ഉൾപ്പെടുത്തേണ്ടതാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനിലൂടെയോ, നാമനിർദ്ദേശം ചെയ്യപ്പെട്ട സബ് കമ്മിറ്റി മുഖാന്തിരമോ ഉള്ള ഒരു പരിശോധനാ സംവിധാനത്തെപ്പറ്റി നഗരസഭ തീരുമാനിക്കണം. അതിനുശേഷം ഉടൻ തന്നെ വാർഡ് സഭാ യോഗങ്ങൾ വിളിക്കണം. വാർഡ് സഭയുടെ തുടക്കത്തിലും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യേണ്ടതുണ്ട്. പിന്നീട് മുമ്പ് ലഭിച്ചതും സഭ കൂടുന്ന സ്ഥലത്തു ലഭിച്ചതുമായ അപേക്ഷകളിൽ നിന്ന് അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കണം. യോഗ്യതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും വാർഡ് സഭയ്ക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

ഓരോ വാർഡിലും മുൻഗണനാക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിനുശേഷം മുൻഗണനാക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നഗരസഭ മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത് മുനിസിപ്പൽ കമ്മിറ്റി യോഗത്തിലാണ് തയ്യാറാക്കേണ്ടത്. ആ വിശേഷാൽ യോഗത്തിൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം നൽകണം.

എല്ലാ രേഖകളും അതായത്, അപേക്ഷാഫോറങ്ങൾ, പരിശോധനാ റിപ്പോർട്ടുകൾ, അന്വേഷണ റിപ്പോർട്ടുകൾ, തീരുമാനമെടുത്ത മിനുട്സുകൾ എല്ലാംതന്നെ പൊതുരേഖകളായിരിക്കുന്നതും ഇത് എല്ലാവർക്കും ലഭ്യമാകുന്നതും എല്ലാവർക്കും ഇതിന്റെ പകർപ്പുകൾ എടുക്കാവുന്നതുമാണ്. വാർഡ് സഭ അംഗീകരിച്ച കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപം അന്വേഷിച്ച് വസ്തുതാപരമാണെന്ന് കണ്ടാൽ ഒരു ഗുണഭോക്താവിന് അനുവദിച്ച സ്ഥാനം മാറ്റണമെങ്കിൽ വീണ്ടും വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം.

കാസറഗോഡ് നഗരസഭയിൽ വിവിധ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് മേൽ പറഞ്ഞ രീതിയിലല്ല. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃ പട്ടിക നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടില്ല എന്ന് കാണാം. മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നം.20 തീയതി :23.12.16) 22.12.2014 ലെ 57, 26 , 23.12.15 ലെ 27, 28 എന്നീ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. മറുപടി പ്രകാരം കൗൺസിൽ മിനുട്സ് പരിശോധിച്ചുവെങ്കിലും ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. നഗരസഭയിൽ വാർഡ് സഭ യോഗം പോലും കൃത്യമായി ചേർന്നിട്ടില്ല. നഗരസഭയിലെ 38 വാർഡുകളിൽ വാർഡ് സഭാ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ആവശ്യപ്പെട്ടപ്പോൾ കേവലം എട്ട് വാർഡുകളുടെ മിനുട്സ് ബുക്ക് മാത്രമാണ് ലഭ്യമാക്കിയത്. ലഭ്യമാക്കിയ മിനുട്സ് പരിശോധിച്ചതിൽ 2015-16 വർഷം 8 വാർഡുകളിൽ ഒരു തവണ മാത്രമേ വാർഡ് സഭ ചേർന്നതായി കാണുന്നുള്ളൂ. മറ്റ് വാർഡുകളിൽ വാർഡ് സഭ ചേർന്നതിന്റെ രേഖകൾ ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാൽ വാർഡ് സഭകൾ ചേർന്നിട്ടില്ല എന്ന് കണക്കാക്കുന്നു. ഓരോ വാർഡ് സഭയിലും വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ലഭിച്ച അപേക്ഷകളുടെ മുൻഗണനാ പട്ടിക, മുൻഗണന നിശ്ചയിക്കാൻ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ, ഓരോ അപേക്ഷകനും ലഭിച്ച മാർക്ക്, നഗരസഭാ തല മുൻഗണന പട്ടിക, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച മുൻഗണനാ പട്ടിക, മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരം തുടങ്ങിയ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നം.46, തീയതി :27.12.16 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഒരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മാർക്ക് രേഖപ്പെടുത്തിയ വാർഡ് അടിസ്ഥാനത്തിലുള്ള മുൻഗണനാ പട്ടിക ലഭ്യമല്ല എന്നാണ് അറിയിച്ചത്. ഇതിൽ നിന്നു തന്നെ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃ പട്ടിക മേൽ വിവരിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരമല്ല തയ്യാറാക്കിയത് എന്ന് കാണാം. വാർഡ് സഭ അംഗീകരിക്കാത്തതും മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ ഗുണഭോക്തൃ പട്ടികയിലൂടെയാണ് നഗരസഭയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എന്ന് കണക്കാക്കുന്നു. ഇതിലൂടെ ഏറ്റവും അർഹതപ്പെട്ട വ്യക്തികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യമുണ്ടാകുന്നു.

സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും മേൽ വിവരിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനാൽ അവർക്ക് ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇത് അധികാര വികേന്ദ്രീകരണത്തിന്റെ അന്ത:സത്തയെ തന്നെ ബാധിക്കുന്ന കാര്യമാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാവാതിരിക്കാൻ ബന്ധപ്പെട്ടവർ ജാഗരൂകമായിരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-2 നഗരസഭയിൽ വാർഡ് സഭ യോഗം കൃത്യമായി ചേരുന്നില്ല

കാസറഗോഡ് നഗരസഭയിലെ 38 വാർഡുകളിൽ വാർഡ് സഭാ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ആവശ്യപ്പെട്ടപ്പോൾ കേവലം 8 വാർഡുകളുടെ മിനുട്സ് ബുക്ക് മാത്രമാണ് ലഭ്യമാക്കിയത് (വാർഡ് 7, 12, 14, 17, 20, 21, 29, 32). ലഭ്യമാക്കിയ മിനുട്സ് പരിശോധിച്ചതിൽ 2015-16 വർഷം ഒരു തവണ മാത്രമേ വാർഡ് സഭ ചേർന്നതായി കാണുന്നുള്ളൂ (7-ാം വാർഡിലെ വാർഡ് സഭ 25.07.15 നും, 12 ലേത് 24.07.15 നും, 14 ലേത് 26.07.15 നും, 17 ലേത് 29.07.15 നും, 20 ലേത് 29.08.15 നും, 21 ലേത് 31.07.15 നും, 29 ലേത് 26.07.15 നും, 32 ലേത് 28.07.15 നുമാണ് ചേർന്നിരിക്കുന്നത്). അവശേഷിക്കുന്ന വാർഡുകളിലെ വാർഡ് സഭ ചേർന്നതിന്റെ മിനുട്സ് ഹാജരാക്കാത്തതിനാൽ വാർഡ് സഭ ചേർന്നിട്ടില്ല എന്ന് കണക്കാക്കുന്നു. കൂടാതെ വാർഡ് സഭ അതിന്റെ കടമകളോ ഉത്തരവാദിത്തങ്ങളോ വേണ്ടവിധം നിറവേറ്റാറില്ല എന്നും വ്യക്തമായി. സർക്കാരിന്റെ സർക്കുലർ നം.22675/എൽ.3/99 തസ്വഭവ തീയതി 03.08.2004 പ്രകാരം വാർഡ് സഭകൾ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേരേണ്ടതാണ്. പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രമായി ചേരുന്ന വാർഡ്

സഭാ യോഗങ്ങളെ വാർഡ് സഭകളുടെ പ്രത്യേക യോഗങ്ങളായി കണക്കാക്കേണ്ടതും അവ സർക്കുലറിൽ പറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുന്നതായി കണക്കാക്കാൻ പാടില്ലാത്തതുമാണ്.

വാർഡ് സഭാ യോഗം വിളിച്ചു കൂട്ടുന്നതിനുള്ള ചുമതല അതിന്റെ കണവീനർ കൂടിയായ വാർഡ് കൗൺസിലറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഒരു വാർഡ് കൗൺസിലർ താൻ കണവീനറായിരിക്കുന്ന വാർഡ് സഭയുടെ യോഗം മൂന്നു മാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി രണ്ടു വീഴ്ച വരുത്തിയാൽ കൗൺസിലർ സ്ഥാനത്തു തുടരാൻ അയോഗ്യനായി തീരുന്നതാണ്. (1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42, സർക്കുലർ നം.22675/എൽ.3/ 99 തസ്വഭവ തീയതി: 03.08.2004

യോഗത്തിന്റെ അജണ്ട കൃത്യമായി രേഖപ്പെടുത്തുകയോ തീരുമാനങ്ങൾ വ്യക്തമായി രേഖപ്പെടുത്തുകയോ വാർഡ് സഭ അതിന്റെ അനിവാര്യമായ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യാതെയാണ് വാർഡ് സഭകൾ ചേരുന്നത്. വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക, അത് നടപ്പാക്കുന്നതിനാവശ്യമായ ധനസഹായം നൽകുക, മുൻഗണന നിശ്ചയിക്കുക, പദ്ധതികൾക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കുക, തെരുവ് വിളക്കുകൾ, വാട്ടർ ടാപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുക, വാർഷിക വരവ് ചെലവ് കണക്ക്, ബജറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവയെക്കുറിച്ച് അറിയാനും ചർച്ച ചെയ്യാനും ശ്രദ്ധിക്കുക എന്നീ പ്രഥമവും, പ്രധാനവുമായ കർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ വാർഡ് സഭകൾ തികഞ്ഞ പരാജയമാണ്. വാർഡ് കണവീനറോ കോ-ഓഡിനേറ്ററോ, കൗൺസിലോ, സെക്രട്ടറിയോ ഇത് കാര്യമായെടുക്കാറില്ല എന്നതാണ് ഈ അവസ്ഥയ്ക്ക് കാരണം. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് അനുശാസിക്കും വിധം വാർഡ് സഭകൾ ചേരണമെന്നും വാർഡ് സഭാ മിനുട്സുകൾ സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം.31 തീയതി : 16.12.16)

## 3-3 വനിതകൾക്ക് വീട് പുനരുദ്ധാരണ ധനസഹായം -സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച രേഖകളില്ലാതെ പണം നൽകിയത് - അംഗീകരിക്കുന്നില്ല

പ്രൊജക്ട് നം.271/15-16 പൊതു വിഭാഗം -₹15,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യ നിർമാർജ്ജനം

(സി.ഡി.എസ് മെമ്പർ സെക്രട്ടറി)

വനിതകൾക്ക് വീട് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 2015-16 വർഷം പ്രൊജക്ട് നം.271/15-16 പ്രകാരം 60 കുടുംബങ്ങൾക്ക് 25,000/- രൂപ വീതം ആകെ 15,00,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ തീയതി : 30.03.2016 – 15,00,000/- രൂപ)

12-ാം പദ്ധതിയുടെ പുതുക്കിയ മാർഗരേഖ ജി.ഒ. (എം.എസ്) 4/2016 തസ്വഭവ തീ :11.01.2016 പ്രകാരം " വീട് പുനരുദ്ധാരണത്തിന് ” പൊതു വിഭാഗങ്ങൾക്ക് 25,000/- രൂപ ധനസഹായം താഴെ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്.

1. വരുമാന പരിധി 50,000/- രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.
2. വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ അറ്റകുറ്റ പണികൾ അനിവാര്യമായിരിക്കണം
3. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം.
4. എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്
5. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ.

എന്നാൽ പ്രൊജക്ട് നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽ വിവരിച്ച ഒരു മാനദണ്ഡവും പാലിച്ചു

കാണുന്നില്ല. പകരം പദ്ധതി തുക വർഷാവസാനം ട്രഷറിയിൽ നിന്നും പിൻവലിച്ച് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

വീട് പുനരുദ്ധാരണത്തിനുള്ള ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ഒരു മാനദണ്ഡവും പാലിക്കാതെയാണ് വീട് പുനരുദ്ധാരണത്തിനുള്ള ധനസഹായം നൽകിയിട്ടുള്ളത് എന്ന് കാണാൻ കഴിഞ്ഞു. പദ്ധതിയ്ക്കായി നഗരസഭ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടില്ല. നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം.8 തീയതി : 26.11.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം ആകെ ധനസഹായം നൽകിയ 60 ഗുണഭോക്താക്കളിൽ 2 പേരിൽ നിന്നു മാത്രമേ വരുമാന സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളൂ. (ക്രമ നം.14 – ബീഫാത്തിമ ,W/o.അബ്ദുൾ റഹിമാൻ, ക്രമ നം.22-കമല, W/o.ലക്ഷ്മണൻ) ബാക്കി 58 പേർക്കും വരുമാന പരിധി കണക്കാക്കാതെയാണ് സബ്സിഡി തുക നൽകിയിട്ടുള്ളത് .

വീട് പുനരുദ്ധാരണം/അറ്റകുറ്റപ്പണികൾ അനിവാര്യമായിരിക്കണം എന്ന മാനദണ്ഡവും ഇവിടെ പാലിക്കപ്പെട്ടില്ല. വീട് പുനരുദ്ധാരണം അനിവാര്യമാണെന്ന സാക്ഷ്യപത്രം ഒരു ഗുണഭോക്താവും സമർപ്പിച്ചതായി കാണുന്നില്ല.

പുതിയ വീട് നിർമ്മിച്ച് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ സർക്കാർ ഉത്തരവ് പ്രകാരം ഈ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ ഇത് സംബന്ധിച്ച് ആരും പരിശോധന നടത്തിയതായോ സാക്ഷ്യപത്രം നൽകിയതായോ കാണുന്നില്ല.

സർക്കാർ ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയർ പുനരുദ്ധാരണ പ്രവൃത്തിയുടെ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി തുക നൽകേണ്ടത്. എന്നാൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ അളവുകളോ ശുപാർശയോ ഇല്ലാതെയാണ് മുഴുവൻ പേർക്കും സബ്സിഡി തുക നൽകിയിട്ടുള്ളത്. 2016 മാർച്ച് മാസം 30 ന് ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് മുഴുവൻ പേർക്കും നൽകുകയാണുണ്ടായത്. പിന്നീട് 2016 ഒക്ടോബർ, നവംബർ മാസങ്ങളിലാണ് എഞ്ചിനീയറിൽ നിന്നും അളവുകൾ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

വീട് പുനരുദ്ധാരണ പ്രവൃത്തിക്ക് തുക കൈപ്പറ്റിയ 60 പേരുടെയും ഫയൽ പരിശോധിച്ചതിൽ നാളിതുവരെയായി (06.12.2016) 36 ഗുണഭോക്താക്കൾക്ക് മാത്രമേ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ അളവുകൾ/വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളൂ എന്ന് കാണുകയുണ്ടായി. താഴെ വിവരിച്ച ഗുണഭോക്താക്കൾക്ക് എഞ്ചിനീയറിംഗ് വിഭാഗം അളവുകൾ/വിനിയോഗ സാക്ഷ്യപത്രം നൽകിയതായി കാണുന്നില്ല.

| ക്രമ നം | 2015-16 ലെ വീട് പുനരുദ്ധാരണ രജിസ്റ്ററിലെ ക്രമ നം. | പേരും മേൽവിലാസവും | ഡി.ഡി നം., തീയതി, തുക |
|---|---|---|---|
| 1 | 6 | നെഫീസ, W/o.മുഹമ്മദ് ബഷീർ, വാർഡ്-23, തളങ്കര | 185149/20.04.16 ₹25,000 |
| 2 | 31 | സബിത ഖലീൽ, W/o.ഖലീൽ ഖാസി ലെയ്ൻ, തളങ്കര | 185147/20.04.16 ₹25,000 |

| | | | |
|---|---|---|---|
| 3 | 38 | ഫൗസിയ, W/o.നൗഷാദ്,<br>വീട് നം.15/147, കൊല്ലമ്പാടി | 185164/20.04.16<br>₹25,000 |
| 4 | 39 | ബീഫാത്തിമ, W/o.യൂസഫ് (late)<br>കൊല്ലമ്പാടി | 185165/20.04.16<br>₹25,000 |
| 5 | 40 | ഫാത്തിമാബി, W/o.മുഹമ്മദ് ഗൗസ്,<br>തെരുവത്ത്, നിയർ മഡോണ സ്കൂൾ | 185146/20.04.16<br>₹25,000 |
| 6 | 41 | ബീബി, W/o.ഇല്യാസ്,<br>ഹാഷിം സ്ട്രീറ്റ്, തെരുവത്ത് | 185145/20.04.16<br>₹25,000 |
| 7 | 42 | നെബീസ, W/o.അബ്ദുൾ റഹ്മാൻ,<br>തായലങ്ങാടി, കാസറഗോഡ് | 185163/20.04.16<br>₹25,000 |
| 8 | 43 | നാസിയ, W/o. മുഹമ്മദ്.കെ.പി<br>പള്ളിക്കാൽ, തളങ്കര | 185123/20.04.16<br>₹25,000 |
| 9 | 44 | ഫാത്തിമ, W/o.അബ്ദുൾ റഷീദ്,<br>സി.എ.ഹൗസ്, നായന്മാർമൂല | 185108/20.04.16<br>₹25,000 |
| 10 | 45 | കാർത്യായനി, W/o.നാരായണൻ (late)<br>നായന്മാർമൂല ഐ.ടി.സി | 185109/20.04.16<br>₹25,000 |
| 11 | 46 | കാർത്യായനി, W/o.കോമൻ (late)<br>സിറാമിക്സ് റോഡ്, തളങ്കര | 185151/20.04.16<br>₹25,000 |
| 12 | 48 | ബീഫാത്തിമ, W/o.അബ്ദുൾ റഹ്മാൻ,<br>ചെരങ്കൈ കടപ്പുറം | 185115/20.04.16<br>₹25,000 |

| | | | |
|---|---|---|---|
| 13 | 49 | ഖദീജ അബ്ദുൾ ഖാദർ,<br>ജദീദ് റോഡ്, തളങ്കര | 185136/20.04.16<br>₹25,000 |
| 14 | 50 | റുഖിയ, W/o.മഹമ്മൂദ് (late)<br>നെല്ലിക്കുന്ന് , കാസറഗോഡ് | 185110/20.04.16<br>₹25,000 |
| 15 | 51 | ആയിഷ, W/o.മുഹമ്മദ്,<br>മെഹ് ബൂബ് റോഡ്, അണങ്കൂർ | 185120/20.04.16<br>₹25,000 |
| 16 | 52 | ജെമീല, W/o.അബൂബക്കർ,<br>ഹാഷിം സ്ട്രീറ്റ്, തെരുവത്ത് | 185156/20.04.16<br>₹25,000 |
| 17 | 53 | ബീവി, W/o.അബൂബക്കർ,<br>പള്ളിക്കാൽ, തളങ്കര | 185138/20.04.16<br>₹25,000 |
| 18 | 54 | ബീഫാത്തിമ, W/o.അബ്ദുൾ റഹ്മാൻ,<br>ചാല റോഡ്, വിദ്യാനഗർ | 185112/20.04.16<br>₹25,000 |
| 19 | 55 | ആയിശ, W/o.ഷാഫി,<br>തെരുവത്ത്, കാസറഗോഡ് | 185121/20.04.16<br>₹25,000 |
| 20 | 56 | ചന്ദ്രാവതി, W/o.ദാമോദരൻ<br>കാനക്കോട്, തളങ്കര | 185160/20.04.16<br>₹25,000 |
| 21 | 57 | ഹലീമ, W/o.ഹസൈനാർ<br>നിയർ റെയിൽവെ സ്റ്റേഷൻ ഷോപ്പ്, തെരുവത്ത് | 185159/20.04.16<br>₹25,000 |
| 22 | 58 | ഖദീജ, W/o.ഉസ്മാൻ<br>ഖാസി ലെയ്ൻ, തളങ്കര | 185152/20.04.16<br>₹25,000 |

| | | | |
|---|---|---|---|
| 23 | 59 | ബീഫാത്തിമ, തായൽ ഹൗസ്, വിദ്യാനഗർ, കാസറഗോഡ് | 185113/20.04.16 ₹25,000 |
| 24 | 60 | അനീസ അഹമ്മദ്, W/o.അഹമ്മദ് ബാങ്കോട്, തളങ്കര | 185114/20.04.16 ₹25,000 |
| | ആകെ | | ₹6,00,000 |

വീട് പുനരുദ്ധാരണ പ്രവൃത്തിയുടെ പുരോഗതി അന്വേഷിച്ച ഓവർസീയർ ശ്രീമതി.സരസമ്മ.സി.എസ് സമർപ്പിച്ച റിപ്പോർട്ടിൽ പുനരുദ്ധാരണ രജിസ്റ്ററിലെ ക്രമ നം. 6 ൽ കാണിച്ച നെഫീസ, W/o.മുഹമ്മദ് ബഷീർ, തളങ്കര എന്ന വ്യക്തിയുടെ കെട്ടിടം പണിതിരിക്കുന്നത് 2008-09 വർഷത്തിലാണെന്നും ഈ കെട്ടിടത്തിന് പെയിന്റ് മാത്രമേ ചെയ്തിട്ടുള്ളൂ എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നു തന്നെ യഥാർത്ഥ ഗുണഭോക്താക്കൾക്കല്ല സബ്സിഡി തുക നൽകിയിട്ടുള്ളത് എന്ന് കണക്കാക്കാവുന്നതാണ്.

മേൽ വിവരിച്ച ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതായുള്ള എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അളവുകൾ/വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 27 തീയതി-15.12.16 പ്രകാരം സി.ഡി.എസ് മെമ്പർ സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇതിൽ നിന്നും മേൽ വിവരിച്ച ഗുണഭോക്താക്കൾ വീട് പുനരുദ്ധാരണ പ്രവൃത്തി നടത്തിയിട്ടില്ലായെന്നു വ്യക്തമാണ്. എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വിനിയോഗ സാക്ഷ്യപത്രം/അളവുകൾ ഇല്ലാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക വിതരണം ചെയ്തത് സർക്കാർ ഉത്തരവിന്റെ ലംഘനമായതിനാൽ, ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ചതായുള്ള എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ സാക്ഷ്യപത്രമില്ലാതെ ചെലവ് ചെയ്ത 6,00,000/- രൂപ (24x25,000) ഓഡിറ്റിൽ നിരാകരിക്കുന്നു. മേപ്പടി തുക 18% പലിശ സഹിതം ട്രഷറിയിൽ നിന്നു പണം പിൻവലിച്ച നിർവ്വഹണ ഉദ്യോഗസ്ഥനായ സി.ഡി.എസ് മെമ്പർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ വീട് പുനരുദ്ധാരണ പ്രവൃത്തിക്കായി ചെലവഴിച്ച 9,00,000/- (15,00,000-6,00,000) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഭവന നിർമാണം - നിർമാണ ഘട്ടം പൂർത്തിയാക്കാത്ത ഗുണഭോക്താവിന് അടുത്ത ഗഡുക്കൾ നൽകിയത് - അംഗീകരിക്കുന്നില്ല :-

നിർവ്വഹണ ഉദ്യോഗസ്ഥൻ : CDS മെമ്പർ സെക്രട്ടറി

നഗരസഭയുടെ വിവിധ ഭവന നിർമാണ പദ്ധതികളായ ബി.പി.എൽ ഭവന നിർമാണം, വനിത ഭവന നിർമാണം എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഭവന നിർമാണത്തിനായി 2,00,000/-രൂപ വീതം ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിൽ 40,000/- രൂപ ഗുണഭോക്താവുമായുള്ള കരാർ ഉടമ്പടിക്കു ശേഷവും 50,000/- രൂപ തറ നിർമാണ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷവും 60,000/- രൂപ ചുമർ നിർമാണം പൂർത്തീകരിച്ചതിനു ശേഷവും ബാക്കി 50,000/- രൂപ നിർമാണം പൂർത്തീകരിച്ചതിനു ശേഷവുമാണ് ഗുണഭോക്താവിന് നൽകി വരുന്നത്. നിർമാണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കിയതായി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അടുത്ത ഗഡു തുക അനുവദിക്കുന്നത്.

എന്നാൽ, താഴെ വിവരിച്ച രണ്ട് ഗുണഭോക്താക്കൾക്ക് നിർമാണഘട്ടം പൂർത്തിയാക്കാതെ തന്നെ കൂടുതൽ തുക നൽകിയതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ | വർഷം, | പേര്, മേൽവിലാസം | നൽകിയ | ഡിഡി | പൂർത്തിയായ |
|---|---|---|---|---|---|

| നം. | രജിസ്റ്ററിലെ ക്രമ നം. | | തുക | നം./തീയതി | നിർമാണ ഘട്ടം |
|---|---|---|---|---|---|
| 1 | 2013-14<br>ബി.പി.എൽ<br>പൊതു വിഭാഗം, 23 | ശ്രീ.സുബൈർ.പി.എം,<br>S/o.പി.എ.മുഹമ്മദ് (late)<br>നെല്ലിക്കുന്ന് കടപ്പുറം | 40,000<br>1,10,000 | 306842/8.5.14<br>566960/7.4.15 | തറ നിർമാണം മാത്രം പൂർത്തീകരിച്ചു |
| | ആകെ നൽകിയ തുക | | 1,50,000 | | |
| 2 | 2014-15<br>ബി.പി.എൽ<br>പൊതു വിഭാഗം 19 | ശ്രീ.കമറുദ്ദീൻ.എം<br>S/o.മൊയ്തീൻ കുന്നിൽ അബ്ദുള്ള,<br>അസർ മൻസിൽ, ക്രസന്റ് റോഡ്<br>തളങ്കര | 40,000<br>1,10,000 | 635351/17.6.15<br>189094/18.1.16 | തറ നിർമാണം ആരംഭിച്ചിട്ടില്ല |
| | ആകെ നൽകിയ തുക | | 1,50,000 | | |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമാണ പുരോഗതി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുമായി 24.12.2016 ന് നേരിട്ട് നടത്തിയ സംയുക്ത പരിശോധനയിൽ ക്രമ നം.1 ലെ ശ്രീ.സുബൈർ.പി.എം, S/o.പി.എ.മുഹമ്മദ് (late) എന്നവരുടെ തറ നിർമാണ പ്രവൃത്തി മാത്രം പൂർത്തിയായതായി കണ്ടു. തറ നിർമാണ പ്രവൃത്തി പൂർത്തിയാക്കിയ ടിയാന് രണ്ടാം ഗഡു (ഒന്നാം ഗഡു 40,000+രണ്ടാം ഗഡു-50,000 = 90,000) ഉൾപ്പെടെ 90,000/- രൂപ നൽകാവുന്നതാണ്. എന്നാൽ, ചുമർ നിർമ്മിച്ചതായുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രമില്ലാതെ തറ നിർമാണ പ്രവൃത്തി മാത്രം പൂർത്തിയാക്കിയ ടിയാന് 90,000/- രൂപയ്ക്ക് പകരം 1,50,000/-രൂപ നൽകിയിട്ടുണ്ട്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ക്രമ നമ്പർ രണ്ടിലെ ശ്രീ.എം.കമറുദ്ദീൻ, S/o.മൊയ്തീൻ കുന്നിൽ അബ്ദുള്ള എന്നയാൾ നാളിതുവരെ തറ നിർമാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലയെന്ന് എഞ്ചിനീയറിംഗ് വിഭാഗവുമായി നടത്തിയ സംയുക്ത പരിശോധനയിൽ കാണാൻ കഴിഞ്ഞു. മേൽ വിവരിച്ച പ്രകാരം കരാർ ഉടമ്പടിയിൽ ഏർപ്പെട്ട ഗുണഭോക്താവ് എന്ന നിലയിൽ മുൻകൂർ തുക 40,000/- രൂപ മാത്രമാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ശ്രീ. എം.കമറുദ്ദീൻ എന്നായാൾക്ക് ഭവന നിർമാണ പ്രവൃത്തി ആരംഭിക്കാതെ തന്നെ രണ്ടും മൂന്നും ഗഡുക്കൾ (ആകെ ₹1,50,000) അനുവദിച്ചിട്ടുണ്ട്. ഇതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇക്കാര്യം ഓഡിറ്റ് അന്വേഷണം നം.44 തീയതി : 26.12.16 മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. എന്നാൽ നിർമാണഘട്ടം പൂർത്തിയാക്കാതെ പണം നൽകിയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. പകരം ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നിർമാണഘട്ടം പരിശോധിക്കാതെ, എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം ഇല്ലാതെ ശ്രീ. എം.കമറുദ്ദീൻ, S/o.മൊയ്തീൻ കുന്നിൽ അബ്ദുള്ള എന്നയാൾക്ക് കൂടുതലായി നൽകിയ 1,10,000/- രൂപയും, ശ്രീ.സുബൈർ.പി.എം, S/o.പി.എ.മുഹമ്മദ് (late) എന്നവർക്ക് കൂടുതലായി നൽകിയ 60,000/- രൂപയും, ആകെ 1,70,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ക്രമവിരുദ്ധമായി കൂടുതൽ നൽകിയ 1,70,000/- രൂപ 18% പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനായ സി.ഡി.എസ് മെമ്പർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ശ്രീ.സുബൈറിന്റെ തറ നിർമാണം മാത്രം പൂർത്തിയാക്കിയ നിലയിൽ



ശ്രീ. കമറുദ്ദീൻ ഭവന നിർമാണത്തിനായി ഒരുക്കിയ സ്ഥലം



## 3-5 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രൊജക്ട് നം. : 125/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.എസ് മെമ്പർ സെക്രട്ടറി

അടങ്കൽ തുക : 17,50,000

സ്രോതസ്സ് : പദ്ധതി വിഹിതം

പ്രൊജക്ട് നം.125/15-16 പ്രകാരം നഗരസഭയിൽ 2015-16 വർഷത്തിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തി 17,50,000/- രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 1,25,000/- പ്രകാരം ആകെ 14 ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചത്. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 362/13 തസ്വഭവ തീയതി : 16.11.13 പ്രകാരം വീട് നിർമാണത്തിന് സ്ഥലം വാങ്ങാൻ ധനസഹായം നൽകുന്നതിന് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരുടെ വരുമാന പരിധി 50,000/- രൂപയിൽ കവിയാൻ പാടില്ല. വീട് നിർമാണത്തിന് ധനസഹായം ലഭിക്കാൻ അർഹതയുള്ളവർക്ക് മാത്രമേ സ്ഥലത്തിന് അർഹതയുള്ളൂ. വീട് നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ലാത്തവർ എന്നിവരായിരിക്കണം ഗുണഭോക്താക്കൾ. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അപാകങ്ങൾ കാണുന്നു.

1. നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3. വീട് നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

(എ) സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകി

2,50,000/- രൂപ നിരാകരിക്കുന്നു.

താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി ഉണ്ടെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം, | പേര്, മേൽവിലാസം | നൽകിയ തുക | ഡി.ഡി.നം. തീയതി |
|---|---|---|---|---|
| 1 | 10 | അബ്ദുൾ റിയാസ്, S/o.യൂസഫ്, ഖാസി ലെയ്ൻ, തളങ്കര | 1,25,000 | 636046/13/8/15 |
| 2 | 11 | മുഹമ്മദ് റഫീക്ക് എം.എസ്, ഖദീജ മൻസിൽ, പള്ളിക്കാൽ എം.ഡി.നഗർ തളങ്കര | 1,25,000 | 636042/13/8/15 |
| | ആകെ | | 2,50,000 | |

സ്വന്തമായി ഭൂമി ഉള്ളവർക്ക് ഭൂമി വാങ്ങാൻ ധനസഹായം നൽകിയതിനുള്ള കാരണം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി നം.19 തീയതി : 26.11.2016 മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സ്വന്തമായി ഭൂമി ഉള്ള മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച 2,50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക 18% പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനായ സി.ഡി.എസ് മെമ്പർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

(ബി) സബ്സിഡി മാർഗ നിർദ്ദേശാനുസരണം ഹാജരാക്കേണ്ട രേഖകൾ ഹാജരാക്കാത്തവർക്ക് ധനസഹായം നൽകിയത് അംഗീകരിക്കുന്നില്ല – ചെലവ് 15,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഭൂമി വാങ്ങൽ സംബന്ധിച്ച് സർക്കാർ നിർദ്ദേശിച്ച സബ്സിഡി മാനദണ്ഡങ്ങൾ (07.01.2008 ലെ ജി.ഒ.(എം.എസ്) 9/2008 നമ്പർ ഉത്തരവും ജി.ഒ.(എം.എസ്) 362/2013 തസ്വഭവ തീയതി : 16.11.2013 ഉത്തരവും, വാർഷിക വരുമാനം 50,000/- രൂപയിൽ അധികരിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും, ഗുണഭോക്താവിന് സ്വന്തമായി ഭൂമി ഇല്ല എന്ന സാക്ഷ്യപത്രവും) പാലിക്കാത്തതിനാൽ താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി അനുവദിച്ച 15,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | പേര്, മേൽവിലാസം | നൽകിയ തുക | ഡി.ഡി നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 1 | ആയിഷത്ത് മിസിരിയ, W/o.ഇ.കെ.അബ്ദുൾ ഖാദർ | 1,25,000 | 636503 13.08.15 |
| 2 | 2 | അബ്ദുൾ ഹമീദ്, S/o.മുഹമ്മദ് കുഞ്ഞി അലീന മൻസിൽ, സീനത്ത് നഗർ, ബാങ്കോട് | 1,25,000 | 636506 13.08.15 |
| 3 | 3 | ആശ, W/o.ദിനകർ SCBBM റോഡ്, കടപ്പുറം | 1,25,000 | 636502 13.08.15 |

| | | | | |
|---|---|---|---|---|
| 4 | 4 | ഷാഹിദാബി, W/o.യയൂസഫ്<br>ബാങ്കോട്, തളങ്കര | 1,25,000 | 636504<br>13.08.15 |
| 5 | 5 | സാഹിറ ഭാനു,<br>W/o.മുഹമ്മദ് കുഞ്ഞി,<br>കൊല്ലമ്പാടി | 1,25,000 | 636048<br>13.08.15 |
| 6 | 6 | അബ്ദുൾ റസാഖ് , S/o.ഖാലിദ്<br>പള്ളം റോഡ്, നെല്ലിക്കുന്ന് | 1,25,000 | 636505<br>13.08.15 |
| 7 | 7 | ഹസീന.എം.എസ്,<br>W/o.മുഹമ്മദലി<br>സിറാമിക്സ് റോഡ്,<br>തെരുവത്ത് | 1,25,000 | 636047<br>13.08.15 |
| 8 | 8 | ഖാലിദ്, S/o.മുഹമ്മദ്<br>കൊല്ലമ്പാടി | 1,25,000 | 636049<br>13.08.15 |
| 9 | 9 | സുഹറ.ടി.എ.<br>W/o.അബ്ദുൾ ഖാദർ<br>സിറാമിക്സ് റോഡ്, കാസറഗോഡ് | 1,25,000 | 636042<br>13.08.15 |
| 10 | 12 | മുഹമ്മദ് ഹനീഫ, S/o.ഹംസ,<br>പള്ളിക്കാൽ, കാസറഗോഡ് | 1,25,000 | 636044<br>13.08.15 |
| 11 | 13 | മുഹമ്മദ് അൻവർ,<br>ബാങ്കോട്, കാസറഗോഡ് | 1,25,000 | 636045<br>13.08.15 |
| 12 | 14 | സി.കെ.ബാലൻ,<br>S/o.കൃഷ്ണൻ (late)<br>കസബ ബീച്ച്, കാസറഗോഡ് | 1,25,000 | 636050 |
| | | ആകെ | 15,00,000 | |

മേൽ വിവരിച്ച ഗുണഭോക്താക്കളുടെ വാർഷിക വരുമാനം സംബന്ധിച്ച സാക്ഷ്യപത്രവും സ്വന്തമായി ഭൂമിയില്ലായെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രവും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം രേഖകൾ ഇല്ലായെന്ന് കണക്കാക്കി തടസ്സപ്പെടുത്തിയ തുകയായ 15,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സി.ഡി.എസ് മെമ്പർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ്.

## 3-6 <u>ആശ്രയ ഭവന പദ്ധതി - പാതി വഴിയിൽ - ലക്ഷങ്ങൾ ചെലവഴിച്ചത് പാഴാകുന്നു.</u>

സമൂഹത്തിലെ നിരാലംബരും നിത്യജീവിതം തള്ളിനീക്കാൻ പ്രയാസപ്പെടുന്നവരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനാണ് ആശ്രയ പദ്ധതി നിലവിൽ വന്നത്. 16.11.2013 ലെ

ജി.ഒ.(എം.എസ്) 362/13 പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി 'ആശ്രയ' പ്രൊജക്ട് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആശ്രയ പ്രൊജക്ട് തയ്യാറാക്കുക എന്നത് മുനിസിപ്പിലാറ്റിയുടെ ചുമതലയാണ്. തെരെഞ്ഞെടുക്കപ്പെട്ട അഗതി കുടുംബങ്ങൾക്ക് പദ്ധതി പ്രകാരം ഭക്ഷണം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കലാണ് പ്രധാനമായും പദ്ധതി ലക്ഷ്യം വെക്കുന്നത്.

കാസറഗോഡ് നഗരസഭയിൽ 'ആശ്രയ' അഗതി പുനരധിവാസ പ്രൊജക്ട് 2007-08 ൽ തയ്യാറാക്കിയെങ്കിലും പദ്ധതി 2012-13 മുതലാണ് നടപ്പാക്കി തുടങ്ങിയത്. 2007-08 ലെ ആശ്രയ പ്രൊജക്ട് പ്രകാരം നഗരസഭയിൽ 115 അഗതി കുടുംബങ്ങൾ ഉണ്ടായിരുന്നു.

നഗരസഭയിൽ ആശ്രയ പദ്ധതിയിലെ കുടുംബങ്ങൾക്ക് ഭക്ഷണം നൽകുന്നതിനും കിടപ്പാടം, പാർപ്പിടം ഒരുക്കുന്നതിനുമാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഇനത്തിൽ 2009 ൽ ലഭിച്ച 15,00,000/- രൂപ ഭക്ഷ്യധാന്യം നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. ഈ തുക 2014-15 വരെ ഭക്ഷ്യധാന്യം നൽകുന്നതിനായി വിനിയോഗിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതി ഉപേക്ഷിക്കുകയാണ് ചെയ്തത്.

ആശ്രയ ഭവന നിർമ്മാണം :

ആശ്രയ പദ്ധതിയിൽപ്പെട്ട കുടുംബങ്ങൾക്ക് വാസഗൃഹം നിർമ്മിച്ചു നൽകുന്നതിനായി നാളിതുവരെയായി ആകെ 49 കുടുംബങ്ങൾക്ക് 38,50,000/- രൂപ ചെലവിൽ വസ്തു വാങ്ങി നൽകിയിട്ടുണ്ട്.

| സ്ഥലം | ആകെ കുടുംബങ്ങൾ | ആകെ ചെലവ് |
|---|---|---|
| കൊറക്കോട് | 15 | ₹7,50,000 |
| ചേരങ്കൈ | 20 | ₹10,00,000 |
| നുള്ളിപ്പാടി | 14 | ₹21,00,000 |
| ആകെ | 49 | ₹38,50,000 |

കൊറക്കോട് ഭവന നിർമാണം - പണം മുഴുവൻ ചെലവഴിച്ചിട്ടും നിർമാണം പാതിവഴിയിൽ

2012-13 ൽ ആരംഭിച്ച കൊറക്കോട് ഭവന നിർമ്മാണ പദ്ധതി പാതിവഴിയിലാണ്. 2012-13 മുതൽ 2015-16 വരെ ഈ പദ്ധതിക്കായി ഒരു കുടുംബത്തിന് 2,50,000/- രൂപ എന്ന കണക്കിൽ 15 വീടുകൾക്കായി ആകെ 37,50,000/-രൂപ താഴെ കാണിച്ച പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2012-13 | 7,50,000 |
| 2013-14 | 13,12,500 |
| 2014-15 | 15,62,500 |

| | |
|---|---|
| 2015-16 | 1,25,000 (Ch.No.848820/2.8.15-50,000/- (Ch.No.848819/22.07.15-75,000/- |
| ആകെ | ₹37,50,000 |

ഭവന നിർമാണത്തിനായി നീക്കിവച്ച തുക മുഴുവനായും ചെലവഴിച്ചുവെങ്കിലും നിർമാണ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. നിർമാണ പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ 15 ൽ 10 വീടുകളിലും ജനൽ കട്ടില, ജനൽപാളികൾ, വാതിൽ കട്ടില, വാതിൽ എന്നിവ ഘടിപ്പിച്ചിട്ടില്ല എന്ന് കണ്ടു. കൂടാതെ മുഴുവൻ വീടുകളിലും കക്കൂസ് പണിതിട്ടില്ല .

അഗതി കുടുംബങ്ങളായതിനാൽ നിർമാണ പ്രവൃത്തി ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് നടപ്പാക്കിയത്. സി.ഡി.എസ്. മെമ്പർമാരായ സാഹിറ മുഹമ്മദ് കൺവീനറായും മിസിരിയ ചെയർമാനുമായ കമ്മിറ്റിയുമായി നഗരസഭ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. അനുവദിച്ച തുക കൊണ്ട് പ്രവൃത്തി തീരാത്ത സാഹചര്യത്തിൽ സ്പോൺസർമാരെ കണ്ടെത്തി പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്ന് കരാർ ഉടമ്പടിയിൽ ഗുണഭോക്തൃ കമ്മിറ്റി സമ്മതിച്ചിട്ടുണ്ട്.

എന്നാൽ അവസാനഘട്ട തുകയും കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നെങ്കിലും പുരോഗതി കാണാനില്ല. ഭൂമി വാങ്ങുന്നതിനും ഭവന നിർമാണത്തിനുമായി 45 ലക്ഷത്തിൽ പരം രൂപ ചെലവഴിച്ചുവെങ്കിലും ആയതിന്റെ ഗുണഫലം ആഗതികളായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സാധിക്കാത്തത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കാണുന്നു. ഭവന നിർമാണം പൂർത്തീകരിക്കാതെ അവസാന ഗഡു തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2015-16 ൽ നൽകിയ 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.



പാതിവഴിയിൽ ഉപേക്ഷിച്ച ആശ്രയ ഭവനങ്ങൾ



<u>ചേരങ്കൈ ഭവന നിർമാണം - ഉപേക്ഷിച്ച നിലയിൽ</u>

2009-10 വർഷത്തിൽ 10 ലക്ഷം രൂപ ചെലവിൽ 20 കുടുംബങ്ങൾക്ക് ചേരങ്കൈ എന്ന സ്ഥലത്ത് വസ്തു വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഭൂമി ഭവന നിർമാണത്തിന് അനുയോജ്യമല്ല എന്ന് കാണുകയുണ്ടായി. വാങ്ങി നൽകിയത് കൃഷി ഭൂമി ആയതിനാൽ അവിടെ പാടം നികത്തി വീട് വെച്ച് നൽകുന്നത് നാട്ടുകാർ എതിർക്കുകയാണെന്ന് നിലവിലെ ചെയർപേഴ്സൺ അറിയിച്ചു. ആശ്രയ പാർപ്പിട പദ്ധതിയ്ക്കായി മുനിസിപ്പാലിറ്റിയിൽ നിന്നും വികസന ഫണ്ട് ഇനത്തിൽ ലഭിച്ച തുകയിൽ 39 ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിൽ നിലവിൽ നീക്കിയിരിപ്പ് ഉണ്ട് എന്നതും ഇവിടെ ശ്രദ്ധേയമാണ്. പാർപ്പിടാവശ്യത്തിന് കൃഷി ഭൂമി വാങ്ങി നൽകിയതിനാൽ പാവപ്പെട്ട നിരാലംബരായ 20 ഓളം അഗതി കുടുംബങ്ങൾക്ക് പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയില്ല. ഭൂമി വാങ്ങി നൽകി 7 വർഷം കഴിഞ്ഞിട്ടും വീട് വെച്ച് നൽകാൻ സാധിക്കാത്തത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. 2015-16 നുള്ളിപ്പാടിയിൽ 14 കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുന്നതിന് നാളിതുവരെയായി 21,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ നിർമാണവും പാതി വഴിയിലാണ്.

ഇതിൽനിന്നു തന്നെ ആശ്രയ ഭവന നിർമാണം ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് കാണാം. ഭവന നിർമാണത്തിനായി ഭൂമി വാങ്ങി നൽകിയ 49 കുടുംബങ്ങളിൽ ഒരു കുടുംബത്തിന് പോലും വീട് വെച്ച് നൽകാൻ സാധിച്ചിട്ടില്ല എന്നത് സി.ഡി.എസിന്റെ പോരായ്മ വെളിവാകുന്നതാണ്.



ചേരങ്കൈ ഭവനനിർമാണത്തിനായി വാങ്ങിയ സ്ഥലം



(ഓഡിറ്റ് അന്വേഷണം നം.5 തീയതി: 06.09.16)

## 3-7 ഭവന നിർമാണ ആനുകൂല്യം - ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ചെലവഴിക്കാതെ ഡി.ഡി.യാക്കി കൈവശം സൂക്ഷിക്കുന്നു

വിവിധ ഭവന നിർമാണ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ട്രഷറിയിൽ നിന്നും 2015-16 വർഷം സി.ഡി.എസ് മെമ്പർ സെക്രട്ടറി പിൻവലിച്ച വിസകന ഫണ്ട് തുക ചെലവഴിക്കാതെ ഡി.ഡി. ആയി സൂക്ഷിക്കുന്നു. ഗുണഭോക്താക്കൾ ഭവന നിർമാണത്തിന്റെ ഒരോ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതനുസരിച്ച് നാല് ഗഡുക്കളായി ആകെ 2 ലക്ഷം രൂപയാണ് പദ്ധതികൾ പ്രകാരം ആനുകൂല്യമായി നൽകുന്നത്.

അഡ്വാൻസ് തുക - ₹40,000 (ഒന്നാം ഗഡു)

തറ നിർമാണം - ₹50,000 (രണ്ടാം ഗഡു)

ചുമർ ലെവൽ - ₹60,000 (മൂന്നാം ഗഡു)

കംപ്ലീഷൻ - ₹50,000 (നാലാം ഗഡു)

ആകെ - ₹2,00,000

ഗുണഭോക്താക്കൾ ഭവന നിർമാണത്തിന്റെ വിവധ ഘട്ടങ്ങൾ പൂർത്തീകരിക്കാതെ തന്നെ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവിലിച്ച് കൈവശം സൂക്ഷിച്ച് പോരുന്നു. തൻവർഷം ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിക്കാതെ സൂക്ഷിച്ചുപോരുന്ന തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി | ഡിഡിനം./ തീയതി | ഡി.ഡി. തുക | പ്രൊജക്റ്റിന്റെ പേര് | നൽകേണ്ട ഗുണഭോക്താവിന്റെ പേര് | പരാമർശം |
|---|---|---|---|---|---|---|
| 1 | 2/15-16 തീ : 14.01.16 ₹1,50,000 | 189071/ 18.01.2016 | 20,000 (5-ാം ഗഡു) | വനിത ഭവന നിർമാണം- 2013-14 | ജമീല | നാലാം ഘട്ടം വരെ പൂർത്തീകരിച്ചു. അടുത്ത ഘട്ടം ചെയ്തിട്ടില്ല. |
| 2 | ---- | 635927/ 31.10.2015 | 20,000 (5-ാം ഗഡു) | വനിത ഭവന നിർമാണം- 2013-14 | സക്കീന | നാലാം ഘട്ടം വരെ പൂർത്തീകരിച്ചു. അടുത്ത ഘട്ടം ചെയ്തിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 3 | 6/15-16 തീ : 02.03.16 ₹2,10,000 | 188656/ 02.03.2016 | 50,000 4, 5 ഗഡുക്കൾ | വനിത ഭവന നിർമാണം- 2014-15 | സുഹറ.ടി.കെ | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |
| 4 | 6/15-16 തീ : 02.03.16 ₹2,10,000 | 188656/ 03.03.2016 | 50,000 4, 5 ഗഡുക്കൾ | വനിത ഭവന നിർമാണം- 2014-15 | വിദ്യ | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |
| 5 | 14/15-16 തീ : 30.03.16 ₹1,50,000 | 186937/ 15.04.2016 | 50,000 4, 5 ഗഡുക്കൾ | ബി.പി.എൽ - ജനറൽ | കമറുദ്ദീൻ | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |
| 6 | 14/15-16 തീ : 30.03.16 ₹1,50,000 | 186938/ 15.04.2016 | 50,000 4, 5 ഗഡുക്കൾ | ബി.പി.എൽ - ഭവന നിർമാണം -14-15 | ശാരദ | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |
| 7 | തീ : 14.01.16 ₹1,50,000 | 636305/ 31.07.2015 | 50,000 4, 5 ഗഡുക്കൾ | ബി.പി.എൽ - ഭവന നിർമാണം -13-14 | സുബ്രഹ്മണ്യൻ | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |
| 8 | 2/15-16 തീ : 14.01.16 ₹1,50,000 | 636310/ 31.07.2015 | 50,000 4, 5 ഗഡുക്കൾ | വനിത ഭവന നിർമാണം- 2013-14 | പ്രസന്ന & others | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |
| 9 | 2/15-16 തീ : 14.01.16 ₹1,50,000 | 635926/ 31.10.2015 | 50,000 4, 5 ഗഡുക്കൾ | വനിത ഭവന നിർമാണം- 2013-14 | സഫിയ മുഹമ്മദ് | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |
| 10 | 2/15-16 തീ : 14.01.16 ₹1,50,000 | 186939/ 15.04.2016 | 1,10,000 2, 3 ഗഡുക്കൾ | വനിത ഭവന നിർമാണം- 2014-15 | സുബൈദ.ടി.എം. | ഒന്നാം ഗഡു കൈപ്പറ്റി. പ്രവ്യത്തി ചെയ്തിട്ടില്ല. |
| 11 | 2/15-16 തീ : | 186940/ 15.04.2016 | 50,000 4, 5 | വനിത ഭവന നിർമാണം- | ഫൗസിയ | മൂന്നാം ഘട്ടം വരെ പൂർത്തീകരിച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| | 14.01.16 ₹1,50,000 | | ഗഡുക്കൾ | 2014-15 | | |
| 12 | ലഭ്യമല്ല | 996683/ 29.12.14 | 50,000 | ബി.പി.എൽ ഭവന നിർമാണം- 2013-14 | അജയകുമാർ | ഫയൽ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | | 6,00,000 | | | |

ജി.ഒ.(പി) നം.177/2006 ധന. തീയതി : 12.04.2016 ഉത്തരവിൽ വികസന ഫണ്ട് തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിക്കാനാവാതെ വന്നാൽ 30 ദിവസത്തിനകം ട്രഷറിയിൽ തിരിച്ചടക്കണമെന്നും, ഇതേ ഉത്തരവ് ഖണ്ഡിക 6.1 ൽ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവുകളൊന്നും പാലിക്കാതെ 6 ലക്ഷം രൂപ ഡി.ഡി. രൂപത്തിൽ കൈവശം സൂക്ഷിച്ചുപോരുന്നത് ക്രമ വിരുദ്ധ നടപടിയാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/01.12.16) മറുപടിയായി ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഭാവിയിൽ ഡി.ഡി. മുൻകൂട്ടി എടുത്തുവെക്കുന്ന നടപടി ആവർത്തിക്കുന്നതല്ലെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചുവെന്ന ഓവർസീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുവാൻ പാടുള്ളൂ. പിൻവലിച്ച തുക കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്. 2015-16 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് ചെലവ് ഉയർത്തിക്കാണിക്കുന്നതിനായാണ് ഭവന നിർമാണ നടപടിക്രമങ്ങൾ പാലിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥൻ, വിവിധ നിർമാണ ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ പേരിലും തുക പിൻവലിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അനധികൃതമായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്രയും പെട്ടെന്ന് തിരിച്ചടക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കാതെ, സർക്കാർ ഉത്തരവുകൾ മാനിക്കാതെ, സർക്കാർ പണം അനധികൃതമായി ഗുണഭോക്താക്കളുടെ പേരിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് ആർക്കും പ്രയോജനപ്പെടുത്താതെ വർഷങ്ങളോളം സൂക്ഷിച്ച നിർവ്വഹണോദ്യോഗസ്ഥനുമേൽ വകുപ്പുതല അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-8 ജനസേവന കേന്ദ്രത്തിന് യു.പി.എസ് സംവിധാനം സ്ഥാപിക്കുന്നതിനായി വാങ്ങിയ ബാറ്ററികളിൽ ഒരെണ്ണം കാണാനില്ല :

പ്രൊജക്റ്റ് നമ്പർ : SO-253/15

പ്രൊജക്റ്റിന്റെ പേര് : ജനസേവന കേന്ദ്രത്തിന് യു.പി.എസ് സ്ഥാപിക്കൽ

ഫയൽ നമ്പർ : പി2-19397/15

ചെലവ് : ₹1,63,851 (വൗച്ചർ നം.21501547 തീയതി:31.03.2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ : കെ.പി.വിനയൻ, മുനിസിപ്പൽ സെക്രട്ടറി, കാസറഗോഡ്

ഓഡിറ്റ് എൻക്വയറി നം. : 38, തീയതി : 21.12.16

നഗരസഭയുടെ ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി മേൽ പദ്ധതി പ്രകാരം 1,63,851/- രൂപ ചെലവിൽ 'വൺ സീറോ ഇൻഫോ സിസ്റ്റംസ്' എന്ന സ്ഥാപനത്തിൽ നിന്നും 10KVA online യു.പി.എസ് സിസ്റ്റം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. യു.പി.എസ് സിസ്റ്റം വാങ്ങി സ്ഥാപിച്ചത് സംബന്ധിച്ച വിവരം സ്റ്റോക്ക് രജിസ്റ്ററിലെ പേജ് 16 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പദ്ധതി വിഹിതം തുക ഉപയോഗിച്ച് വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ) ആയത് പ്രകാരം 10KVA യു.പി.എസ് സംവിധാനം സ്ഥാപിക്കുന്നതിനായി 40AH കപ്പാസിറ്റിയുള്ള 16 എണ്ണം Hykon ട്യൂബുലർ ബാറ്ററികൾ സ്ഥാപിച്ചിട്ടുണ്ട്.

എന്നാൽ യു.പി.എസ് സംവിധാനം നഗരസഭ ഉദ്യോഗസ്ഥനുമായി 26.12.16 ന് നേരിട്ട് നടത്തിയ സംയുക്ത പരിശോധനയിൽ 15 ബാറ്ററികൾ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ.

ഒരു ട്യൂബുലർ ബാറ്ററി നഷ്ടപ്പെട്ടതിനാൽ നഗരസഭയ്ക്ക് 10,241/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ബാറ്ററി നഷ്ടപ്പെട്ട വിവരം ഓഡിറ്റ് അന്വേഷണം നം.38 തീയതി : 21.12.16 മുഖേന അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിനുള്ള മറുപടിയിൽ ബാറ്ററി കാണാതായ വിവരം ശ്രദ്ധയിൽപ്പട്ടിട്ടുണ്ട് എന്നും ആയത് കണ്ടെത്താത്ത സാഹചര്യത്തിൽ നഗരസഭയിലെ ഇലക്ട്രോണിക് വിഭാഗത്തിലെ സംരക്ഷണ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സംരക്ഷണ ചുമതല ഏൽപിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം യു.പി.എസ് സംവിധാനത്തിന്റെ സംരക്ഷണ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥനിൽ നിന്നോ, സംരക്ഷണ ചുമതല ആർക്കും നൽകിയിട്ടില്ലെങ്കിൽ യു.പി.എസ് സംവിധാനം സ്ഥാപിച്ചതിന്റെ തുക നൽകിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.



യു.പി.എസും ബാറ്ററികളും (15 എണ്ണം മാത്രം)

## 3-9 ചെയ്യാത്ത പ്രവൃത്തിക്ക് പണം നൽകിയത് - അംഗീകരിക്കുന്നില്ല

നഗരസഭയിൽ 2015-16 ൽ നടപ്പാക്കിയ ചില പ്രവൃത്തികൾ ഓഡിറ്റ് സംഘം എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുമായി നടത്തിയ സംയുക്ത പരിശോധനയിൽ ചെയ്യാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് പണം നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. നഗരസഭാ ഓഫീസിനു മുൻവശം നവീകരിക്കൽ :

പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നം. | PW1-15737/14 |
| എസ്റ്റിമേറ്റ് | ₹4,10,000 |
| സ്രോതസ് | തനതു ഫണ്ട് |
| കരാറുകാരൻ | ടി.എ.മുഹമ്മദ് കുഞ്ഞി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| അളവ് പുസ്തകം നം. | 67/15 |
| അളവ് മൂല്യം | ₹4,05,282 |
| (-) നികുതികൾ | ₹24,317 (16211+4053+4053) |
| കരാറുകാരന് നൽകിയ തുക | ₹3,80,965 |

| | |
|---|---|
| വൗച്ചർ നം./തീയതി | 37/15-16 തീയതി : 07.09.15 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 9-ാം ഇനം പ്രവൃത്തി "supplying, fabricating and fixing rectangular pipe 7.5 mm x 3.75 mm for seat at garden" എന്നതാണ്. (ത്തൂണുകൾക്കിടയിൽ സ്റ്റീൽ റെക്റ്റാംഗുലർ പൈപ്പ് സ്ഥാപിക്കൽ) അളവ് പുസ്തകം പേജ് 18 പ്രകാരം മേൽ ഇനം പ്രവൃത്തി 48 മീറ്റർ അളവിൽ ചെയ്തിട്ടുണ്ട് (20 x2.40). അളവ് പുസത്കം പേജ് 31,32 പ്രകാരം ഒരു മീറ്ററിന് ₹420.39/- നിരക്കിൽ 48 മീറ്റർ പ്രവൃത്തിക്ക് ₹20179 അളവ് മൂല്യം അനുവദിച്ചിട്ടുണ്ട്.

എന്നാൽ പ്രസ്തുത പ്രവൃത്തി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥനുമായി 30.12.2016 ന് നേരിട്ട് പരിശോധിച്ചതിൽ 24 മീറ്റർ അളവിൽ മാത്രമേ മേൽ ഇനം പ്രവൃത്തി നടത്തിയിട്ടുള്ളൂ എന്ന് കാണുകയുണ്ടായി. (10 x2.40മീ.)

ചെയ്യാത്ത പ്രവൃത്തിക്ക് പണം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ഓഡിറ്റ് അന്വേഷണം നം.47 തീയതി 31.12.16 മുഖേന ആവശ്യപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് ബാക്കിവന്ന 24 മീറ്റർ സ്റ്റീൽ റെക്റ്റാംഗുലർ പൈപ്പ് ത്തൂണുകൾക്കിടയിൽ സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിച്ചതായി അധികൃതർ മറുപടി നൽകിയിട്ടുണ്ട്. എന്നിരുന്നാലും ചെയ്യാത്ത പ്രവൃത്തിക്ക് പണം അനുവദിച്ചത് ധനദുർവിനിയോഗമാണ്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാറുകാരന് 07.09.15 മുതൽ 31.12.16 വരെ അനർഹമായി നൽകിയ 10,090/- രൂപയ്ക്ക് 18% പലിശ (2,388/- രൂപ) അളവുകൾ രേഖപ്പെടുത്തിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇതിൽനിന്നും മരാമത്തു പ്രവൃത്തികളുടെ അളവുകൾ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ചല്ല അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്നത് എന്ന് കാണുന്നു. ഓഡിറ്റ് ചൂണ്ടിക്കാണിച്ചാൽ മാത്രം അപാകതകൾ പരിഹരിക്കുമെന്ന മനോഭാവം അഭിലഷണീയമല്ല . ഇത്തരം വീഴ്ചകൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

അളവുകൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : കെ.ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ

2. മെയിന്റനൻസ് ഓഫ് മഡോണ പാർക്ക് :

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പ്രൊജക്ട് നം | 83/15 |
| ഫയൽ നം. | P2-22001/14 |
| എസ്റ്റിമേറ്റ് തുക | ₹1,85,000 (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| പ്രവൃത്തി മൂല്യം | 1,22,650 |
| ഡി.പി.സി.നം. | 585/14/DPC/DPO/KSD – dt: 14.07.14 |
| കരാറുകാരൻ | ശ്രീ.മൊയ്തീൻ മെഹഫൂസ് |
| കരാർ നിരക്ക് | 8.01% കുറവ് |
| അളവ് പുസ്തകം നം. | 277/15 |
| വൗച്ചർ നം./തീയതി | 26/15-16 തീയതി : 18.09.15, ₹1,22,650 |

മഡോണ പാർക്ക് മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം-5 ആയി 7.063 എം2 ഉം ഇനം-7 ആയി 153.20 എം2 ഉം ഉൾപ്പെടെ ആകെ 160.265 എം2 അളവിൽ പ്ലാസ്റ്റിക് എമൽഷൻ പെയിന്റ് ചെയ്തതായി എം. ബുക്കിൽ രേഖപ്പെടുത്തി @836.43/10 എം2 നിരക്കിൽ ആകെ 13402.73 രൂപയും എസ്റ്റിമേറ്റ് ഇനം -9-ഗേറ്റ് ലോക്ക് - 265/- രൂപയും, എസ്റ്റിമേറ്റ് ഇനം-10 – രണ്ട് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിച്ചതിന് (@6000 x 2) 12,000/- രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥനുമായി 08.12.16 ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന്

കാണുകയുണ്ടായി. ചെയ്യാത്ത പ്രവൃത്തിക്ക് പണം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (നം.50/06.01.17) തുടർന്ന് രണ്ട് സോഡിയം വേപ്പർ ലാമ്പുകളും ഗേറ്റ് ലോക്കും സ്ഥാപിച്ചതായും, പെയിന്റ് ചെയ്തത് പൂപ്പൽ പിടിച്ച് പോയതാണെന്നുമുള്ള മറുപടി നൽകി. മറുപടിയുടെ നിജസ്ഥിതി പരിശോധനയ്ക്കായി 20.01.17 ന് എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ സോഡിയം വേപ്പർ ലാമ്പും ലോക്കും സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞുവെങ്കിലും ഇപ്രകാരം ചെയ്യാത്ത പ്രവൃത്തിക്കായി തുക നൽകിയ വിവരം ഓഡിറ്റ് ചൂണ്ടിക്കാണിക്കുമ്പോൾ മാത്രം പരിഹരിക്കപ്പെടുന്ന നടപടി ആശാസ്യമല്ല. പാർക്കിന്റെ മതിലും ടോയ് ലെറ്റ് ഭിത്തിയിലും പ്ലാസ്റ്റിക് എമൽഷൻ പെയിന്റ് ചെയ്തിട്ടില്ലെന്നും വ്യക്തമായി. എമൽഷൻ പെയിന്റ് ഒരു വർഷത്തിനുള്ളിൽ തന്നെ പൂപ്പൽ ബാധിച്ച് നശിച്ചുപോയെന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പാർക്കിന്റെ മതിൽ, ടോയ് ലെറ്റ് ഭിത്തി എന്നിവിടങ്ങളിൽ തുടച്ചാൽ കയ്യിൽ പറ്റുന്ന രീതിയിലുള്ള കളർ വാഷിംഗ് ആണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം കളർ വാഷിംഗ് ചെയ്ത പ്രതലത്തിന് ഇമൽഷൻ പെയിന്റിംഗിനുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് കൂടിയ തുക നൽകിയ നടപടി അനുവദനീയമല്ല. 2012-SORപ്രകാരമാണ് ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച് കളർ വാഷിംഗിന് നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| | Colour washing for each succeeding coat for new work or for one coat to old work including all labour, material, conveyance charges etc complete | $10m^2$ | | |
| | Materials | $m^3$ | 3421.00 | 6.84 |
| 0.002 | Quick lime | $m^3$ | 174.00 | 0.35 |
| 0.002 | Conveyance for Quick lime | LS | 5.00 | 2.50 |
| 0.50 | Add rate for colours | | | |
| | Labour | | | |
| 0.08 | Special man mazdoor (for white washing) | Each | 4.08.00 | 32.64 |
| 0.06 | Man | Each | 377.00 | 22.62 |
| 0.25 | LS for glue and other sundries | LS | 5.00 | 1.25 |

| | | | | |
|---|---|---|---|---|
| | | | | |
| | Total | | | 66.20 |
| | CP 10% + 5% over head charges | | 64.95 | 9.74 |
| | Total | | | 75.94 |

ചെയ്യാത്ത പ്രവൃത്തിയുടെ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എം. ബുക്ക് ഇനം 5 & 7 പ്രകാരം ഇമൽഷൻ പെയിന്റ് ചെയ്യുന്നതിനായി നൽകിയ തുക | 13,402.73 രൂപ. (7.065 x836.43/10എം2 +153.20 x836.43/10എം2) |
| ഇനം 5& 7 പ്രവൃത്തി കളർ വാഷിംഗ് ചെയ്തതിന് നൽകാവുന്ന തുക | 1217.05 ((7.065 x 75.94/10എം2 +153.20 x 75.94/10എം2) |
| കരാറുകാരന് അധികം നൽകിയ തുക | 13402.73-1217.05 = 12,185.68 |
| ടെണ്ടർ കുറവ് | 8.01% |
| ആകെ | 11,210.84 (₹11,211) |

അധികം നൽകിയ 11,211/- രൂപ , ചെയ്യാത്ത പ്രവൃത്തിക്ക് മൂല്യനിർണയം നടത്തി കരാറുകാരന് തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ മഡോണ പാർക്കിലെ സോഡിയം വേപ്പർ ലാമ്പുകൾ പ്രയോജനരഹിതമായി നിലകൊള്ളുന്നു. പാർക്കിലെ കളി ഉപകരണങ്ങൾ തുരുമ്പ് പിടിച്ച് നശിച്ച അവസ്ഥയിലും പാർക്കിനുള്ളിൽ പുല്ലുപിടിച്ച് അകത്തേക്ക് പ്രവേശിക്കാൻ പറ്റാത്ത അവസ്ഥയിലുമാണ് കിടക്കുന്നത്.

മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ബാബു നന്ദകുമാർ.പി.ടി,
അസിസ്റ്റന്റ് എഞ്ചിനീയർ

## 3-10 അഡ്വാൻസ് തുകകൾ ക്രമപ്പെടുത്തിയിട്ടില്ല -സർക്കാർ ഉത്തരവ് ലംഘനം - മുൻകൂർ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്

നഗരസഭയുടെ അടിയന്തിര സാഹചര്യങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക അനുവദിക്കാറുണ്ട്. മുൻകൂർ അനുവദിക്കുന്ന തുകകൾക്ക് വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം പരമാവധി വേഗത്തിൽ ക്രമപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച 04.10.2011 ലെ ജി.ഒ.(പി)4149/11 ഫിൻ നമ്പർ സർക്കാർ ഉത്തരവു പ്രകാരം മൂന്നു മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. അഡ്ജസ്റ്റ്മെൻറ് ബില്ലുകൾ യഥാസമയം സമർപ്പിച്ചിട്ടില്ലെങ്കിൽ അഡ്വാൻസ് തുക മുഴുവനും ഒറ്റത്തവണയായി തിരിച്ചടക്കേണ്ടതും തുക അനുവദിച്ച തീയതി മുതൽ തിരിച്ചടക്കുന്ന തീയതി വരെ 18% വാർഷിക പലിശ

ഈടാക്കേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2015-16 വർഷത്തിൽ നഗരസഭ വിവിധ ആവശ്യങ്ങൾക്ക് നൽകിയ താഴെ വിവരിച്ച മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാത്തതിനുള്ള കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18 തീയതി-24.11.16) വ്യക്തമായ മറുപടി നൽകിയിട്ടില്ല.

മേൽ സർക്കാർ ഉത്തരവ് പ്രകാരം മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ ഇനത്തിൽ നൽകിയ 2,32,750/- രൂപയും , തുക തിരിച്ചടക്കുന്നതുവരെയുള്ള പലിശയും (31.12.2016 വരെ പലിശ@18% ₹49,493 ) തുക കൈപ്പറ്റിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ആവശ്യം | തുക | 31.12.16 വരെയുള്ള കാലതാമസം | പലിശ 18% (₹) | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 136/11.05.15 | Smoke testing | 1,000 | 19 മാസം | 285 | കെ.പി.രാജഗോപാലൻ, എച്ച്.ഐ.ഗ്രേഡ് II |
| 2 | 59/9.4.15 | ശുചീകരണം, വാർഡ് 34 | 10,000 | 20 | 3000 | |
| 3 | 594/10.9.15 | ശുചീകരണം, വാർഡ് 37 | 10,000 | 15 | 2250 | |
| | ആകെ | | 21,000 | | | |
| 4 | 1031/2/16 | ബോർവെൽ റിപ്പയർ, വാർഡ് 21 | 20,000 | 10 | 3000 | പ്രിയ.പി.പി. ഓവർസീയർ ഗ്രേഡ് III |
| 5 | 1032/2/16 | ബോർവെൽ റിപ്പയർ, സീനത്ത് നഗർ | 10,000 | 10 | 1500 | |
| | ആകെ | | 30,000 | | | |
| 6 | 188/28.5.15 | ബോർവേൽ റിപ്പയർ വാർഡ് 9 | 20,000 | 19 | 5700 | അബ്ദുൾ സലാം, പി.ഡബ്ല്യു.ഒ III |

| | | | | | | |
|---|---|---|---|---|---|---|
| 7 | 189/28.5.15 | ഹാൻഡ് പമ്പ് റിപ്പയർ, നിയർ എൻ.എസ്.എസ് ക്ലബ് | 5,000 | 19 | 1425 | |
| 8 | 225/12.6.15 | ബോർവെൽ റിപ്പയർ വാർഡ് 7 | 10,000 | 18 | 2700 | |
| 9 | 247/12.6.15 | ബോർവെൽ റിപ്പയർ വാർഡ് 9 | 30,000 | 18 | 8100 | |
| | ആകെ | | 65,000 | | | |
| 10 | 858/31.12.15 | ബോർവെൽ റിപ്പയർ, വാർഡ് നം.34 | 26,000 | 12 | 4680 | ശിശുപാലൻ, പി.ഡബ്ല്യു.ഒ II |
| 11 | 2150000332/26.6.15 | ആയുർവേദ ക്ലാസ് | 750 | 18 | 203 | ടി.സുധീർ ജെ.എച്ച്.ഐ ഗ്രേഡ് II |
| 12 | 390/16.7.15 | ജി.യു.പി. എസിൽ മരം മുറിക്കൽ | 30,000 | 17 | 7650 | ഗംഗാധരൻ, പി.ഡബ്ല്യു.ഒ II |
| 13 | 970/9.2.16 | മത്സ്യമാർക്കറ്റിലെ പമ്പ് സെറ്റ് റിപ്പയർ | 50,000 | 10 | 7500 | |
| 14 | 988/9.2.16 | ജീപ്പ് റിപ്പയർ | 10,000 | 10 | 1500 | |
| | ആകെ | | 90,000 | | | |

| | | | | | |
|---|---|---|---|---|---|
| | ആകെ മൊത്തം | ₹2,32,750 | | 49,493 | |

## 3-11 റോഡ് പ്രവൃത്തികൾക്ക് ടാർ നൽകിയത് - ടാറിന്റെ അധികവില ട്രഷറിയിൽ നിന്ന് പിൻവലിച്ച് മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയതിൽ കുറവ് - നഷ്ടം -32,898/- രൂപ

1. നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

1. കേളഉഌട്ടെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ :

പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഫയൽ നം. : പി.3-21943/14

പ്രൊജക്ട് നം. : 64/15

എസ്റ്റിമേറ്റ് : 3,00,000

കരാറുകാരന് നൽകിയ ബിറ്റുമിൻ : 2378.27 കി. ഗ്രാം

കരാറുകാരന്റെ പേര് : സി.എം.ഉമ്മർ

കരാർ നിരക്ക് : 6.75% കുറവ്

അളവ് പുസ്തകം നം. : 289

അളവ് മൂല്യം : ₹2,31,016

2015-16 ലെ റോഡ് പ്രവൃത്തികൾക്കായി നഗരസഭ കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകിയിട്ടുണ്ട്. നഗരസഭ ബിറ്റുമിന്റെ വില കണക്കാക്കി ടണ്ണിന് 50,387/- രൂപ നിരക്കിൽ നഗരസഭ ഈടാക്കുന്നുണ്ട്. ഇതിൽ ബിറ്റുമിന്റെ എസ്റ്റിമേറ്റ് നിരക്കായ ടണ്ണിന് 40,367/- രൂപ പ്രകാരം ടാറിന്റെ വില പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കുന്നുണ്ട്. ബാക്കി തുക 'excess cost of bitumin' എന്ന ശീർഷകത്തിൽ ടണ്ണിന് 10,020/- രൂപ നിരക്കിൽ കണക്കാക്കി പ്രവൃത്തിയുടെ ചെലവ് വകയിരുത്തിയ സ്രോതസ്സിൽ നിന്നും ബില്ലിനൊപ്പം പിൻവലിച്ച മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി വരുന്നു.

മേൽ പ്രവൃത്തിയുടെ അന്തിമ ബില്ലിനൊപ്പം 'excess cost of bitumin' എന്ന കണക്കിൽ 2378.22 കി.ഗ്രാം ബിറ്റുമിന്റെ വിലയായി 23,830 രൂപ കണക്കാക്കി ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ 4,706/- രൂപ മാത്രമേ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുള്ളൂ. ബാക്കി തുക കരാറുകാരന് നൽകിയിട്ടുണ്ട്. ഇതുമൂലം മുനിസിപ്പാലിറ്റിക്ക് 19,124/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ആകെ അളവ് മൂല്യം : 2,31,016

(-) ബിറ്റുമിന്റെ വില

(2378.27 കി.ഗ്രം@40.367/കി.ഗ്രാം) : 96,004

ബാക്കി : 1,35,012

(-) ടെണ്ടർ കുറവ് 6.75% : 9,113

(+) ബിറ്റുമിന്റെ വില : 96,004

ആകെ : 2,21,903

(-) നികുതികൾ

(9830+2457+2457) : 14,744

(-) ബിറ്റുമിൻ വില : 96,004

(-) ബാരൽ വില : 4,800

കരാറുകാരന് നൽകേണ്ട തുക : 1,06,355

കരാറുകാരന് നൽകിയ തുക : 1,25,479

അധികം : 19,124

വൗച്ചർ നം./തീയതി : 11/818.08.2015

മേൽ ബിൽ തുക നൽകുന്നതിനായി ട്രഷറിയിൽ നിന്നും 1,49,729/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്) പിൻവലിക്കുകയും ഇതിൽ നിന്നും വിവിധ നികുതികൾക്കായി 14,744/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 1,34,985/- രൂപയിൽ ബാരൽ വില ഇനത്തിൽ 4,800/- രൂപയും ബിറ്റുമിന്റെ അധിക വില ഇനത്തിൽ 4,706/- രൂപയും മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് (രശീതി നം.34581/25.08.2015) ബാക്കി 1,25,479/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇത് കാരറുകാരന് നൽകേണ്ട തുകയേക്കാൾ 19,124/- രൂപ കൂടുതലാണ്. ബിറ്റുമിന്റെ അധിക വില19,124/- രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കാതെ കരാറുകാരന് നൽകിയതു വഴി മുനിസിപ്പൽ ഫണ്ടിന് 19,124/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം ഓഡിറ്റ് അന്വേഷണം നം.48 തീയതി : 31.12.16 മുഖേന മുനിസിപ്പൽ എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 'തിരക്കിട്ട് ഫയൽ കൈകാര്യം ചെയ്തപ്പോൾ ഉണ്ടായ ക്ലറിക്കൽ പിശകുകാരണമാണ് തുക അധികം നൽകിയിട്ടുള്ളത് ' എന്ന് അറിയിച്ചിട്ടുണ്ട്. മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം 19,124/- രൂപ ബിൽ മാറി നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബിൽ മാറി നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥൻ : ശ്രീ.കെ.എം.ബാലകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ

2. <u>ഇംപ്രൂവ്മെന്റ് ടി.വി. സ്റ്റേഷൻ റോഡ് & ബ്രാഞ്ച് റോഡ് – വാർഡ് -11</u>

ഫയൽ നം. : പി.3-21844/14

പ്രൊജക്ട് നം. : 29/15

എസ്റ്റിമേറ്റ് : 6,00,000

കരാറുകാരന് നൽകിയ ബിറ്റുമിൻ : 1404 കി.ഗ്രാം

കരാറുകാരന്റെ പേര് : സി.എം.ഉമ്മർ

കരാർ നിരക്ക് : 7.90% കുറവ്

അളവ് പുസ്തകം നം. : 298

അളവ് മൂല്യം : ₹4,88,958.76

മേൽ പ്രവൃത്തിയുടെ അന്തിമ ബില്ലിനൊപ്പം 'excess cost of bitumin' എന്ന കണക്കിൽ 1404 കി.ഗ്രാം ബിറ്റുമിന്റെ വിലയായി 14068.08 രൂപ കണക്കാക്കി പ്രവൃത്തിയുടെ ബില്ലിനൊപ്പം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ 294/- രൂപ മാത്രമേ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുള്ളൂ. ബാക്കി തുക കരാറുകാരന് നൽകിയിട്ടുണ്ട്. ഇതുമൂലം മുനിസിപ്പാലിറ്റിക്ക് 13,774/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ആകെ അളവ് മൂല്യം : 488958.76

(-) ബിറ്റുമിന്റെ വില

(1404 കി.ഗ്രം@40.367/കി.ഗ്രാം) : 56675.26

ബാക്കി : 432283.50

(-) ടെണ്ടർ കുറവ് 7.90% : 34150.39

(+) ബിറ്റുമിന്റെ വില : 56675.26

ആകെ : 454808.37
(-) പാർട്ട് ബിൽ : 355686.00
ആകെ : 99122.37

(-) നികുതികൾ : 6,791.00

(-) ബിറ്റുമിൻ വില : 56,675.26

(-) ബാരൽ വില : 2,700.00

കരാറുകാരന് നൽകേണ്ട തുക : 32,956.11

കരാറുകാരന് നൽകിയ തുക : 46,730.00

അധികം : 13,773.89 = 13,774

വൗച്ചർ നം./തീയതി : 18/15-16 തീയതി :18.08.15 (₹56,515)

മേൽ ബിൽ തുക നൽകുന്നതിനായി ട്രഷറിയിൽ നിന്നും 56,515/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്) പിൻവലിക്കുകയും ഇതിൽ നിന്നും വിവിധ നികുതികൾക്കായി 6791/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 49,724/- രൂപയിൽ ബാരൽ വില ഇനത്തിൽ 2,700/- രൂപയും ബിറ്റുമിന്റെ അധിക വില ഇനത്തിൽ 294/- രൂപയും മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് (രശീതി നം.45283/19.09.2015) ബാക്കി 46,730/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇത് കാരറുകാരന് നൽകേണ്ട തുകയേക്കാൾ 13,774/- രൂപ കൂടുതലാണ്. ബിറ്റുമിന്റെ അധിക വില13,774/- രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കാതെ കരാറുകാരന് നൽകിയതു വഴി മുനിസിപ്പൽ ഫണ്ടിന് 13,774/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.53 തീയതി :20.01.17)

മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം അന്തിമ ബിൽ നൽകിയ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.
ബിൽ മാറി നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥൻ : ശ്രീ.കെ.എം.ബാലകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ

## 3-12 തെരുവ് വിളക്ക് വൈദ്യുതി ചാർജ് - ഭീമമായ ചെലവ് -കത്താത്ത വിളക്കുകൾക്കും ചാർജ് ഒടുക്കുന്നു- ചെലവു ചുരുക്കാൻ നടപടി സ്വീകരിച്ചു കാണുന്നില്ല

തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ കാസറഗോഡ് നഗരസഭ 2015-16 വർഷം ₹1,09,31,459 (വാർഷിക കണക്കുകൾ പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിലെ ഭീമമായ ചെലവ് കുറക്കുന്നതിനായി മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. മറ്റു നഗരസഭകളെ അപേക്ഷിച്ച് വിസ്തൃതിയിലും ജനസംഖ്യയിലും വളരെ ചെറുതായ കാസറഗോഡ് നഗരസഭ ഭീമമായ തുക തെരുവ് വിളക്കിന് മാത്രമായി ചെലവഴിക്കുന്നതിന് യാതൊരു ന്യായീകരണവും കാണുന്നില്ല. കഴിഞ്ഞ നാലു വർഷങ്ങളിൽ തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിലെ നഗരസഭയുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | വൈദ്യുതി ചാർജ് (തെരുവ് വിളക്ക്) |
|---|---|
| 2011-12 | ₹47,92,140 |
| 2012-13 | ₹47,01,943 |

| | |
|---|---|
| 2013-14 | ₹57,08,688 |
| 2014-15 | ₹75,24,733 |
| 2015-16 | ₹1,09,31,459 |

മേൽ വിവരിച്ചതിൽ നിന്നും നഗരസഭ തെരുവ് വിളക്കിനായി വർഷാവർഷം ഭീമമായ തുക ചെലവഴിക്കുന്നതായി കാണാം. നഗരസഭയുടെ ദൈനംദിന ചെലവുകൾക്കും ശമ്പള ചെലവുകൾക്കും തനത് ഫണ്ട് തികയാത്ത സാഹചര്യത്തിൽ തെരുവ് വിളക്കിനായി ഇത്രയും വലിയ തുക ചെലവഴിക്കുന്നത് നിയന്ത്രിക്കേണ്ടതാണ്.

നിലവിൽ തെരുവ് വിളക്കിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ചാർജ് ഒടുക്കി വരുന്നത്. എല്ലാ മാസവും നിശ്ചിത തുകയാണ് വൈദ്യുതി ചാർജിനത്തിൽ ഒടുക്കുന്നത്. തെരുവ് വിളക്കിന് പ്രത്യേകമായി മീറ്റർ ഘടിപ്പിച്ചിരുന്നെങ്കിൽ ഉപയോഗിച്ച വൈദ്യുതിക്ക് മാത്രമേ ചാർജ് ഒടുക്കേണ്ടിയിരുന്നുള്ളൂ. തെരുവ് വിളക്കുകൾ പലയിടത്തും കത്തുന്നില്ല എന്നത് വസ്തുതയാണ്. മീറ്റർ ഘടിപ്പിക്കാത്തതിനാൽ കത്താത്ത തെരുവ് വിളക്കുകൾക്കും നഗരസഭ ചാർജ് ഒടുക്കി വരുന്നുണ്ട്. ഇത് ഒഴിവാക്കാനായി തെരുവ് വിളക്കിന് പ്രത്യേകമായി മീറ്റർ ഘടിപ്പിക്കേണ്ടതാണ്. കൂടാതെ ഓരോ വർഷവും പുതിയ ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ അതിന് കീഴിൽ വരുന്ന തെരുവ് വിളക്കുകൾ ഒഴിവാക്കേണ്ടതാണ്. വ്യക്തികളുടെ താൽപര്യാർത്ഥം കൗൺസിലിൻറെ അംഗീകാരത്തോടെയോ അല്ലാതെയോ വ്യക്തികൾ സ്വന്തം ചെലവിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്. കൂടാതെ വൈദ്യുതി ചാർജ് ഗണ്യമായി കുറയ്ക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ സോളാർ പവർ പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. നഗരസഭയുടെ പുതിയ ബസ് സ്റ്റാന്റ്, പഴയ ബസ് സ്റ്റാന്റ് കെട്ടിടങ്ങൾ ഈ ആവശ്യങ്ങൾക്കായി ഉപയോഗപ്രദമാക്കാവുന്നതാണ്.

പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, വാട്ട് തുടങ്ങിയ വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി സൂക്ഷിക്കേണ്ടതാണ്.

കൂടാതെ നിലവിലുള്ള ട്യൂബ്, ബൾബുകൾ പ്രവർത്തനരഹിതമാകുന്നതനുസരിച്ച് ചെറിയ വൈദ്യുതി ഉപഭോഗത്തിൽ പ്രവർത്തിക്കുന്ന എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

## 3-13 കുടിവെള്ള പദ്ധതികളുടെ (ജനറൽ) വൈദ്യുതി ചാർജ് നഗരസഭ ഒടുക്കുന്നത് - ലക്ഷങ്ങളുടെ നഷ്ടം

നഗരസഭയുടെ വൈദ്യുതി ബില്ലുകൾ പരിശോധിച്ചതിൽ നഗരസഭ പ്രദേശത്തെ കുടിവെള്ള പദ്ധതികളുടെ (ജനറൽ) വൈദ്യുതി ചാർജ് നഗരസഭ ഒടുക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇത് ശരിയായ നടപടിയല്ല.

സർക്കാർ ഉത്തരവ് നം.1275/2009/തസ്വഭവ തീ.30/05/09 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണ ചുമതല, വൈദ്യുതി ചാർജ് ഒടുക്കൽ തുടങ്ങിയവ ഗുണഭോക്തൃ കമ്മിറ്റിയുടെ ചുമതലയാണ്. കുടിവെള്ള പദ്ധതികളുടെ നിർമാണം പൂർത്തിയായാൽ തുടർ നടത്തിപ്പിന് ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള രജിസ്റ്റർ ചെയ്ത സമിതികളെ രേഖാമൂലം ഏൽപ്പിക്കേണ്ടതാണ്.

എന്നാൽ കാസറഗോഡ് നഗരസഭ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിച്ചതായി കാണുന്നില്ല. നഗരസഭ നേരിട്ട് വൈദ്യുതി ചാർജ് ഒടുക്കുന്നതിനാൽ വർഷാവർഷം ലക്ഷങ്ങളുടെ അധിക ചെലവ്/നഷ്ടം സംഭവിക്കുന്നുണ്ട്. ഇക്കാര്യം ഓഡിറ്റ് അന്വേഷണം നം.25തീയതി 24.11.16

മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കാസറഗോഡ് നഗരസഭ 2015-16 വർഷം കുടിവെള്ള പദ്ധതികളുടെ (ജനറൽ) വൈദ്യുതി ചാർജ് ഒടുക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പമ്പ് ഹൗസ് | കൺസ്യൂമർ നം. | 2015-16 വർഷം ഒടുക്കിയ തുക |
|---|---|---|---|
| 1 | പമ്പ് ഹൗസ് | 9424 | ₹12880 |
| 2 | പമ്പ് ഹൗസ് തളങ്കര | 15753 | ₹1599 |
| 3 | പമ്പ് ഹൗസ് ഫിഷ് മാർക്കറ്റ് | 22209 | ₹36282 |
| 4 | പമ്പ് ഹൗസ് ഫിഷ് മാർക്കറ്റ് | 10201 | ₹24796 |
| 5 | പമ്പ് ഹൗസ് തളങ്കര | 15142 | ₹6439 |
| 6 | പമ്പ് ഹൗസ് തളങ്കര കുന്നിൽ | 17463 | ₹409 |
| 7 | പമ്പ് ഹൗസ് കെ.കെ.പുറം | 17465 | ₹2599 |
| 8 | പമ്പ് ഹൗസ് ചെന്നിക്കര | 20117 | ₹1165 |
| 9 | പമ്പ് ഹൗസ് സെറാമിക്സ് റോഡ് | 17926 | ₹1565 |
| 10 | പമ്പ് ഹൗസ് ഹൊണ്ണമൂല | 17470 | ₹312 |
| 11 | പമ്പ് ഹൗസ് ഹൊണ്ണമൂല | 12763 | ₹5889 |

| | | | |
|---|---|---|---|
| 12 | പമ്പ് ഹൗസ് കൊറക്കോട് | 16282 | ₹4183 |
| 13 | പമ്പ് ഹൗസ് ചെന്നിക്കര | 18380 | ₹270082 |
| 14 | പമ്പ് ഹൗസ് ടോപ്പ് പട്ടേൽ റോഡ് | 13290 | ₹1704 |
| 15 | പമ്പ് ഹൗസ് പുലിക്കുന്ന് | 14741 | ₹3834 |
| 16 | പമ്പ് ഹൗസ് തെരുവത്ത് കോൺവെന്റ് | 20139 | ₹1965 |
| 17 | പമ്പ് ഹൗസ് ജേർണലിസ്റ്റ് കോളനി | 20140 | ₹1847 |
| 18 | പമ്പ് ഹൗസ് ചാല റോഡ് | 20141 | ₹4751 |
| 19 | പമ്പ് ഹൗസ് പച്ചക്കാട് | 20142 | ₹1402 |
| 20 | പമ്പ് ഹൗസ് | 9528 | ₹14415 |
| 21 | പമ്പ് ഹൗസ് | 12190 | ₹2659 |
| 22 | പമ്പ് ഹൗസ് | 18599 | ₹10837 |
| 23 | പമ്പ് ഹൗസ് | 21021 | ₹9248 |
| 24 | പമ്പ് ഹൗസ് | 13232 | ₹10060 |
| 25 | പമ്പ് ഹൗസ് | 13610 | ₹1363 |

| | | | |
|---|---|---|---|
| 26 | പമ്പ് ഹൗസ് | 13601 | ₹1363 |
| | ആകെ | | ₹4,33,648 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഒടുക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുഴുവൻ കുടിവെള്ള പദ്ധതികളുടെയും നടത്തിപ്പ് തെരെഞ്ഞെടുത്ത ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-14** വർഷങ്ങൾക്ക് മുൻപ് പൊളിച്ചു മാറ്റിയ ബയോഗ്യാസ് പ്ലാന്റിന്റെ വൈദ്യുതി കരം ഒടുക്കുന്നത് - അംഗീകരിക്കുന്നില്ല.

പുതുതായി പണികഴിപ്പിക്കുന്ന മത്സ്യമാർക്കറ്റിനു വേണ്ടി പ്രസ്തുത സ്ഥലത്ത് നിലവിലുണ്ടായിരുന്ന ബയോ ഗ്യാസ് പ്ലാന്റ് മുനിസിപ്പൽ കൗൺസിലിന്റെ 12.02.2014 ലെ തീരുമാന പ്രകാരം ഫെബ്രുവരി 2014 ൽ പൊളിച്ചു മാറ്റുകയുണ്ടായി. എന്നാൽ നഗരസഭയുടെ വൈദ്യുതി കരം സംബന്ധിച്ച ഫയലും രജിസ്റ്ററും പരിശോധിച്ചതിൽ പൊളിച്ചു മാറ്റിയ ബയോ ഗ്യാസ് പ്ലാന്റിന്റെ വൈദ്യുതി കരം തുടർന്ന് നാളിതുവരെയും ഒടുക്കി വരുന്നതായി കാണാൻ കഴിഞ്ഞു. നിലവിലില്ലാത്ത പ്ലാന്റിനുവേണ്ടി വൈദ്യുതി കരം ഇനത്തിൽ നഗരസഭ 2015-16 വർഷം താഴെ വിവരിച്ച പ്രകാരം ₹6,947/- ഒടുക്കിയിട്ടുണ്ട്. (കണസ്യൂമർ നം.21766)

| ക്രമ നം. | വൗച്ചർ നം./തീയതി | ആകെ തുക | കൺസ്യൂമർ നം.21766 ൽ ഒടുക്കിയ തുക |
|---|---|---|---|
| 1 | 167/20.05.15 | ₹55,649 | ₹1,470 |
| 2 | 403/20.07.15 | ₹24,782 | ₹980 |
| 3 | 621/16.09.15 | ₹5,410 | ₹1,557 |
| 4 | 775/21.11.15 | ₹17,669 | ₹1,470 |
| 5 | 820/10.02.16 | ₹6,155 | ₹1,470 |
| | ആകെ | | ₹6,947 |

ഇക്കാര്യം ഓഡിറ്റ് അന്വേഷണം നം.26 തീയതി 05.12.16 മുഖേന അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിനു മറുപടിയായി വൈദ്യുതി കണക്ഷൻ അടിയന്തിരമായി റദ്ദ് ചെയ്യുന്നതിന്

കെ.എസ്.ഇ.ബിക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പൊളിച്ച മാറ്റിയ ബയോ ഗ്യാസ് പ്ലാന്റിന്റെ വൈദ്യുതി കണക്ഷൻ ഒഴിവാക്കാതെ വീണ്ടും വൈദ്യുതി കരം ഒടുക്കി വരുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷൻ യഥാസമയം ഒഴിവാക്കാത്തത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം ₹6,947 ഉത്തരവാദപ്പെട്ട ക്ലർക്ക്, സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്

## 3-15 പാലികാ ഗൃഹം -ജീവനക്കാരുടെ ഹോസ്റ്റൽ - വൈദ്യുതി ചാർജ് ഈടാക്കുന്നില്ല

മുനിസിപ്പൽ ജീവനക്കാർക്ക് നഗരസഭ നൽകിയ ഹോസ്റ്റൽ കെട്ടിടമായ പാലികാ ഗൃഹത്തിന്റെ വൈദ്യുതി ചാർജ് നിലവിൽ നഗരസഭയാണ് ഒടുക്കി വരുന്നത് (കണസ്യൂമർ നമ്പർ -10343). 2015-16 ൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ വൈദ്യുതി കരം വകയിൽ നഗരസഭ 23,152/- രൂപ ഒടുക്കിയിട്ടുണ്ട്.

ആകെ 12 മുറികളുള്ള ഹോസ്റ്റൽ കെട്ടിടത്തിൽ 24 പേർക്ക് താമസിക്കാം. (ഒരു മുറിയിൽ 2 കട്ടിൽ) ഒരാൾക്ക് 250/- രൂപ മാത്രമാണ് പ്രതിമാസം വാടകയായി ഈടാക്കി വരുന്നത്.

ഹോസ്റ്റൽ കെട്ടിടത്തിന്റെ വൈദ്യുതി ബിൽ നഗരസഭ ഒടുക്കി വരുന്നതിന് ന്യായീകരണം കാണുന്നില്ല. വൈദ്യുതി ബിൽ ഹോസ്റ്റലിലെ അന്തേവാസികളിൽ നിന്നും ഈടാക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-16 ടച്ച് സ്ക്രീൻ & ഡിസ് പ്ലേ ബോർഡ് വാങ്ങിയത് - ഉപയോഗശൂന്യമായി സ്റ്റോർ റൂമിൽ കിടക്കുന്നു :

പ്രൊജക്ട് നമ്പർ : SO-120/15 (പദ്ധതി വിഹിതം)

പ്രൊജക്ടിന്റെ പേര് : മുനിസിപ്പൽ ഓഫീസിൽ ടച്ച് സ്ക്രീൻ & ഡിസ്പ്ലേ ബോർഡ് വാങ്ങിയത്

പ്രൊജക്ട് അടങ്കൽ : 2,00,000

ചെലവ് : ₹1,13,150 (വൗച്ചർ നം.21501546 തീയതി:31.03.2016)

ഫയൽ നമ്പർ : പി2-22007/14

നിർവ്വഹണ ഉദ്യോഗസ്ഥൻ : കെ.പി.വിനയൻ, മുനിസിപ്പൽ സെക്രട്ടറി, കാസറഗോഡ്

നഗരസഭയുടെ വിവിധ സേവനങ്ങളുടെ വിവരവും ഓരോ ഫയലിന്റെയും നിലവിലെ സ്ഥിതിയും അറിയാൻ വേണ്ടി നഗരസഭ ഓഫീസിൽ ടച്ച് സ്ക്രീൻ & ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിനായി മേൽ പദ്ധതി പ്രകാരം ₹1,13,150 ചെലവിൽ 'വൺ സീറോ ഇൻഫോ സിസ്റ്റംസ്' എന്ന സ്ഥാപനത്തിൽ നിന്നും ടച്ച് സ്ക്രീൻ സംവിധാനം വാങ്ങിയിട്ടുണ്ട്.

കരാർ ഉടമ്പടി പ്രകാരം ടച്ച് സ്ക്രീൻ സംവിധാനത്തിന്റെ 12 മാസ കാലയളവിലെ സുഗമമായ പ്രവർത്തനത്തിന്റെ പൂർണ ചുമതല വിതരണം ചെയ്ത സ്ഥാപനത്തിനായിരിക്കും. ഇക്കാലയളവിൽ ടച്ച് സ്ക്രീൻ സംവിധാനത്തിനുണ്ടാകുന്ന എല്ലാ തകരാറുകളും പരിഹരിക്കലും, അപാകം സംഭവിച്ചാൽ സംവിധാനം തന്നെ മാറ്റി സ്ഥാപിക്കുന്ന ഉത്തരവാദിത്വവും വിതരണം ചെയ്ത സ്ഥാപനത്തിനായിരിക്കും. എന്നാൽ ടച്ച് സ്ക്രീൻ സംവിധാനം വാങ്ങി 9 (ഒമ്പത്) മാസം കഴിഞ്ഞിട്ടും ആയത് സ്ഥാപിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. അവ ഇപ്പോഴും പെട്ടി പോലും തുറക്കാതെ നഗരസഭ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുകയാണ്.

പ്രസ്തുത സംവിധാനം സ്ഥാപിക്കാത്തതിനുള്ള കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35 തീയതി : 19.12.16) ടച്ച് സ്ക്രീനും ഡിസ്പ്ലേ ബോർഡും അടിയന്തിരമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഈ സംവിധാനം യഥാസമയം സ്ഥാപിക്കാത്തതിനാൽ കരാർ ഉടമ്പടി പ്രകാരം ലഭിക്കേണ്ട ഗ്യാരന്റി ആനുകൂല്യം നഗരസഭയ്ക്ക് നഷ്ടപ്പെടുകയാണ്.

പൊതുജനങ്ങൾക്ക് ഫയലുകളുടെ നീക്കത്തെപ്പറ്റി യഥാസമയം വിവരം ലഭ്യമാക്കാൻ വേണ്ടി പദ്ധതി വിഹിതം തുക ഉപയോഗിച്ച് വാങ്ങിയ സംവിധാനം ഇതുവരെ സ്ഥാപിക്കാതിരുന്നത് അധികൃതരുടെ വീഴ്ചയായി

കാണുന്നു. ഈ സാഹചര്യത്തിൽ ചെലവ് തുകയായ ₹1,13,150/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.




സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്ന ടച്ച് സ്ക്രീൻ

## 3-17 നിശ്ചിത തീയതിയ്ക്കകം കരാർ വെയ്ക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല :

പ്രവൃത്തിയുടെ പേര് : ചെന്നിക്കര ശ്മശാനം വാച്ച് മാൻ ക്യാബിൻ &ടോയ് ലെറ്റ് നിർമാണം

| | |
|---|---|
| പ്രൊജക്ട് നം. | 29/15-16 |
| പദ്ധതി അടങ്കൽ | ₹4,90,000 |
| കരാറുകാരൻ | ശ്രീ. അഹമ്മദ് ആഷിക് |
| കരാർ നം./തീയതി | 78/15-16 തീ : 18.11.15 |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | 07.09.15 |

ജി.ഒ.(പി) 13/2012 PWP/01.02.2012 നമ്പർ ഉത്തരവ് പ്രകാരം 2012-ൽ പുതുക്കിയ കേരള പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് പ്രകാരം കരാറുകാരന് അനുവദിച്ചിരുന്ന സമയം 21.09.15 വരെയായിരുന്നു. എന്നാൽ 18.11.15 നാണ് കരാറുകാരൻ കരാർ വെച്ചിരിക്കുന്നത്. ടി സെക്ഷൻ പ്രകാരം 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ ഒരു ശതമാനം പിഴ (മിനിമം 1,000, മാക്സിമം-25,000/- രൂപ) ഈടാക്കേണ്ടതാണ്. ചെന്നിക്കര ശ്മശാനം വാച്ച്മാൻ ക്യാബിൻ & ടോയ് ലെറ്റ് നിർമാണം എന്ന പ്രവൃത്തിയുടെ കരാർ സമയബന്ധിതമായി വെയ്ക്കാതിരുന്നതിന് പിഴ ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/16.12.16) മറുപടിയായി സെക്ഷനിൽ ജോലി ഭാരം ആയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാർ തുകയുടെ (4,89,683) ഒരു ശതമാനമായ 4,897/- രൂപ പിഴയിനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. പിഴ ഈടാക്കാത്തതിനാൽ മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം 4,897/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നുംദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : കെ.എം.ബാലകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ

ചെലവു വിവരം

വൗ.നം.12/15-16 ₹2,90,000 തീ:31.03.16

വൗ. നം.13/15-16 ₹1,99,107 തീ:31.03.16

എം.ബുക്ക് നം.133/15-16

## **3-18** <u>നഗരസഭയുടെ മിനറൽ വാട്ടർ സപ്ലൈ പദ്ധതി - കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ/സാമ്പത്തിക മിച്ചം ലഭിച്ചതായി കാണുന്നില്ല.</u>

പ്രൊജക്ട് നം. : 305/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.എസ്. മെമ്പർ സെക്രട്ടറി

സ്രോതസ്സ് : പദ്ധതി വിഹിതം -21 ലക്ഷം

വൗച്ചർ നം. : ഇല്ല, തീയതി : 30.03.16

കാസറഗോഡ് നഗരസഭയിൽ, സംസ്ഥാന വനിതാ വികസന കോർപറേഷൻ മുഖേന ചെലവു കുറഞ്ഞ രീതിയിൽ ശുദ്ധീകരിച്ച കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 21 ലക്ഷം രൂപ സംസ്ഥാന വനിതാ വികസന കോർപറേഷന് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മുനിസിപ്പാലിറ്റി വനിതാ വികസന കോർപറേഷനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഉടമ്പടി പ്രകാരം ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 21 ലക്ഷം രൂപ വനിതാ വികസന കോർപറേഷന് നൽകണം. 'ധരണ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് ' എന്ന സ്ഥാപനമാണ് ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ച് വെള്ളം ശുദ്ധീകരിച്ച് 20 ലിറ്റർ ബോട്ടിലുകളിൽ നിറച്ചു നൽകുന്നത്. 20 ലിറ്റർ ബോട്ടിലിന് 10/- രൂപ നിരക്കിൽ കമ്പനി കുടുംബശ്രീക്ക് നൽകേണ്ടതാണ്. കമ്പനി ഓരോ 20 ലിറ്റർ ബോട്ടിലിനും ഒരു രൂപ നിരക്കിൽ നഗരസഭയിൽ ഒടുക്കേണ്ടതാണ്. പത്ത് രൂപയ്ക്ക് ലഭിച്ച ബോട്ടിൽ 20/- രൂപ നിരക്കിൽ വിൽക്കുന്നതാണ് കുടുംബശ്രീ യൂനിറ്റിന്റെ പ്രവർത്തനം. 20 ലിറ്റർ ബോട്ടിലിന്റെ വിൽപന വില 30/- രൂപയായി വർദ്ധിപ്പിക്കാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി വിവിധ അയൽക്കൂട്ടങ്ങളിൽപ്പെട്ട അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പിനെ "ഗ്രൂപ്പ് രൂപീകരണ" യോഗത്തിൽ തെരെഞ്ഞെടുത്തിട്ടുണ്ട്.

| ക്രമ നം. | അംഗത്തിന്റെ പേര് | കുടുംബശ്രീ യൂനിറ്റിന്റെ പേര് |
|---|---|---|
| 1 | ഷക്കീല മജീദ് | ഉപാസന അയൽക്കൂട്ടം |
| 2 | ബേബി | ശ്രീകുറുംബ അയൽക്കൂട്ടം |
| 3 | ഖദീജ | ഉപാസന അയൽക്കൂട്ടം |
| 4 | സാജിദ | നമ: ശിവായ അയൽക്കൂട്ടം |
| 5 | സാഹിറ | ഫിർദാസ് അയൽക്കൂട്ടം |

നിലവിൽ 20 ലിറ്റർ ബോട്ടിലിന്റെ വിൽപനയിൽ 20/- രൂപ കുടുംബശ്രീക്ക് ലഭിക്കുന്നു. ശരാശരി 7036 ബോട്ടിലുകളാണ് ഒരു മാസം വിൽപന നടത്തുന്നത്. (കഴിഞ്ഞ 7 മാസത്തെ കണക്കുകൾ പ്രകാരം) ഇതിൽ നിന്നും ഏകദേശം 1,40,720/- രൂപ പ്രതിമാസം ഗ്രൂപ്പിന് ലഭിക്കുന്നുണ്ട്.

നിലവിൽ കുടുംബശ്രീ ചെയർപേഴ്സൺ ശ്രീമതി ഷക്കീല മജീദ് എന്നയാളാണ് കുടിവെള്ള വിതരണ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. എന്നാൽ യൂനിറ്റ് അംഗങ്ങൾ ആരുംതന്നെ കുടിവെള്ള വിതരണത്തിൽ നേരിട്ട് ഭാഗമാകുന്നില്ല എന്ന് കാണാൻ കഴിഞ്ഞു. കൂലിക്ക് ആളെ വെച്ചും വാടകയ്ക്ക് വണ്ടി ലഭ്യമാക്കിയുമാണ് വെള്ളം വിൽപന നടത്തുന്നത്. ആയതുകൊണ്ടുതന്നെ കുടിവെള്ള വിതരണത്തിൽ നിന്നും ലഭിക്കുന്ന തുക കൂലിയായും വാടകയായും നൽകേണ്ടി വരുന്നു.

കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനും ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനും ആരംഭിച്ച ഈ പദ്ധതിയിൽ ഒരു കുടുംബശ്രീ അംഗത്തിനു പോലും തൊഴിൽ ലഭിച്ചതായി കാണുന്നില്ല.

കൂടാതെ യൂണിറ്റിന്റെ പ്രതിമാസ വരവ് ചെലവ് കണക്കുകൾ ഗ്രൂപ്പ് യോഗത്തിൽ അവതരിപ്പിച്ചതായി കാണുന്നില്ല. കുടിവെള്ള വിൽപനയിലൂടെ ലഭിച്ച മിച്ചം തുക എന്ത് ചെയ്തു എന്ന് വിശദീകരിക്കുകയുണ്ടായില്ല.

നഗരസഭ പദ്ധതിവിഹിതത്തിൽ നിന്നും 21 ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കിയ ഈ പദ്ധതിയിൽ നിന്നും ഒരാൾക്ക് പോലും തൊഴിൽ നൽകാൻ സാധിക്കാതിരുന്നത് പദ്ധതിയുടെ പോരായ്മയായി കാണുന്നു. ദിവസം ശരാശരി 250 ബോട്ടിലുകളുടെ വിൽപന നടത്തിയാൽ തന്നെ 5,000/- രൂപയുടെ വരുമാനം ലഭിക്കുന്നതാണ്. കുടുംബശ്രീ പ്രവർത്തകർ തന്നെ ഈ ജോലി ഏറ്റെടുത്ത് നടത്തിയാൽ നല്ല വരുമാനം ലഭിക്കുന്നതായിരിക്കും

ഈ സാഹചര്യത്തിൽ പ്രവർത്തിക്കാത്ത, നിലവിലുള്ള ഗ്രൂപ്പിനെ മാറ്റി, പ്രവർത്തിക്കാൻ തയ്യാറായ, പ്രാപ്തരായ പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കണമെന്നും കുടിവെള്ള വിതരണം അവരെ ഏൽപിക്കണമെന്നും എല്ലാ മാസവും വരവ് ചെലവ് കണക്കുകൾ ഗ്രൂപ്പിൽ അവതരിപ്പിക്കണമെന്നും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ഒരാൾക്ക് പോലും തൊഴിൽ നൽകാൻ സാധിക്കാത്ത പ്രൊജക്ടിനു വേണ്ടി നടത്തിയ 21 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-19** വാർഡ് സഭ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങിയത് - വാർഡ് സഭ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യാതെ ഗോഡൗണിൽ പൊടിപിടിച്ചു കിടക്കുന്നു :

പ്രൊജക്ട് നമ്പർ : SO246/15 (പദ്ധതി വിഹിതം)

ഫയൽ നമ്പർ : പി2/9445/15

ചെലവ് : ₹2,72,610 (വൗച്ചർ നം.21501555 തീയതി:31.03.2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ : കെ.പി.വിനയൻ,

മുനിസിപ്പൽ സെക്രട്ടറി, കാസറഗോഡ്

ഓഡിറ്റ് എൻക്വയറി നം. : 36, തീയതി :19.12.2016

2015-16 ൽ മേൽ പദ്ധതി പ്രകാരം വാർഡ് സഭ കേന്ദ്രങ്ങൾക്ക് നൽകുന്നതിനായി 2,72,610/- രൂപയുടെ ഫർണിച്ചറുകൾ വാങ്ങുകയുണ്ടായി. എന്നാൽ മുഴുവൻ ഫർണിച്ചറുകളും വാർഡ് സഭകൾക്ക് നാളിതുവരെയായി വിതരണം ചെയ്തിട്ടില്ല. വിതരണം ചെയ്യാത്ത ഫർണിച്ചറുകൾ നഗരസഭയുടെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുകയാണ്. ആകെ വാങ്ങിയ ഫർണിച്ചറുകളുടെയും വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നവയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | വാങ്ങിയ എണ്ണം | വിതരണം ചെയ്തത് | വിതരണം ചെയ്യാതെ ശേഷിക്കുന്നത് | ചെലവ് തുക @എണ്ണം x നിരക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സ്റ്റീൽ അലമാര | 13 | 4 | 9 | 13 x8890 = ₹115570 |
| 2 | എക്സിക്യൂട്ടീവ് ചെയർ | 13 | 4 | 9 | 13 x2890 = ₹37570 |
| 3 | Steel table Nova PU top one side drawn with cup board | 13 | 4 | 9 | 13 x3690 = ₹47970 |
| 4 | ഫൈബർ ചെയർ | 130 | 40 | 90 | 130 x550 = ₹71500 |

ഇക്കാര്യം ഓഡിറ്റ് അന്വേഷണം നം.36 തീയതി : 19.12.2016 മുഖേന നഗരസഭയുടെ ശ്രദ്ധയിൽ പ്പെടുത്തുകയുണ്ടായി. ഇതിന് വാർഡ് സഭാ കേന്ദ്രത്തിൽ ഫർണിച്ചർ ലഭ്യമാക്കണമെന്ന് കൗൺസിലർമാർ ആവശ്യപ്പെടുന്ന മുറക്ക് ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മുഴുവൻ ഫർണിച്ചറുകളും ഉടൻ വിതരണം ചെയ്യേണ്ടതാണ്. വാർഡ് സഭാ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യാൻ വേണ്ടി വാങ്ങിയ ഫർണിച്ചറുകൾ വിതരണം ചെയ്യിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച ₹2,72,610 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-20** പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും വിരമിച്ച ജീവനക്കാരനെ വർഷങ്ങളോളം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത് - സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം.

കാസറഗോഡ് നരസഭയിൽ ക്ലർക്ക്-ബിൽ കലക്ടർ തസ്തികയിൽ മുനിസിപ്പാലിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരൻ വർഷങ്ങളായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നതായി കാണുന്നു. നഗരസഭയിൽ നിന്നും വിരമിച്ച ശ്രീ.ടി.ഭാസ്കരൻ എന്നയാളെയാണ് 12.01.2012 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ബിൽ കലക്ടറുടെ ഒഴിവിൽ നിയമിച്ചിരിക്കുന്നത്.

നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഒഴിവ് വരുന്ന തസ്തികകളിൽ പി.എസ്.സി മുഖേനയാണ് നിയമിക്കേണ്ടിയിരുന്നത്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന, 179 ദിവസത്തേക്ക് നിയമിക്കാവുന്നതാണ്. നിയമനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3 തീയതി : 30.08.2016) ടിയാനെ 04.01.2012 ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചതെന്നും ഒഴിവ് സംബന്ധിച്ച് പലതവണ നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് നിയമനം ജില്ലാ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നാണ് നിലവിൽ നടത്തിവരുന്നത്. 2012 ജനവരി മുതൽ നാളിതുവരെ ജില്ലയിൽ എൽ.ഡി.സി റാങ്ക് ലിസ്റ്റുകൾ

നിലവിലുണ്ടായിരുന്നു. ലിസ്റ്റ് നിലവിലുള്ള കാലയളവിൽ നിയമനങ്ങൾ പി.എസ്.സി. മുഖേന മാത്രമേ നടത്താവൂ എന്നും ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്.

ഈ വർഷവും ഇത് സംബന്ധിച്ച് കർശനമായ ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട് (പരിപത്രം നം.(ഉപ) സി.3/38/2016 ഉഭപവ തീയതി:27.05.2016) ഇതൊന്നും കണക്കാക്കാതെ വർഷങ്ങളോളം ദിവസവേതനാടിസ്ഥാനത്തിൽ (12.01.2012 മുതൽ 2017 ജനുവരിയിലും തുടരുന്നു) നിയമിച്ച അധികൃതരുടെ നടപടി സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

## 3-21 പ്രധാനമന്ത്രി ആവാസ് യോജന ഭവന പദ്ധതി ആരംഭിച്ചിട്ടില്ല :

പ്രൊജക്ടിന്റെ പേര് : പ്രധാനമന്ത്രി ആവാസ് യോജന

പ്രൊജക്ട് നമ്പർ : SO 323/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : കെ.പി.വിനയൻ,

സെക്രട്ടറി, കാസറഗോഡ് നഗരസഭ

നഗര ഗ്രാമ പ്രദേശങ്ങളിലെ എല്ലാ ദരിദ്ര ജനങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച 'പ്രധാനമന്ത്രി ആവാസ് യോജന' എന്ന പദ്ധതിക്കുവേണ്ടി നഗരസഭയുടെ വിഹിതമായ 10 ലക്ഷം രൂപ 30.03.16 ലെ സർക്കാർ ഉത്തരവ് നം.1366/2016/തസ്വഭവ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് വൗച്ചർ നം.21501607 തീയതി :31.03.16 പ്രകാരം കാസറഗോഡ് ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.022001001737) നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത ഭവന പദ്ധതിക്കുവേണ്ടി 166 ഗുണഭോക്താക്കളുടെ പട്ടികയും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഭവന പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ആകെ 3,00,000/- രൂപ നൽകുന്നു. ഇതിൽ 50,000/- രൂപ ഗുണഭോക്തൃ വിഹിതവും, 1.5 ലക്ഷം രൂപ കേന്ദ്രവിഹിതവും, 50,000/-രൂപ വീതം സംസ്ഥാന, നഗരസഭ വിഹിതവുമാണ്. ഭവന നിർമാണ പദ്ധതി എത്രയും വേഗം ആരംഭിച്ച് പദ്ധതി തുക വിനിയോഗിക്കേണ്ടതാണ്.

## 3-22 പുതിയ ബസ് സ്റ്റാന്റിൽ സ്ഥാപിച്ച ഇ ടോയലറ്റ് സംവിധാനം - പരാജയം

ഫയൽ നം.പി.എച്ച്(2) 12174/10

പുതിയ ബസ് സ്റ്റാന്റിൽ 2011 ൽ സിഡ്കോയുടെ നേതൃത്വത്തിൽ ഏകദേശം 4 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് ടോയ് ലറ്റ് സംവിധാനം പരാജയമായിരുന്നു. ടോയലറ്റ് പ്രവർത്തനമാരംഭിച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ തകരാർ സംഭവിച്ചതായി ചുമതലയുള്ള ഉദ്യോഗസ്ഥൻ 17.08.2011 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇ -ടോയ് ലറ്റ് സ്ഥാപിക്കുന്നതിനായി താഴെ വിവരിച്ച പ്രകാരം 2,38,632/- രൂപ നാളിതുവരെയായി ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| എസ്റ്റിമേറ്റ് തുക | : ₹3,57,740.00 |
| സിഡ്കോയ്ക്ക് മുൻകൂർ നൽകിയത് | : ₹2,11,044.00 |
| പ്ലാറ്റ് ഫോറം നിർമാണ ചെലവ് | : ₹24,688.00 |
| വൈദ്യുതി കണക്ഷൻ | : ₹2,900.00 |
| | -------------------- |
| ആകെ | : ₹2,38,632.00 |
| | ============ |

കരാർ ഉടമ്പടി പ്രകാരം അഞ്ച് വർഷ കാലയളവിൽ ഇ-ടോയ് ലറ്റ് അറ്റകുറ്റ പ്രവൃത്തി നടത്തേണ്ട ചുമതല സിഡ്കോയ്ക്കാണ്. സിഡ്കോ സമയാസമയങ്ങളിൽ, നഗരസഭ ശ്രദ്ധയിൽപ്പെടുത്തിയ അറ്റകുറ്റ പ്രവൃത്തികൾ

നടത്താത്തതിനാൽ മുൻകൂർ കഴിച്ചുള്ള ബാക്കി തുക നൽകിയിട്ടില്ല എന്ന് സെക്രട്ടറി വിശദീകരിച്ചു.

എന്നാൽ വർഷങ്ങളായി ഇ-ടോയലറ്റിന്റെ വൈദ്യുതി ചാർജ് നഗരസഭ ഒടുക്കി വരുന്നു. 2015-16 വർഷത്തിൽ പ്രവർത്തിക്കാത്ത ഇ-ടോയ് ലറ്റിന്റെ വൈദ്യുതി കരം ഇനത്തിൽ 2,617/- രൂപ നഗരസഭ ഒടുക്കിയിട്ടുണ്ട്.

ഇ-ടോയ് ലറ്റ് പുതിയ ബസ് സ്റ്റാന്റിൽ തന്നെയോ, മറ്റ് അനുയോജ്യ സ്ഥലത്തോ സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.



പ്രവർത്തന രഹിതമായ ഇ-ടോയ് ലറ്റ്

## 3-23 മെറ്റൽ പ്രൈമർ ഉപയോഗിക്കുന്നില്ല – ഷീറ്റ് റൂഫിംഗ് - തുരുമ്പെടുത്തു നശിക്കുന്നു :

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

നഗരസഭയിൽ 2015-16 ൽ ബിൽ മാറി നൽകിയ താഴെ വിവരിച്ച ഷീറ്റ് റൂഫിങ്ങ് പ്രവൃത്തികൾ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുമായി നേരിട്ട് പരിശോധിച്ചതിൽ റൂഫിങ്ങ് പ്രവൃത്തിയോടനുബന്ധിച്ച് നടത്തിയ ഇരുമ്പ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് പ്രകാരമുള്ള മെറ്റൽ പ്രൈമർ പെയിന്റ് ചെയ്തിട്ടില്ല എന്ന് കാണുകയുണ്ടായി. ഇരുമ്പ് പ്രവൃത്തികൾ തുരുമ്പെടുക്കാതിരിക്കാണ് 'മെറ്റൽ പ്രൈമർ' പെയിന്റ് ഉപയോഗിക്കുന്നത്. 'മെറ്റൽ പ്രൈമർ' പെയിന്റ് ചെയ്തിട്ടുണ്ട് എന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | വനിതാഭവൻ വരാന്ത ഷീറ്റ് റൂഫിംഗ് | വനിതാഭവൻ സ്റ്റെയർകേസ് റൂഫ് കവറിംഗ് | ടി.എ.ഇബ്രാഹിം സ്മാരക ലൈബ്രറി | അണങ്ങൂർ അങ്കണവാടി ഷീറ്റ് റൂഫിംഗ് | ജി.എം.വി.എച്ച്. എസ്.എസ്, തളങ്കര മെയിന്റനൻസ് (ഷീറ്റ് റൂഫിംഗ്) |
|---|---|---|---|---|---|
| ഫയൽ നം. | പി.ഡബ്ല്യു-1-15662/13 | പി.ഡബ്ല്യു.1-34564/13 | പി.2-1960015 | പി.3-22177/14 | പി.3-19582/15 |
| എസ്റ്റിമേറ്റ് | 85,000 | 57,000 | 2,60,000 | 1,10,000 | 7,00,000 |
| സ്രോതസ്സ് | തനത് ഫണ്ട് | തനത് ഫണ്ട് | പദ്ധതി വിഹിതം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

| | | | | | |
|---|---|---|---|---|---|
| കരാറുകരന്റെ പേര് | ടി.എം.ഫായിസ് | ടി.എം.ഫായിസ് | ഷിഹാബുദ്ദീൻ | ഇ.ഐ.മുഹമ്മദ് | എം.എ.ഹസ്സൻകുഞ്ഞ് |
| നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | 7.5% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| എം. ബുക്ക് നം. | 107/14-15 | 101/14-15 | 195/15-16 | 168/15-16 | 162/15-16 |
| അളവ് മൂല്യം | 83,969 | 56,013 | 2,58,425 | 106496-7987 =98509 | 699214 |
| ഈടാക്കിയ നികുതികൾ | 5,039 | 3,361 | 15,505 | 5910 | 41,953 |
| ഈടാക്കിയ പിഴ | 840/- | 560/- | ഇല്ല | ഇല്ല | ഇല്ല |
| കരാറുകാരന് നൽകിയ തുക | 78,090 | 52,092 | 2,42,920 | 92599 | 6,57,261 |
| വൗച്ചർ നം./തീയതി | 09/15-16<br>18.05.15<br>(തനത് ഫണ്ട്) | 26/15-16<br>10.08.15<br>(തനത് ഫണ്ട്) | 26/15-16<br>31.03.16<br>(പദ്ധതി വിഹിതം) | 05/15-16<br>31.03.16<br>(പദ്ധതി വിഹിതം) | 143/15-16<br>28.03.16<br>(പദ്ധതി വിഹിതം) |
| മെറ്റൽ പ്രൈമർ ഉപയോഗിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയ ഇനങ്ങൾ | ഇനം-1, 2, 3 | ഇനം-2, 4, 5 | ഇനം-5, 6 | ഇനം - 2 | ഇനം. - 1, 3 |
| പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ എഞ്ചിനീയരുടെ പേര് | ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ | ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ | ബാബുനന്ദകുമാർ.പി.ടി, അസി. എഞ്ചിനീയർ | ബാബുനന്ദകുമാർ.പി.ടി, അസി. എഞ്ചിനീയർ | ബാബുനന്ദകുമാർ.പി.ടി, അസി. എഞ്ചിനീയർ |

മേൽ പ്രവൃത്തികളിൽ ഇരുമ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് മെറ്റൽ പ്രൈമർ പെയിന്റ് ഉപയോഗിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്. ഇത് പ്രവൃത്തി മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണുന്നു. ഈ സാഹചര്യത്തിൽ ചെലവ് തുക 11,22,962/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം -54 തീയതി : 23.01.2017)

## 3-24 വസ്തു നികുതി കമ്പ്യൂട്ടർവൽകരണം പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു :

പ്രൊജക്ട് നം. : SO94/15

ആകെ ചെലവ് : ₹90,000

നിർവ്വഹണ ഉദ്യോഗസ്ഥൻ : കെ.പി.വിനയൻ, സെക്രട്ടറി കസാറഗോഡ് നഗരസഭ

നഗരസഭയിൽ വസ്തു നികുതി കമ്പ്യൂട്ടർവത്കരണത്തിനായി 2014-15, 2015-2016വർഷങ്ങളിലായി ആകെ ₹90, 000 ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1 | വൗ.നം.21401234/30.03.15 | ₹60,000 |
| 2 | വൗ.നം.21401512/30.03.15 | ₹20,000 |
| 3 | വൗ.നം.21501549/31.03.16 | ₹10,000 |
| | | ₹90,000 |

സർക്കാരിന്റെ 25.09.13 ലെ ജി.ഒ.(ആർ.ടി)നം.2380/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി, സോഫ്റ്റ് വെയർ വഴി ഡാറ്റാ എൻട്രി നടത്താൻ ഉത്തരവായിട്ടുണ്ട്. എന്നാൽ കാസറഗോഡ് നഗരസഭയിൽ കമ്പ്യൂട്ടർവൽകരണം പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്.

01.04.2013 മുതൽ നിലവിൽ വന്ന വസ്തു നികുതി പരിഷ്കരണം നഗരസഭയിൽ നാളിതുവരെ (31.12.2016) നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഡാറ്റാ എൻട്രി പുരോഗമിക്കുന്നു എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതി കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത തിനാൽ വസ്തു നികുതി കമ്പ്യൂട്ടർവൽകരണം പദ്ധതിക്കായി 2015-16 ൽ ചെലവഴിച്ച 10,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 ഭവന നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ സി.ഡി.എസ്.മെമ്പർ സെക്രട്ടറി

നഗരസഭയിൽ 2013-14 മുതൽ 2015-16 വരെ വർഷങ്ങളിൽ വിവിധ ഭവന നിർമാണ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. ബി.പി.എൽ പൊതുവിഭാഗം, വനിതാ വിഭാഗം എന്നിവയാണ് ഭവന പദ്ധതികൾ. ഈ പദ്ധതികളിൽ വിവിധ ഘട്ടങ്ങളിലായി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2013-14 വർഷത്തിൽ ആരംഭിച്ച ഭവന നിർമാണ പ്രവൃത്തി 2016-17 വർഷത്തിലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. ഭവന നിർമാണം പൂർത്തിയാക്കാത്തവരുടെ പട്ടിക താഴെ ചേർക്കുന്നു. ഭവന നിർമാണം പൂർത്തീകരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| 2013-14 -ഭവന നിർമാണം - ബി.പി.എൽ പൊതുവിഭാഗം | | | | |
|---|---|---|---|---|
| ക്രമ നം. | പേര് | ആകെ വിതരണം ചെയ്ത തുക | ബാക്കി നൽകാനുള്ള തുക | നിർമാണത്തിലെ ഘട്ടം |
| 1 | സുബൈർ.പി.എം,<br>S/o.പി.എ.മുഹമ്മദ് (late)<br>നെല്ലിക്കുന്ന്, കടപ്പുറം | 1,50,000/- | 50,000/- | Floor level |
| 2 | അജയകുമാർ.എം.വി.<br>S/o.എം.വി.രാഘവൻ<br>ശ്രീദേവി, പുലിക്കുന്ന്, കാസറഗോഡ് | 40,000/- | 1,60,000/- | Floor level |
| 3 | അബ്ദുൾ ഖാദർ.ജി.പി,<br>സാബിത് മൻസിൽ, നായന്മാർമൂല | 1,50,000/- | 50,000/- | Lintel level |
| 4 | ദേവയാനി, കെ.കെ.നിവാസ്,<br>നെല്ലിക്കുന്ന്, കാസറഗോഡ് | 1,50,000/- | 50,000/- | Lintel level |
| 2013-14- ഭവന നിർമാണം - വനിത | | | | |
| 1 | എൻ.പ്രസന്ന. W/o. എൽ.ശിവരാമൻ,<br>പുലിക്കുന്ന് | 1,50,000/- | 50,000/- | Lintel level |
| 2 | ഉമൈബ, ചാല റോഡ്,<br>വിദ്യാനഗർ | 40,000/- | 1,60,000/- | Floor level |
| 3 | പുഷ്പ.എം.<br>W/o.ആനന്ദ ഭണ്ഡാരി (late),<br>നെല്ലിക്കുന്ന്, അഡപ്പഷെട്ടി ലെയ്ൻ | 1,50,000/- | 50,000/- | Lintel level |
| 4 | രാധ, W/o.പുരുഷോത്തമൻ<br>കടപ്പുറം, അട്ടക്കത്ത്ബയൽ വില്ലേജ് | 40,000/- | 1,60,000/- | Lintel level |
| 5 | സഫിയ മുഹമ്മദ്,<br>പള്ളിക്കാൽ, തളങ്കര | 1,50,000/- | 50,000/- | Lintel level |
| 6 | ജമീല, W/o.അബ്ദുള്ള,<br>ടി.വി.സ്റ്റേഷൻ റോഡ്, കാസറഗോഡ് | 1,80,000/- | 20,000/- | Lintel level |

| | | | | |
|---|---|---|---|---|
| 7 | ഷെക്കീന, W/o.ഷാഫി (late),<br>സിറാമിക്സ് റോഡ്,<br>ഹൊണ്ണമൂല, തെരുവത്ത് | 1,80,000/- | 20,000/- | Lintel level |
| 2014-15 ഭവന നിർമാണം -ബി.പി.എൽ പൊതു വിഭാഗം | | | | |
| 1 | കെ.മൈമൂന,<br>D/o.കുഞ്ഞാമ്മദ് വൈദ്യർ,<br>കട്ട ഹൗസ്, പള്ളിക്കാൽ, തളങ്കര | 40,000/- | 1,60,000/- | Lintel completed |
| 2 | ശാശി.ആർ, W/o. ബാലകൃഷ്ണൻ<br>SCBBM റോഡ്, കടപ്പുറം | 40,000/- | 1,60,000/- | Floor level |
| 3 | മുഹമ്മദ്.കെ.വി,<br>S/o.അബ്ദുള്ള DPC, റഹ്മത് മൻസിൽ,<br>ചാലക്കുന്ന്, വിദ്യാനഗർ | 40,000/- | 1,60,000/- | Floor level |
| 4 | മോഹനൻ.കെ, അണങ്കൂർ ഹൗസ്,<br>ആർ.ഡി.നഗർ, കാസറഗോഡ് | 40,000/- | 1,60,000/- | Floor level |
| 5 | എം.കമറുദ്ദീൻ, തളങ്കര<br>അസ്ഹർ മൻസിൽ റോഡ്, തളങ്കര | 1,50,000/- | 50,000/- | Floor level |
| 6 | അഷറഫ്.സി.പി,<br>S/o.മുഹമ്മദ് കുഞ്ഞി,<br>കടവത്ത്, തളങ്കര | 1,50,000/- | 50,000/- | Lintel level |
| 7 | ശാരദ.കെ, W/o.ഗണേഷ് (late)<br>നെല്ലിക്കുന്ന്, കാസറഗോഡ് | 1,50,000/- | 50,000/- | Main slab |
| 8 | സുബൈദ,<br>W/o.ഹമീദ്<br>തായത്ത് ഹൗസ്, ബെദിര | 40,000/- | 1,60,000/- | Floor level |
| 2014-15 ഭവന നിർമാണം - വനിത | | | | |

| | | | | |
|---|---|---|---|---|
| 1 | ഇന്ദിര,<br>ജെ.പി.നഗർ, അണങ്കൂർ | 40,000/- | 1,60,000/- | Lintel level |
| 2 | സുബൈദ.ടി.എം,<br>ബാങ്കോട്, തളങ്കര | 40,000/- | 1,60,000/- | Floor level |
| 3 | സുഹറ.ടി.കെ,<br>W/o.യൂസഫ് , തളങ്കര | 1,50,000/- | 50,000/- | Main slab |
| 2015-16 ഭവന നിർമാണം -ബി.പി.എൽ പൊതുവിഭാഗം | | | | |
| 1 | പദ്മനാഭൻ S/o.കൃഷൻ,<br>Biopas compound, കാസറഗോഡ് | 40,000/- | | Plinth area |
| 2 | ലത്തീഫ്,<br>S/o.ഹസൈനാർ<br>തായൽ ഹൗസ്, ഫിർദൗസ് നഗർ, കാസറഗോഡ് | 40,000/- | | Lintel level |
| 3 | രാജൻ.എൻ.കെ,<br>S/o.പി.കൃഷ്ണൻ (late),<br>ബങ്കാരകുന്ന്, നെല്ലിക്കുന്ന് | 40,000/- | | Floor level |
| 4 | അനിൽകുമാർ,<br>സിറാമിക്സ് റോഡ്<br>തെരുവത്ത്, കാസറഗോഡ് | 40,000/- | | Lintel completed |
| 5 | ഹേമലത,<br>D/o.ഭാസ്കരൻ<br>കോട്ടക്കണി, കാസറഗോഡ് | 40,000/- | | Main slab |
| 6 | ശാരദ, W/o.നാരായണൻ (late)<br>ചെന്നിക്കര, കാസറഗോഡ് | 40,000/- | | Lintel level |
| 7 | ലത്തീഫ്,<br>S/o.ബീഫാത്തിമ<br>കൊല്ലമ്പാടി, കാസറഗോഡ് | 40,000/- | | Floor level |

| | | | | |
|---|---|---|---|---|
| | | | | |
| 8 | മുഹമ്മദ് അൻസാർ.പി.എ<br>S/o. അബ്ദുൾ റഹ്മാൻ<br>ഹാരിസ് മൻസിൽ,<br>പള്ളം, കൊപ്പൽ | 40,000/- | | Lintel level |
| 9 | സഫിയ, W/o.ബഷീർ<br>വിദ്യാനഗർ | 40,000/- | | Lintel level |
| 10 | ബദറുന്നീസ, W/o.കുഞ്ഞാമദ്<br>ബി.എം.സി ഹൗസ്, വിദ്യാനഗർ | 40,000/- | | Floor level |
| 11 | നാഗേഷ് ഷേണായി ,<br>നിയർ.കെ.എസ്.ഇ.ബി ഓഫീസ്<br>നെല്ലിക്കുന്ന്, കാസറഗോഡ് | 40,000/- | | Floor level |
| 12 | അബ്ദുൾ റഹ്മാൻ,<br>അണങ്കൂർ, തുരുത്തി | 40,000/- | | Floor level |
| 13 | ഷംസീന ഫൈസൽ<br>W/o.മുഹമ്മദ് ഫൈസൽ<br>വിദ്യാനഗർ, ചാല റോഡ് | 40,000/- | | Floor level |
| 14 | ഹസീന.എം.എസ്,<br>W/o.മുഹമ്മദ് അലി<br>സിറാമിക്സ് റോഡ്,<br>തെരുവത്ത്, തളങ്കര | 40,000/- | | Floor level |
| 15 | മുഹമ്മദ് ഷാഫി,<br>S/o .മുഹമ്മദ് സുഹൈബ്<br>സാലി നഗർ, പട്ടേൽ റോഡ്, തളങ്കര | 40,000/- | | Floor level |
| 16 | ടി.ഇ.മുഖ്താർ, ഹാഷിം സ്ട്രീറ്റ്<br>തെരുവത്ത്, 8-ാം മൈൽ,<br>കാസറഗോഡ്. | 40,000/- | | Floor level |

| | | | | |
|---|---|---|---|---|
| 17 | റുമൈസ എസ് യാസിൻ, W/o.യാസിൻ തെരുവത്ത്, 8-ാം മൈൽ, കാസറഗോഡ്. | 40,000/- | | Floor level |
| 18 | മുഹമ്മദ് റാഫി.എസ്, S/o അബ്ദുള്ള ഫിഷ് മാർക്കറ്റ് കുന്ന്, കാസറഗോഡ് | 40,000/- | | Floor level |
| 20 | സുഹറ, സിറാമിക്സ് റോഡ് തളങ്കര, കാസറഗോഡ് | 40,000/- | | Floor level |
| 2015-16 ഭവന നിർമാണം - വനിത | | | | |
| 1 | സുനന്ദ, W/o.കുമാര (late) കൊറക്കോട്, കാസറഗോഡ് | 40,000/- | 1,60,000/- | Main slab |
| 2 | മീരാകുമാരി, W/o.എം.കെ.രമേശൻ അനുപമ, താളിപ്പടപ്പ | 40,000/- | 1,60,000/- | Main Slab |
| 3 | സാംബവി.കെ.വി, സിറാമിക്സ് റോഡ് ഖാസി ലെയ്ൻ, തളങ്കര | 40,000/- | 1,60,000/- | Main Slab |
| 4 | സൈനബ, W/o.അബ്ബാസ് നെല്ലിക്കുന്ന്, കാസറഗോഡ് | 40,000/- | 1,60,000/- | Main Slab |
| 5 | ആമിന W/o.ഇബ്രാഹിം (late) വിദ്യാനഗർ, കാസറഗോഡ് | 40,000/- | 1,60,000/- | Lintel level |
| 6 | സഫിയ.സി.എം, D/o.മാഹിൻ പള്ളിക്കാൽ, തളങ്കര | 40,000/- | 1,60,000/- | Main Slab |

| | | | | |
|---|---|---|---|---|
| 7 | ആത്തിക്ക<br>D/o.അബ്ദുൾ റഹ്മാൻ<br>ആയിഷ മൻസിൽ,<br>ചേരങ്കൈ കടപ്പുറം | 40,000/- | 1,60,000/- | Floor level |
| 8 | ആസിയ<br>W/o.അബ്ദുൾ ഖാദർ<br>തളങ്കര, പടിഞ്ഞാർ | 40,000/- | 1,60,000/- | Floor level |
| 9 | സജിത.എസ്,<br>W/o.ജയരാജൻ<br>കസബ കടപ്പുറം | 40,000/- | 1,60,000/- | Floor level |
| 10 | സഫിയ.സി.എം.,<br>D/o.അഹമ്മദ്.<br>തളങ്കര, സിറാമിക്സ് റോഡ് | 40,000/- | 1,60,000/- | Floor level |

മേൽ വിവരിച്ച ഭവന നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-26 ഓടകൾ വൃത്തിയാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

(ചെലവ് വൗച്ചർ 909/1/16 മുതൽ 927/1/16 വരെ - സെക്രട്ടറി)

2014-15 വർഷം ലഭിച്ച ശുചിത്വ ഫണ്ട് ഉപയോഗിച്ച് മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നഗരസഭയുടെ വിവിധ വാർഡുകളിലെ ഓടകൾ വൃത്തിയാക്കുന്നതിന് വാർഡ് ഒന്നിന് 10,000/- രൂപ വീതം ആകെ 37 വാർഡുകൾക്കായി 3,70,000/- രൂപ നഗരസഭ ജീവനക്കാരായ കെ.പി.രാജഗോപാലൻ, എച്ച്.ഐ, പി.കെ.നാരായണൻ, എച്ച്.ഐ, എന്നിവർക്ക് 2015 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ പി.കെ.നാരായണൻ, എച്ച്.ഐ കൈപ്പറ്റിയ 19 വാർഡുകളിലെ മുൻകൂർ തുകകൾ 2015-16 വർഷം തന്നെ ക്രമീകരിച്ചിട്ടുണ്ട്. (വാർഡ് നം.1 മുതൽ 18 വരെയും 22 ഉം)

ഓടകൾ വൃത്തിയാക്കുന്നതിനായി 10,000/- രൂപയുടെ എസ്റ്റിമേറ്റ് വാർഡ് തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ വൃത്തിയാക്കേണ്ട ഓടകളുടെ പേരും നീളവും വീതിയും ആഴവും കാണിച്ചിട്ടുണ്ട്. വൃത്തിയാക്കേണ്ട ഓടകൾ സംബന്ധിച്ച് വാർഡ് കൗൺസിലർമാരിൽ നിന്നും അപേക്ഷയും സ്വീകരിച്ചിട്ടുണ്ട്.

മുൻകൂർ തുകകൾ ക്രമീകരിച്ചതിന്റെ ഫയൽ പരിശോധിച്ചതിൽ എല്ലാ വാർഡുകളിലെയും ഓടകൾ ആകെ 27 മനുഷ്യദിനങ്ങൾ വീതം ഉപയോഗിച്ചാണ് വൃത്തിയാക്കിയത് എന്ന് കാണാൻ കഴിഞ്ഞു. ഒരാൾക്ക് 377/- രൂപ നിരക്കിൽ ആകെ 10,179/- രൂപയുടെ മസ്റ്റർ റോൾ തയ്യാറാക്കിയിട്ടുണ്ട്.

മേൽ പ്രവൃത്തി നടപ്പാക്കിയതിൽ താഴെ വിവരിച്ച അപാകതകൾ കാണുന്നു.

1. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല
2. പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയതായി വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

വാർഡ് കൗൺസിലറുടെയോ, എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥന്റെയോ സാക്ഷ്യപത്രമില്ലാതെ മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ ഹാജരാക്കിയ മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ മാത്രം ഓടകൾ വൃത്തിയാക്കിയതായി കണക്കാക്കി മുൻകൂർ തുക ക്രമീകരിച്ചത് ശരിയായ നടപടിയല്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താതെ മുൻകൂർ ക്രമീകരിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക 1,90,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-27 വാട്ടർ ചാർജ് - പൊതു വാട്ടർ ടാപ്പുകൾ സംയുക്ത പരിശോധന നടത്തുന്നില്ല

നഗരസഭയിൽ നിലവിൽ ആകെ 198 വാട്ടർ ടാപ്പുകളുടെ ചാർജ് ഇനത്തിൽ ടാപ്പ് ഒന്നിന് വർഷം 7,884/- രൂപ നിരക്കിൽ പ്രതിമാസം 1,30,086/- രൂപ വാട്ടർ ചാർജ് ഒടുക്കി വരുന്നുണ്ട്. എന്നാൽ ഈ പൊതു വാട്ടർ ടാപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് നാളിതുവരെ പരിശോധിച്ചിട്ടില്ല. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി)നം.2242/11 തീയതി :28.09.2011 പ്രകാരം വാട്ടർ ടാപ്പുകൾ സംയുക്ത പരിശോധന നടത്താത്ത സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റി ജീവനക്കാരുമായി സംയുക്ത പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വാട്ടർ ചാർജ് ഒടുക്കുന്ന ഫയൽ പരിശോധിച്ചതിൽ, നഗരസഭ സെക്രട്ടറി 20.02.2016 ന് സംയുക്ത പരിശോധന നടത്തുന്നതിനായി നിർദ്ദേശം നൽകിയതായി കാണുന്നു. എന്നാൽ ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച കാണുന്നില്ല.

2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സംയുക്ത പരിശോധന സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നഗരസഭയോട് നിർദ്ദേശിച്ചിരുന്നെങ്കിലും ആയതു പരിഗണിച്ചു കാണുന്നില്ല. സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന വിവരം ആരാഞ്ഞതിന് (ഓഡിറ്റ് അന്വേഷണം നം,7 തീ.22.09.16) സംയുക്ത പരിശോധന നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കുന്നതിന് നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തീയതി നിശ്ചയിച്ച് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും വെള്ളക്കരം ഇനത്തിലെ ദുർവ്യയം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കാണുന്നു.

## 3-28 ഇന്റർലോക്കിംഗ് ടൈൽ വിരിക്കൽ - കൂടിയ നിരക്കിൽ നിരീക്ഷണ ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

2015-16 സാമ്പത്തിക വർഷം നഗരസഭയിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്കായി ഇന്റർലോക്കിംഗ് ടൈൽ വിരിക്കുന്ന ഇനത്തിന്, 1201.43/എം2 നിരക്കിലാണ് നിരിക്ഷണ ഡാറ്റ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കി കരാറുകാരന് തുക നൽകിയിട്ടുള്ളത്. 2012 SOR (ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ഇന്റർലോക്കിംഗ് ടൈൽ വിരിക്കൽ ഇനത്തിന് നിരീക്ഷണ ഡാറ്റാ തയ്യാറാക്കിയപ്പോൾ surface vibrator/plate vibrator-ന്റെ ദിവസ വാടക "CPWD നിരക്ക് പ്രകാരം" എന്ന് രേഖപ്പെടുത്തി 600/- രൂപ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ CPWD-Analysis of Rates for Delhi-Vol.I 2014 – Item code No.0022- അനുസരിച്ച് surface vibrator- ന്റെ ഒരു ദിവസത്തെ വാടക 400/-

രൂപ മാത്രമാണ്. ഇപ്രകാരം നിരീക്ഷണ ഡാറ്റാ തയ്യാറാക്കിയാൽ ഇന്റർ ലോക്കിംഗ് ടൈൽ പാകൽ എന്ന പ്രവൃത്തിക്ക് m2 ന് 1173.82 രൂപ നൽകിയാൽ മതി.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| 1 എം$^2$ പ്രവൃത്തിക്കുള്ള നിരക്ക് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| നിരീക്ഷണ ഡാറ്റാ -നൽകിയ നിരക്ക് | | | | | നിരീക്ഷണ ഡാറ്റാ നൽകാവുന്ന നിരക്ക് | | | | |
| Materials : | | | | | | | | | |
| 1.05 | Cost of interlocking block | $m^2$ | 516 | 541.80 | 1.05 | Cost of interlocking block | $m^2$ | 516 | 541.80 |
| 0.10 | 6mm metal for filling | $m^3$ | 700 | 70.00 | 0.10 | 6mm metal for filling | $m^3$ | 700 | 70.00 |
| Conveyance | | | | | | | | | |
| 66.00 | Inter locking blocks | 1000 Nos. | 323 | 21.32 | 66.00 | Inter locking blocks | 1000 Nos. | 323 | 21.32 |
| 0.20 | 6mm metal for filling | $m^3$ | 646 | 129.20 | 0.20 | 6mm metal for filling | $m^3$ | 646 | 129.20 |
| Labour | | | | | | | | | |
| 0.10 | Man for laying metal | Each | 377 | 37.70 | 0.10 | Man for laying metal | Each | 377 | 37.70 |
| 0.20 | Tile Paver | Each | 471 | 94.20 | 0.20 | Tile Paver | Each | 471 | 94.20 |
| 0.10 | Special man for assist | Each | 408 | 40.80 | 0.10 | Special man for assist | Each | 408 | 40.80 |
| 0.10 | Women to assist | Each | 377 | 37.70 | 0.10 | Women to assist | Each | 377 | 37.70 |
| 0.120 | Day Hire charges for surface vibraor | Day | 600 | 72.00 | 0.120 | Day Hire charges for surface vibraor | Day | 400 | 48.00 |
| Total | | | | 1044.72 | Total | | | | 1020.72 |
| CP 10% + 5% OH | | | | 156.71 | CP 10% + 5% OH | | | | 153.10 |
| Total | | | | 1201.43 | | | | | 1173.82 |

Surface Vibrator – ന് CPWD നിരക്കിനേക്കാൾ കൂടിയ ദിവസ വാടക ഉൾപ്പെടുത്തി നിരീക്ഷണ ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/01.12.16) മറുപടിയായി പ്രാദേശിക അന്വേഷണം നടത്തിയതിൽ പ്രസ്തുത ഉപകരണത്തിന്റെ ദിവസ വാടക 600/- രൂപയാണെന്ന് അറിയാൻ കഴിഞ്ഞുവെന്നും കാസറഗോഡ് ടി ഉപകരണം ലഭ്യമല്ലാത്തതിനാൽ ദൂരെ

സ്ഥലത്തു നിന്നും കൊണ്ടുവരണമെന്നമാണ് അറിയിച്ചിട്ടുള്ളത് . ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിരീക്ഷണ ഡാറ്റായിൽ Surface Vibrator – ന്റെ വാടക നിരക്കിൽ "CPWD നിരക്ക് " എന്ന് രേഖപ്പെടുത്തുകയും കൂടിയ നിരക്ക് ഉൾപ്പെടുത്തി ഡാറ്റാ തയ്യാറാക്കുകയും ചെയ്തത് ക്രമവിരുദ്ധ നടപടിയാണ്. നഗരസഭയിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളിലായി, ഇന്റർലോക്കിംഗ് ടൈൽ വിരിക്കുന്നതിനായി കൂടിയ നിരക്ക് നൽകിയതുമൂലം നഗരസഭയ്ക്ക് 49,161 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം 3 ആയി കൊടുത്തിട്ടുണ്ട്. ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറുടെ പേര് : ബാബു നന്ദകുമാർ.പി.ടി, അസി. എഞ്ചിനീയർ
എസ്റ്റിമേറ്റ് അംഗീകരിച്ച എഞ്ചിനീയറുടെ പേര് : കെ.എം.ബാലകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ
(ഓഡിറ്റ് അന്വേഷണം നം.49/06.01.2017)

## 3-29 ഐ.എച്ച്.എസ്.ഡി.പി - ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റർഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം പ്രകാരം നഗരസഭയിൽ 168 പേർക്ക് ഭവന നിർമാണത്തിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഓരോ ഗുണഭോക്താവിനും ഗുണഭോക്തൃ വിഹിതം 10,000/- രൂപ ഉൾപ്പെടെ ആകെ 80,000/- രൂപ വീതമാണ് ധനസഹായം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി) നം.1425/2012 എൽ.എസ്.ജി.ഡി തീ:23.05.12 പ്രകാരം ഭവന നിർമാണ ധനസഹായം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.2820/2012 തസ്വഭവ തീ:09.10.2012 പ്രകാരം ധനസഹായ തുക വർദ്ധിപ്പിക്കുന്നതിന് മുൻപായി ആദ്യ ഗഡു/ഗഡുക്കൾ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ബാക്കി ഗഡുക്കൾ ആനുപാതികമായി വർദ്ധിപ്പിച്ച് നൽകാമെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ മേൽ പദ്ധതി പ്രകാരം ഭവന നിർമാണ ധനസഹായം കൈപ്പറ്റിയ താഴെ വിവരിച്ച ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിർമാണ ഘട്ടം |
|---|---|---|---|
| 1 | മഹീന്ദ്രൻ.പി.വി | 40,000 | തറ നിർമാണം |
| 2 | ചന്ദ്രാവതി, W/o.ഗംഗാധരൻ | 40,000 | തറ നിർമാണം |
| 3 | പ്രസന്നകുമാരി, W/o.അശോകൻ | 40,000 | തറ നിർമാണം |
| 4 | പ്രസന്ന ഹരീഷൻ | 70,000 | നിർമാണം പൂർത്തിയായി |
| 5 | ഓമന, W/o.വസന്തൻ | 40,000 | വിവരം ലഭ്യമല്ല |

ഐ.എച്ച്.എസ്.ഡി.പി അക്കൗണ്ടിൽ നിലവിൽ 21,46,135/- രൂപ നീക്കിയിരിപ്പുണ്ട്. മേൽ വിവരിച്ച ഗുണഭോക്താക്കളുടെ ഭവന നിർമാണം പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി പൂർത്തീകരിച്ച്, മിച്ചം തുക ബന്ധപ്പെട്ട വകുപ്പിലേക്ക് തിരികെ ഒടുക്കണമെന്നും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-30 ഖരമാലിന്യ സംസ്കരണ പദ്ധതി - നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2005-06 ൽ മധൂർ പഞ്ചായത്തിലെ കൊല്ലങ്കാന എന്ന സ്ഥലത്ത് 5.46 ഏക്കർ സ്ഥലം വിലക്കെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ആധുനിക രീതിയിലുള്ള ഖരമാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്നും 41,26,000/- രൂപ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിലെ കേളുഗുഡ്ഡെ, മധൂർ പഞ്ചായത്തിലെ കൊല്ലങ്കാന എന്ന സ്ഥലത്ത് നഗരസഭ അക്വയർ ചെയ്ത ഭൂമി എന്നിവിടങ്ങളിൽ വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, വിദ്യാനഗർ ഇൻഡസ്ട്രിയൽ പാർക്ക്, നുള്ളിപ്പാടി 'cattle pound', മുനിസിപ്പൽ ടൗൺ ഹാൾ പ്രദേശം എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ശുചിത്വ മിഷനിൽ നിന്നും 31.03.2012 ൽ 1,16,08,000/- രൂപയും 01.02.13 ന് രണ്ടാം ഘട്ട തുകയായ 48,92,000/- രൂപയും (ആകെ 1,65,00,000/-) ലഭിച്ചിട്ടുണ്ട്.

എന്നാൽ പരിസരവാസികലുടെ എതിർപ്പിനെ തുടർന്ന് നഗരസഭയ്ക്ക് കെളുഗുഡ്ഡെയിലോ കൊല്ലംകാനയിലോ നാളിതുവരെയായി ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്ഥലങ്ങളിലും പ്ലാന്റുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 41,26,000/- രൂപയിൽ 27,39,302/- രൂപ ചെലവഴിച്ച് ഒരു ടിപ്പർ ലോറി, ഒരു ഡമ്പർ പ്ലെസർ, മൂന്ന് കണ്ടെയ്നറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാൻ സാധിക്കാത്തതിനാൽ ടിപ്പർ ലോറി ഒഴികെ മറ്റ് വാഹനങ്ങളും, സാമഗ്രികളും ഉപയോഗിക്കാതെ നശിക്കുകയാണ്.

ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ലഭിച്ച 1,65,00,000/-രൂപയിൽ ഒരു രൂപ പോലും നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഈ തുക നഗരസഭയുടെ പേരിൽ കാനറ ബാങ്കിന്റെ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വർഷാവർഷം ലഭിച്ച പലിശയടക്കം 31.03.2016 ന് ഈ അക്കൗണ്ടിൽ 2,14,66,196/- രൂപ നീക്കിയിരിപ്പുണ്ട്.

ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റ് യാഥാർത്ഥ്യമാക്കാൻ ബദൽ സ്ഥലങ്ങൾ പരിശോധിക്കണമെന്നും, ശ്രമങ്ങൾ തുടരണമെന്നും, ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ധനസഹായം വിനിയോഗിക്കണമെന്നും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-31 റോഡ് പ്രവൃത്തികൾക്ക് എം.ആർ.പി.എൽ- നിന്ന് ബിറ്റുമിൻ വാങ്ങിയത് - ബാക്കി തുക തിരികെ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

നഗരസഭ 2014-15 വർഷത്തെ പദ്ധതിയുടെ ഭാഗമായി റോഡ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ എം.ആർ.പി.എൽ, സീതാംഗോളി ഡിപ്പോയിൽ നിന്ന് വാങ്ങുന്നതിനായി 29.01.2015 ന് മെയിന്റനൻസ് ഫണ്ട് (റോഡ്) വിഹിതത്തിൽ നിന്നും 32,40,138/- രൂപ എം.ആർ.പി.എല്ലിൽ ഒടുക്കിയിട്ടുണ്ട്. (വൗച്ചർ നം.21401237മുതൽ 21401250 വരെയും, 21401564, 21401565തീയതി 29.01.2015). എന്നാൽ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററും, ബിറ്റിൻ ലഭിച്ചതിന്റെ ഇൻവോയ്സുകളും പരിശോധിച്ചതിൽ നാളിതുവരെയായി ആകെ 32,26,793 /- രൂപയുടെ 505 ബാരൽ ബിറ്റുമിൻ മാത്രമേ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളൂ എന്ന് കാണുകയുണ്ടായി. ബിറ്റുമിൻ ലഭിച്ചതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ലഭിച്ച ബിറ്റുമിന്റെ അളവ് | തുക |
|---|---|---|---|
| 1 | DPOI/0000000958/CS/P2/2014<br>തീയതി :20.02.2015 | 60 ബാരൽ | 3,87,656 |

| | | | |
|---|---|---|---|
| 2 | DPOI/0000000948/CS/P2/2014<br>തീയതി :20.02.2015 | 60 ബാരൽ | 3,87,656 |
| 3 | DPOI/0000001007/CS/P2/2014<br>തീയതി :25.02.2015 | 60 ബാരൽ | 3,87,656 |
| 4 | DPOI/0000000973/CS/P2/2014<br>തീയതി :21.02.2015 | 60 ബാരൽ | 3,87,656 |
| 5 | DPOI/0000000996/CS/P2/2014<br>തീയതി :24.02.2015 | 60 ബാരൽ | 3,87,656 |
| 6 | DPOI/0000000994/CS/P2/2014<br>തീയതി :24.02.2015 | 60 ബാരൽ | 3,87,656 |
| 7 | DPOI/0000000997/CS/P2/2014<br>തീയതി :25.02.2015 | 60 ബാരൽ | 3,87,656 |
| 8 | DPOI/0000000050/CS/P2/2015<br>തീയതി :18.04.2015 | 60 ബാരൽ | 3,91,610 |
| 9 | DPOI/0000001024/CS/PO/2015<br>തീയതി :12.03.2016 | 25 ബാരൽ | 1,21,591 |
| | ആകെ | 505 ബാരൽ | ₹32,26,793 |

മേൽ വിവരിച്ചതിൽ നിന്നും എം.ആർ.പി.എൽ 13,345/- രൂപ നഗരസഭയ്ക്ക് തിരിച്ചു നൽകാൻ ബാക്കി നിൽക്കുന്നു എന്ന് കാണാം. ആയത് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-32** വാണിജ്യകെട്ടിടങ്ങൾ പാർക്കിംഗിനായി നിയമാനുസൃതം മാറ്റിവച്ച സ്ഥലം - പാർക്കിംഗിന് പകരം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു - നഗരസഭ നടപടി സ്വീകരിക്കുന്നില്ല

നഗരസഭയിലെ വാണിജ്യ കെട്ടിടങ്ങൾ കെട്ടിട നിർമാണത്തിനുള്ള അനുമതിയിൽ നിയമാനുസൃതം വകയിരുത്തിയ പാർക്കിംഗ് സ്ഥലങ്ങൾ കെട്ടിട നിർമാണത്തിനുശേഷം പാർക്കിംഗിനു പകരം വ്യാപകമായി വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. 1994ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 34 ൽ ഒരു കെട്ടിടം വാഹന പാർക്കിംഗിനായി മാറ്റി വെക്കേണ്ട സ്ഥലം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കെട്ടിട നിർമാണ പെർമിറ്റിനുള്ള അപേക്ഷയിലും പൂർത്തീകരണ സർട്ടിഫിക്കറ്റിലും പാർക്കിംഗിനുള്ള വ്യക്തമായ പ്ലാൻ കെട്ടിട ഉടമ നൽകേണ്ടതുണ്ട്. ഇങ്ങനെ

നിയമാനുസൃതം പാർക്കിംഗിനായി മാറ്റിവച്ച സ്ഥലമാണ് കെട്ടിട നമ്പർ ലഭിച്ചതിനു ശേഷം വ്യാപകമായി ദുരുപയോഗം ചെയ്യുന്നത്. ഇതു മൂലം കച്ചവട സ്ഥാപനങ്ങളിലേക്ക് വരുന്ന വാഹനങ്ങൾ ഭൂരിഭാഗവും റോഡരികിൽ പാർക്ക് ചെയ്യേണ്ടി വരുന്നു. ഇത് നഗരപ്രദേശത്തെ വാഹന ഗതാഗതത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇത് നഗരത്തിൽ ദീർഘനേരത്തെ ഗതാഗതക്കുരുക്കിനും കാരണമാകുന്നു.

പാർക്കിംഗിനായി നിയമാനുസൃതം മാറ്റിവച്ച സ്ഥലങ്ങൾ പാർക്കിംഗിനു തന്നെ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ നിലവിൽ നഗരസഭയിൽ സംവിധാനമില്ല. ഇതു മൂലം പാർക്കിംഗ് സ്ഥലങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചാലും നഗരസഭയ്ക്ക് നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല.

ഈ വിഷയത്തിൽ നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം ആയതിന് തന്നെ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.
ഉദാ :- കെട്ടിട നം.3/89A, 89B, 89C, 89A1, 89B1
ഉടമസ്ഥർ : സമീറ, W/o.നൗഷാദ്, റുബീന, D/o.ഇബ്രാഹിം, തളങ്കര
വാണിജ്യ കെട്ടിട സമുച്ചയം (ഗോൾഡ് പാലസ്)

## 3-33 ടാറിന്റെ അധിക വില -മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതത്തിൽ നിന്നും പിൻവലിച്ച തുക – സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

2014-15 വർഷത്തിൽ നഗരസഭയിലെ വിവിധ റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി 'മെയിന്റനൻസ് ഫണ്ട് (റോഡ്)' വിഹിതത്തിൽ നിന്നും 32,40,138/- രൂപ ചെലവഴിച്ച് 505 ബാരൽ ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. ബിറ്റുമിൻ നൽകിയ പ്രവൃത്തികളുടെ അന്തിമ ബില്ലിൽ നിന്നും ബിറ്റുമിന്റെ ഷെഡ്യൂൾ നിരക്കിലുള്ള തുക ഈടാക്കി ബാക്കി തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. കൂടാതെ ബിറ്റുമിന്റെ മാർക്കറ്റ് വില കണക്കാക്കി മാർക്കറ്റ് വിലയും ഷെഡ്യൂൾ നിരക്കും തമ്മിലുള്ള വ്യത്യാസം പ്രവൃത്തിക്ക് വകയിരുത്തിയ തുകയിൽ നിന്ന് 'excess cost of bitumin' എന്ന ശീർഷകത്തിൽ ബില്ലിനൊപ്പം ട്രഷറിയിൽ നിന്നും പിൻവലിച്ച് തുക നഗരസഭയുടെ തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം., തീയതി | പ്രവൃത്തിയുടെ പേര് | ടാറിന്റെ അധിക വില ഇനത്തിൽ ഈടാക്കിയ തുക | മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയ രശീതി നം., തീയതി |
|---|---|---|---|---|
| 1 | 13/ 18.08.15 | ടൗൺ റോഡ് റീടാറിംഗ് | 42,204 | രശീതി നം.34581 തീയതി :25.08.15 (₹1,95,076) |
| 2 | 11/ 18.08.15 | കേളുഗുഡ്ഡെ ട്രഞ്ചിംഗ് ഗ്രൗണ്ട് റോഡ് റീടാറിംഗ് | 4,706 | രശീതി നം.34581 തീയതി :25.08.15 (₹1,95,076) |
| 3 | 10/ 18.08.15 | പി.എം.എസ് റോഡ് റീടാറിംഗ് | 25,010 | രശീതി നം.34581 തീയതി :25.08.15 (₹1,95,076) |
| 4 | 06/ 18.08.15 | വാർഡ് 12 ലെ വിവിധ റോഡുകൾ | 50,841 | രശീതി നം.34581 തീയതി :25.08.15 (₹1,95,076) |

| | | | | |
|---|---|---|---|---|
| 5 | 08/ 18.08.15 | നെൽക്കള റോഡ് റീടാറിംഗ് | 37,515 | രശീതി നം.34581 തീയതി :25.08.15 (₹1,95,076) |
| 6 | 20/ 18.08.15 | ചാലപള്ളി ചന്ദ്രഗിരി റോഡ് | 14,376 | രശീതി നം.45283 തീയതി :19.09.15 (₹3,10,221) |
| 7 | 19/ 18.09.15 | എൻ.ജി.ഒ. യൂണിയൻ ഓഫീസ് - ഐ.ടി.ഐ റോഡ് | 41,292 | രശീതി നം.45283 തീയതി :19.09.15 (₹3,10,221) |
| 8 | 18/ 18.09.15 | ടി.വി സ്റ്റേഷൻ റോഡ് | 294 | രശീതി നം.45283 തീയതി :19.09.15 (₹3,10,221) |
| 9 | 17/ 18.09.15 | കൊമരാഡി ടെമ്പിൾ റോഡ് | 42,204 | രശീതി നം.45283 തീയതി :19.09.15 (₹3,10,221) |
| 10 | 30/ 18.09.15 | ബാങ്കോട് സിറാമിക്സ് റോഡ് | 14,750 | രശീതി നം.45283 തീയതി :19.09.15 (₹3,10,221) |
| 11 | 31/ 18.09.15 | വാർഡ് 28 ലെ വിവിധ റോഡുകൾ | 41,939 | രശീതി നം.45283 തീയതി :19.09.15 (₹3,10,221) |
| 12 | 23/ 18.09.15 | ടിപ്പുനഗർ ബദിര റോഡ് | 1,03,166 | രശീതി നം.45283 തീയതി :19.09.15 (₹3,10,221) |
| 13 | 17/ 31.03.16 | അണങ്കൂർ പച്ചക്കാട് തുരുത്തി റോഡ് റീടാറിംഗ് | 1,29,739 | രശീതി നം.81396 തീയതി :12.04.16 (₹1,67,047) |
| 14 | 131/ 31.03.16 | കരിപ്പോടി റോഡ് റീടാറിംഗ് | 18,757 | രശീതി നം.79014 തീയതി :22.03.16 (₹22,357) |
| | | ആകെ | ₹5,66,793 | |

മേൽ വിവരിച്ച തുക നഗരസഭയുടെ തനത് വരവല്ല. പകരം മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതത്തിൽ നിന്നും ഈടാക്കിയ തുകയാണ്. ഈ സാഹചര്യത്തിൽ ടി തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ | 29/18.09.2015 (പദ്ധതി വിഹിതം) | 1,31,307/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | -- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ബസ് സ്റ്റാന്റ് നിർമ്മാണം - ഐ.ഡി.എസ്.എം.ടി | 1991-92 | 13,02,000/- | 1,30,200/- | 65,100/- | 12,695/- | 65,100/- |
| ബസ് സ്റ്റാന്റ് നിർമ്മാണം - ഐ.ഡി.എസ്.എം.ടി | 1992-93 | 11,98,000/- | 1,79,700/- | 59,900/- | 17,521/- | 1,19,800/- |
| ബസ് സ്റ്റാന്റ് നിർമ്മാണം - ഐ.ഡി.എസ്.എം.ടി | 1995-96 | 42,00,000/- | 12,60,000/- | 2,10,000/- | 1,26,000/- | 10,50,000/- |
| | | | | | ആകെ | 12,34,900 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,29,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,29,000/- |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,29,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ക്ലീൻ കേരള കമ്പനി (ഇക്വിറ്റി ഷെയർ) - 2000 എണ്ണം@1000 (35501 മുതൽ 37500 വരെ) | 20,00,000/- |
| 2 | കെ.യു.ആർ.ഡി.എഫ്.സി (ഇക്വിറ്റി ഷെയർ)- 290 എണ്ണം@100 (359241 മുതൽ 359530 വരെ) | 29,000/- |
| | ആകെ | 20,29,000/- |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./തീയതി |
|---|---|---|---|---|
| 2009-10 | ഖ: 2-10<br>2-11 | ₹2,760<br>(ഡി & ഒ ഫീസിൽ കുറവായ തുക) | കെ.ടി.രാജേന്ദ്രൻ നായർ<br>എച്ച്.എസ് | 11504104116<br>തീയതി :26.05.15 |
| 2010-11 | ഖ:3-3 | ₹3,489<br>Excess TA bill | ബീഫാത്തിമ ഇബ്രാഹിം<br>കൗൺസിലർ | 11504115262<br>തീയതി :14.10.15 |
| 2012-13 | ഖ:3-3 | ₹3980<br>Comfort station renovation | രമേശൻ പരീക്കൽ<br>മുനിസിപ്പൽ എഞ്ചിനീയർ | 11504121424<br>തീയതി :15.01.16 |
| 2012-13 | ഖ:3-8 | ₹1,800<br>Excess TA bill | എം.ടി.ഗണേശൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11504125238<br>തീയതി :19.02.16 |
| 2013-14 | ഖ:2-1 (3) | 650+159=809<br>Profession Tax | ഡോ.ഭരതേഷ് | 115041267780<br>തീയതി :26.02.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-2 | 2014-15 | 3-7 | ചെയ്യാത്ത പ്രവൃത്തിക്ക് പണം അനുവദിച്ചത് (പാങ്ങോട് അങ്കണവാടി അറ്റകുറ്റപ്പണി) | -- |
| | -- | 2014-15 | 4.1.11 | ഭവന പദ്ധതികൾ നടപ്പായില്ല – ആസ്തികൾ നിഷ്ക്രിയം | -- |
| | -- | 2014-15 | 4.1.15 | നിഷ്ക്രിയ ആസ്തികൾ – ശ്മശാനം മുതൽ ആമ്പുലൻസ് വരെ | -- |
| 2009-10 | 3-7 | 2011-12 | 4.25 | തുക ലഭിച്ചിട്ടും ഖരമാലിന്യ യൂനിറ്റ് യാഥാർത്ഥ്യമായില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹17,37,98,586/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹21,49,74,644/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹88,770/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹13,70,493/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹67,17,370/- |

ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

3-5 (2)490

| ക്രമ നമ്പർ | ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 1 | 2-1 | 28,570 | | 14,285 | ശ്രീ.കെ.പി.വിനയൻ സെക്രട്ടറി |
| | | | | 14,285 | ശ്രീ.കെ.പി.ദിനേശൻ, ആർ.ഒ |
